മലയാളനാട്

ചീഫ് എഡിറ്റർ
എസ്. കെ. നായർ
എഡിറ്റർ
വി. ബി. സി. നായർ

പി. വത്സല

2nd July 1978 Phone: 2825, 3362

ലേഖനം

രാമഭക്തഹനുമാനും കാഞ്ചനസീതയും
നരേന്ദ്രപ്രസാദ്
സദാരതിയും നിത്യാരതിയും
കുഞ്ഞുണ്ണി
സാഹിത്യവാരഫലം
എം. കൃഷ്ണൻനായർ

കവിത

അകലങ്ങളിൽ തിളക്കം
പി. ടി. അബ്ദുറഹിമാൻ
ഛായാചിത്രങ്ങൾ
പുനൂർ കെ. കരുണാകരൻ

കഥ

എന്നേക്കുമായി നഷ്ടപ്പെട്ടന്ന
തീരങ്ങൾ
ഏ വി. എം. നാരായണൻ
വികലാംഗ
കെ. ബാലകൃഷ്ണൻ
കരയാൻ മറന്നുപോയ കാമുകന്റെ കഥ
ഉഷ്ണി ജി നാടേഷ്
ഒറ്റയാന്റെകൂടെ ഒരു രാത്രി
കേയെൽ. ആസ്സാം

നോവൽ

ഈ നായ്ക്കളുടെ ലോകം
കാക്കനാടൻ
ഭ്രാന്ത്
പത്മൻ
കനൽ
പി. വത്സല

സ്ഥിരം പംക്തികൾ

സിനിമ
എം.
കരിഞ്ഞുപറുന്ന കാടിനിമാർ
എസ്. ബി.
മുഖഭാഗചിത്രങ്ങൾ
വി. ബി. സി. നായർ

മുഖചിത്രം
ഫോട്ടോ: ആൻറണി ഈസ്റ്റ്മാൻ

ശവം പുഷ്പം പോലെ വിടരുന്നു

"റിവോൾട്ടിങ്" — Revolting — എന്ന ഇംഗ്ലീഷ് വാക്കിനു കൃത്യമായ, ബീഭത്സജനകം, ഗർഹണീയം എന്നൊക്കെ ഭാഷാന്തരീകരണം നല്കാം. എങ്കിലും റിവോൾട്ടിങ് എന്ന വാക്കിന്റെ ശക്തി അവയ്ക്കില്ല. ഈ ലോകത്തു റിവോൾട്ടിങ്ങായി പലതുമുണ്ട്. ചിലതു പറയാം. യൗവനം കഴിഞ്ഞിട്ടും ഗർഭത്താൽ വയറു വീർപ്പിച്ച് ഓഫീസിൽ പോകുന്നവൾ. നരച്ച തലമുടിയിൽ റോസാപ്പൂ ചൂടുന്ന വൃദ്ധ; അമ്പത്തിയഞ്ചു വയസ്സുകഴിഞ്ഞിട്ടും ലിപ്സ്റ്റിക്കിടുന്ന കിഴവി; (ഇവരെ ഇന്നു ഞാൻ കണ്ടു) ലജ്ജിക്കുന്ന വൃദ്ധ; കിഴവനായിട്ടും കാമചാപല്യം കാണിക്കുന്നവൻ; കാലത്തു തിടുക്കത്തിൽ ഓഫീസിൽ പോകാൻ ഭാവിക്കുമ്പോൾ വീട്ടിൽ കയറിവ

വ്യക്തിയുണ്ട്. നമ്മുടെ വീട്ടിൽവന്നു താമസിക്കുന്ന അന്യൻ. അവനെന്തു യോഗ്യനായാലും അവന്റെ ദർശനം റിവോൾട്ടിങ്ങത്രെ. കുടുംബത്തിന്റെ രഹസ്യതയെ അല്ലെങ്കിൽ ഉപ്പുഭാവത്തെ ഈ വ്യക്തി തകർക്കുന്നു എന്നതുകൊണ്ടാണ് അവന്റെ ദർശനം വിദ്വേഷമുളവാക്കുന്നതു്. സ്ഥിരമായി താമസിക്കേണ്ടതില്ല. ചിലർ വീട്ടിൽവന്നാൽ "ചേട്ടാ, ചേച്ചി, അനുജാ" എന്നൊക്കെ വിളിച്ചുകൊണ്ട് പറഞ്ഞു അടുക്കളയിലേക്കു വരുമല്ലോ. ഭവനത്തിന്റെ പാവനരായ രഹസ്യതയെ ഭഞ്ജിക്കുന്ന ഇക്കൂട്ടരും നിഷിദ്ധന്മാർതന്നെ. നിത്യജീവിതത്തിൽ ജുഗുപ്സാജനകമല്ലാതെ ഇവർ സാഹിത്യത്തിലേക്കു കടക്കുമ്പോൾ ആരാധ്യരായി മാറുന്നു. മനുഷ്യർ മാത്രമല്ല ചിഞ്ഞുനാറുന്ന ശവംപോലും സാഹിത്യത്തിലേക്കു കടക്കുമ്പോൾ സൗന്ദര്യമാവഹിക്കുന്നു. ഗ്രീഷ്മകാലത്തു് ഒരു പ്രഭാതത്തിൽ വഴിവക്കിൽക്കിടന്ന ശവത്തെ ബോദ്ലേർ വർണ്ണിക്കുന്നുണ്ട്.

(ലേ ഫ്ളോയർ ദു മൽ എന്ന കാവ്യസമാഹാരം) ഒരു ഭാഗമിതാ:

The son was shining on that rotten meat as if to roast it to a turn, and to render a hundred fold to Nature all that she had brought together; while the sky looked down on that proud carcass, watching it blossom like a flower, and the stench was so strong that you all but fainted on the grass. — ബീഭത്സജനകമാണ് ഇവയിൽ പലതും. എങ്കിലും അഴകിയ ആ ശവം പുഷ്പംപോലെ വികസിക്കുന്നുവെന്നു കവി പറയുമ്പോൾ നിന്ദ്യമായതെല്ലാം പൊട്ടുന്നവേ അപ്രത്യക്ഷമാകുന്നു; സഹൃദയന് ആഹ്ലാദിക്കുന്നു. കാമുകിയുടെ വായ്ക്കകത്തു നിറഞ്ഞുനില്ക്കുന്ന മുന്തിരിച്ചാറു് കാമുകൻ ചുണ്ടുകൾകൊണ്ടു വലിച്ചെടുത്തു സന്തോഷം വായിലേക്കു് ആക്കുന്നതിനെ മോപസാങ് വർണ്ണിച്ചിട്ടുള്ളതു് ഈ സന്ദർഭത്തിൽ എനിക്കോർമ്മവരുന്നു. തുപ്പൽ ആശ്ലേഷയോഗ്യം നിന്ദ്യമാണല്ലോ. പക്ഷേ ബോദ്ലേർ Like a stream swollen by the melting of roaring glaciers, when the saliva in your mouth brims to the tip of your teeth, I fancy I am sipping a Bohemian wine ... ... എന്നു തുപ്പലിനെ വർണ്ണിക്കുമ്പോൾ അതു ബീഭത്സജനകമാണെന്നു ആരു പറയും?

ഹരിണമിഴിദന്താനന്ദജ്യോത്സ്നാർദ്ര
പൂരികഴൽ നിന്നിളിച്ചു
ചിന്നിടുമ്പോൾ
കരുകിൽ ചിതറും ശരന്നക്ഷത്രങ്ങൾ
പരിചുവഹിച്ചു,

സീതാശ്ലോകമാസ്വദിക്കുന്നതുപോലെ നീ അങ്ങനെയുള്ള കീറത്തലയണ "റിവോൾട്ടിങ്" ആണെന്നു് ആക്ഷേപിക്കുകയില്ല. ഉദ്ഗ്രഥനാത്മകമായ ഭാവനാശക്തിയുടെ വിലാസം എന്നല്ലാതെന്തു പറയാൻ! കുങ്കുമം വാരികയിൽ ശ്രീമതി രമാമേനോൻ എഴുതിയ "പാടകളുള്ള ഒരു മകൻ" എന്ന ചെറുകഥയിൽ ഭവനരഹസ്യതയെ ഭഞ്ജിക്കുന്ന ഒരു ചെറുപ്പക്കാരനെ അവതരിപ്പിച്ചിരിക്കുന്നു. സാഹിത്യത്തിലായതുകൊണ്ടു് അവന്റെ സാന്നിദ്ധ്യം അനാദരണീയമല്ല അച്ഛനും അമ്മയും അവരുടെ കൂട്ടികളൊക്കെ പ്രായമായപ്പോൾ പലവഴിക്കും പോയി. ദമ്പതികൾ തനിച്ചായി. ഏകാന്തതകൊണ്ടുള്ള ദുഃഖമവർക്കു്. അങ്ങനെയിരിക്കെ ഒരപരിചിതൻ അവരുടെ വീട്ടിൽ താമസമാകുന്നു അയാൾ അവരുടെ മകനെപ്പോലെ പെരുമാറുന്നു. ദമ്പതികൾക്കു് ആഹ്ലാദം, സംതൃപ്തി. അയാൾക്കും അങ്ങനെതന്നെ. കഥയെങ്ങനെ? നല്ല കഥയാണോ? അല്ല. മോശമായ കഥയാ? അതുമല്ല. ഒരു കഥ അത്രേയുള്ളു. ഭാഗ്യമായി, രമാമേനോൻ വായനക്കാരെ ഉപദ്രവിക്കുന്നില്ലല്ലോ. കഥയുടെ ഭാവശില്പത്തിനു തീവ്രതയുണ്ടായിരുന്നെങ്കിൽ ഇതു് നല്ല കഥയായി കരുതപ്പെടുമായിരുന്നു. നമ്മുടെ പല കഥാകൃത്തുക്കളും നഗരത്തിൽ തമിഴന്മാർ നടത്തുന്ന ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങൾ പോലെയാണ്. ഉച്ചയ്ക്കു മിച്ചംവരുന്ന ചോറു് വൈകുന്നേരം മുത്തപ്പമായി മാറുന്നു. അതിൽ വേകാത്ത ഉള്ളിക്കഷണങ്ങൾ ധാരാളം. ഓക്കാനമുണ്ടാക്കുന്ന കാപ്പിയും ചായയും. ഈച്ചയരിച്ചുകൊണ്ടിരിക്കുന്ന മധുരപലഹാരങ്ങൾ. ഒന്നുതൊടാനില്ല. അവരുടെ സാഹിത്യത്തിനേറെയും സിനിമയുടേയും "സ്റ്റാൻഡേർഡ്" തന്നെയാണ് ഭക്ഷണസാധനങ്ങൾക്കും. നമ്മൾ ചെന്നുകയറിയയുടനേതന്നെ മാന്യദ്രോശ്യൻ ഓർഡർചെയ്യുന്നു "സാദായോ സ്വെഷലോ"എന്നു ചോദ്യം സ്വെഷൽ എന്നു പറഞ്ഞാൽ രണ്ടടി നീളത്തിൽ ഒരു സാധനം പുരട്ടി മേശപ്പുറത്തുകൊണ്ടുവയ്ക്കുന്നു. എച്ചിൽവീണ വൃത്തികേടായ മേശപ്പുറത്തു രണ്ടാറും തൊട്ടിരിക്കും. അതും ഉച്ചയ്ക്കു മിച്ചംവന്ന ചോറാണെന്നു മനസ്സിലാക്കാതെ നാം മുറിച്ചെടുത്തു് പാത്രം തുറന്നിട്ടിരുന്നതിനാൽ ഈച്ച കാഷ്ഠിച്ച ചമ്മന്തിയിൽ മുക്കിത്തിന്നുന്നു. ജീവിതഖണ്ഡമെടുത്തു ചെറുകഥയാക്കുന്ന നമ്മുടെ സാഹിത്യകാരന്മാർക്കു് ആ ജീവിതഖണ്ഡം ഉച്ചയ്ക്കു മിച്ചംവന്ന ചോറാണു്. അതു വൃത്തികേടായി സഹൃദയർക്കു തോന്നുന്നു. രമാമേനോൻ മിച്ചംവന്ന ചോറു മുത്തപ്പവും ദോശയുമുണ്ടാക്കാൻ എടുക്കുന്നതു് ശ്രദ്ധായുതമായ അരിമാവുതന്നെ. പക്ഷേ, പാചകവിദ്യ നല്ലപോലെ അഭ്യസിച്ചിട്ടില്ലാത്തതിനാൽ അവർ നിർമ്മിച്ച പലഹാരത്തിനു സ്വാദില്ലെന്നുമാത്രം.

സ്പാർട്ടാക്കസ്

ഇങ്ങനെയൊക്കെ എഴുതുമ്പോഴാണ് ഈ ലേഖകൻ "കൊച്ചുവർത്തമാനം" നടത്തുന്നതെന്നു് ചില പണ്ഡിതാഭാസന്മാർ പറയുന്നതു്. ഇതു small talk തന്നെ. സമ്മതിച്ചു അതു സമ്മതിച്ചാലും ചിലർ വിടില്ല. ഹേയ് സാഹിത്യവാരഫലമോ? "കൊച്ചുവർത്തമാനം" എന്നാണ് അവരുടെ ഉദീരണം. ഞാൻ വിദ്യാർത്ഥിയായിരുന്നപ്പോൾ ഇങ്ങനെ കവിതകൾ എഴുതുന്നവനായിരുന്നു. കീറ്റ്

സാഹിത്യവാരഫലം

എം. കൃഷ്ണൻനായർ

സിന്റെ പല കാവ്യങ്ങളും തർജ്ജമചെയ്ത് പ്രസന്നകേരളം വാരികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇൻറർമീഡിയററ് ജയിച്ചയുടനെ മലയാളം പഠിക്കാനല്ല പോയതും. കെമിസ്ട്രി ഐച്ഛികവിഷയമായി സ്വീകരിച്ച് ബി. എസ്സ്സി-ക്ലാസ്സിൽ ചേർന്നു. കേരളപാണിനീയത്തിലെ ചില തെറ്റുകൾ ചൂണ്ടിക്കാണിച്ചു ഞാൻ അക്കാലത്ത് ചില ലേഖനങ്ങൾ എഴുതി. "മലയാളരാജ്യ"ത്തിൽ ആ പ്രബന്ധങ്ങൾ വായിച്ച ഡോക്ടർ ഗോദവർമ്മ എന്നെ നിർബ്ബന്ധിച്ച് മലയാളംക്ലാസ്സിൽ ചേർത്തതാണ്. എന്നെപ്പോലെ മലയാളം പഠിക്കാൻ നിർബ്ബന്ധരായവർ വേറെ പലരുമുണ്ട്. പക്ഷേ, ഞങ്ങളുടെക്ലാസ്സിലുള്ള പലരും വേറെ വിഷയങ്ങൾക്ക് അഡ്മിഷൻ കിട്ടാതെ at least Malayalam എന്നമട്ടിൽ മലയാളത്തിനു വന്നവരാണ്. അവർ എം. എ. ജയിച്ചുകഴിഞ്ഞാൽ പൊട്ടന്നനവേ സാഹിത്യകാരന്മാരാകും, പണ്ഡിതന്മാരാണെന്നു ഭാവിക്കും. അങ്ങനെയുള്ള ഒരാൾ "സാഹിത്യവാരഫലം" നിരൂപണമേയല്ലെന്നു് അടുത്തകാലത്തു പ്രസംഗിച്ചുകളഞ്ഞു. അദ്ദേഹത്തെ റോഡിൽവച്ചുകണ്ടപ്പോൾ ഞാൻ പറഞ്ഞു:—"ക്ലൂട്ടകാരാ ഇതു നിരൂപണമോ, വിമർശനമോ അല്ലെന്നു് ഞാൻതന്നെ പറയുന്നതുണ്ടല്ലോ. പിന്നെ എന്താണു് പരാതി? ഞാൻ ദേശാഭിമാനിയിലും മാതൃഭൂമിയിലും കലാകൗമുദിയിലും ഒട്ടൊക്കെ പ്രസിദ്ധങ്ങളായ ലേഖനങ്ങൾ എഴുതുന്നുണ്ടല്ലോ?" മലയാളം എമ്മേക്കാരൻ മറുപടി നൽകി:—"ഇതു നിരൂപണമാണെന്നു് വിദ്യാർത്ഥികൾ തെറ്റിദ്ധരിച്ചിട്ടുണ്ട്. ആ തെറ്റിദ്ധാരണ മാറ്റാനാണു് ഞാനങ്ങനെ പ്രസംഗിച്ചതു്" എന്തൊരു പരോപകാരതല്പരതപം! എന്തൊരു സാധുജനസേവനതല്പരതപം! അതുകൊണ്ടു് കൊച്ചുവർത്തമാനം തൽക്കാലം നിറുത്തി ഗൗരവമുള്ളകാര്യങ്ങളെക്കുറിച്ചു പറയട്ടെ.

ജ്ഞാനത്തിനുവേണ്ടിയുള്ള ജ്ഞാനമാർജ്ജിക്കൽ പാശ്ചാത്യദേശത്തുണ്ടു്. ഞങ്ങനെ കൗതുകമാർന്നവർ ഗവേഷണത്തിൽ മുഴുകുന്നു. അവർ തങ്ങളുടെ ജ്ഞാനം മറ്റുള്ളവർക്കും പ്രയോജനപ്പെടട്ടെ എന്നു കരുതി പഠിപ്പിക്കാനും പോകാറുണ്ടു്. നമ്മുടെ നാട്ടിലെ രീതി അതല്ല. ഇവിടെ പി. എച്ച്. ഡി. ഡിഗ്രി സമ്പാദിക്കാൻ യുവാക്കന്മാർ ശ്രമിക്കുന്നതു് ജോലികിട്ടാൻവേണ്ടിയാണു്, രണ്ടോ, മൂന്നോ കൊല്ലം ശ്രമിച്ചാൽ ബുദ്ധിശക്തിയിൽ വളരെ പിറകിൽനിൽക്കുന്നവർക്കും ആ ഡിഗ്രി കിട്ടുമെന്നായിട്ടുണ്ടു്. ഡി. ലിറ്ററിന്റെയും സ്ഥിതി അതുതന്നെ തെറ്റുകൂടാതെ ഒരു വാക്യംപോലും എഴുതാൻ അറിഞ്ഞുകൂടാത്തവർ പിഎച്ച്. ഡി. സമ്പാദിക്കാറുണ്ടു്. അങ്ങനെയുള്ള പലരെയും എനിക്കു നേരിട്ടറിയാം. ഭാഷയേയും സാഹിത്യത്തേയും ഇങ്ങനെ വയറുപിഴപ്പിനുള്ള മാർഗ്ഗമാക്കുന്നവരെ കളിയാക്കിക്കൊണ്ടു് ഡനസ്കൊ Gap എന്ന പേരിൽ മനോഹരമായ ഒരു നാടകം രചിതിയിട്ടുണ്ടു്. യവനിക ഉയരുമ്പോൾ അക്കാഡമിഷ്യന്റെ (academician) ഭാര്യയേയും അദ്ദേഹത്തിന്റെ സ്നേഹിതനെയും നാം കാണുന്നു. ഭയജനകമായ ഒരു വാർത്ത അക്കാഡമിഷനെ അറിയിക്കാനാണു് സുഹൃത്തു് അവിടെ എത്തിയിട്ടുള്ളതു്. അതറിഞ്ഞ ഭാര്യ ബോധംകെട്ടുവീണു. വാർത്ത പുത്രിയിൽ വരാതിരുന്നെങ്കിൽ എന്നാണു് അവളുടെ ആഗ്രഹം. അതിനു സുഹൃത്തു് ഒരു മാർഗ്ഗം നിർദ്ദേശിക്കുന്നു:—"വാതിലടയ്ക്കു ടെലഫോൺ കൈയിലെടുക്കരുതു്. വാർത്ത പരന്നെന്നുവരും അതുകൊണ്ടു് ഇവിടംവിട്ടു് ഗ്രാമപ്രദേശത്തേക്കു പോകൂ. രണ്ടുമാസം കഴിഞ്ഞു് തിരിച്ചുവരൂ. ആളുകൾ എല്ലാം മറക്കുന്നവരാണു്." അവർ ഇങ്ങനെ സംസാരിച്ചുകൊണ്ടുനിന്നപ്പോൾ അക്കാഡമിഷൻ എത്തി. കൂട്ടുകാരൻ ഭയങ്കരമായ വാർത്ത നൽകി. അക്കാഡമിഷൻ ബക്കലോറിറ്റ്പരീക്ഷയിൽ തോറ്റു. (baccalaureate examination) അണ്ടർ ഗ്രാജുവേറ്റ് പഠനം പൂർത്തിയായാൽ ചില കാളേജുകളോ സർവ്വകലാശാലകളോ നൽകുന്ന ഡിഗ്രിയാണു് ബക്കലോറിറ്റ് ഡിഗ്രി. അക്കാഡമിഷൻ ഓക്സ്ഫോർഡിലും സോർബോണിലും അമേരിക്കൻ സർവ്വകലാശാലകളിലും പ്രഭാഷണങ്ങൾ നിർവഹിച്ചിട്ടുള്ള മഹാവ്യക്തിയാണു്. അദ്ദേഹത്തിന്റെ കൃതികളെ ആസ്പദമാക്കി പത്തിനായിരത്തിലേറെ പിഎച്ച്. ഡി. തീസിസുകൾ എഴുതപ്പെട്ടിട്ടുണ്ടു്. നൂറുക്ക

അനുഭവതീക്ഷ്ണമായ
ഒരുജ്ജ്വലകലാസൃഷ്ടി

ഉണ്ണിക്കൃഷ്ണൻപുത്തൂരിന്റെ

"മനുഷ്യാ അഹങ്കരിക്കരുതു്"

മലയാളസാഹിത്യത്തിൽ, കോളിളക്കം സൃഷ്ടിച്ച 'ആനപ്പക'യ്ക്കുശേഷമുള്ള ശക്തവും തീവ്രവുമായ നോവൽ

മലയാളനാടു് വാരികയിൽ

പ്രസിദ്ധീകരണമാരംഭിക്കുന്നു

ണക്കിനു വിമർശകർ അദ്ദേഹത്തിന്റെ കൃതികൾ അപഗ്രഥിച്ചിട്ടുണ്ട്. എത്രയെത്ര യൂണിവേഴ്സിറ്റികളാണ് അദ്ദേഹത്തിനു മാനദ്, ഡിഗ്രികൾ കൊടുത്തിട്ടുള്ളത്! മൂന്നു തവണ അദ്ദേഹത്തിനു നോബൽ സമ്മാനം കിട്ടി. സ്വീഡനിലെ രാജാവ് ഈ അക്കാഡമിഷന്റെ പാണ്ഡിത്യം കണ്ട് അമ്പരന്നു. അങ്ങനെയുള്ള അദ്ദേഹത്തിനു് ഒരു ടെക്നിക്കൽ ഒബ്ജക്ഷൻ മാറാൻവേണ്ടി ബക്കലോറിറ്റ് പരീക്ഷ എഴുതേണ്ടിവന്നു. കൊച്ചുകുട്ടികൾ നിസ്സാരമായി ഒന്നാം ക്ലാസ്സ് വാങ്ങി ജയിക്കുന്ന പരീക്ഷ. എന്നാൽ അദ്ദേഹം അതിൽ പരാജയപ്പെട്ടു! അദ്ദേഹത്തിനു കണക്കിനു കിട്ടിയ മാർക്ക് പൂജ്യം. ഗ്രീക്കിനു് പൂജ്യം. ലാറ്റിനു പൂജ്യം. കോമ്പോസിഷനു മാത്രം 900 മാർക്ക് കിട്ടി. പക്ഷേ, രണ്ടായിരം മാർക്കിൽ ആയിരം മാർക്ക് കിട്ടിയാലേ ജയിക്കൂ. അങ്ങനെ അക്കാഡമിഷൻ തോറ്റു. ബക്കലോറിറ്റ് പരീക്ഷ ജയിക്കുന്നതുവരെ സർവ്വകലാശാല അദ്ദേഹത്തിന്റെ എം. എ. ഡിഗ്രി സസ്പെൻഡ് ചെയ്തുവച്ചിരിക്കുകയാണു്. പരീക്ഷയ്ക്കുള്ള ഒരു ചോദ്യം "Discuss the influence of Renaissance painters on the novelists of the Third Republic" എന്നതായിരുന്നു. അതിനു അക്കാഡമിഷൻ എഴുതിയ ഉത്തരം തികഞ്ഞ അസംബന്ധമായിരുന്നു. കുട്ടികാരൻ ഉത്തരക്കടലാസ്സിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി കൊണ്ടുവന്നിട്ടുണ്ട്! "The trial of Benjamin: After Benjamin was tried, and acquitted. the assessors holding different opinion from that of the President murdered him and...." ഇതു അസംബന്ധമാണെന്നു് ഭാര്യ ചൂണ്ടിക്കാണിച്ചപ്പോൾ താൻ ഒരുപക്ഷേ, രണ്ടാമത്തെ ചോദ്യത്തിനായിരിക്കാം ഉത്തരമെഴുതിയതു് എന്നായി അക്കാഡമിഷൻ. ചോദ്യം ഒന്നേ ഉണ്ടായിരുന്നുള്ളൂ എന്ന സത്യം കുട്ടികാരൻ ചൂണ്ടിക്കാണിച്ചു. ഈ ഉത്തരത്തിനാണു് 900 മാർക്ക് കിട്ടിയതു്. പരീക്ഷയുടെ ചെയർമാനെ ഫോണിൽ വിളിച്ചു് സാഹചര്യം വിശദീകരിക്കാൻ ശ്രമിച്ചു അക്കാഡമിഷൻ. ഫോണെടുത്തതു് ചെയർമാന്റെ മകനാണു്; കൊച്ചുകുട്ടി. അവൻ പറഞ്ഞു, ക്ലാസ്സിൽ ഏറ്റവും മണ്ടനായ ഒരുവനോടു സംസാരിക്കാൻ ആഗ്രഹിക്കുന്നില്ലെന്നു്. ഇതുകേട്ടു് അക്കാഡമിഷൻ തകർന്നടിയുമ്പോൾ നാടകം അവസാനിക്കുന്നു. പൊള്ളയായ പിഎച്ച്ഡി, ഡി. ലിറ്റ് ബിരുദങ്ങളെയും അവയുടെ ഉടമസ്ഥരെയും അവഗണിച്ചവരെയും കളിയാക്കുന്ന ഈ നാടകം ചേതോഹരമായിട്ടുണ്ട്. ലോകമെമ്പാടുമുള്ള ഡോക്ടറന്മാരെയാണു ഈ നാടകം പരിഹസിക്കുന്നതെങ്കിലും ഇതു കൂടുതലും യോജിക്കുന്നതു് കേരളത്തിലുള്ളവർക്കാണു്. കേരളത്തിൽ മിടുക്കന്മാരില്ല എന്നല്ല എന്റെ പക്ഷം. ധാരാളം പേരുണ്ടു്. പക്ഷേ, ഓരോ വ്യക്തിയുടെയും കഴിവു് മനസ്സിലാക്കി അവരുടെയെല്ലാം ആ കഴിവിനു യോജിച്ച രീതിയിലുള്ള പ്രവർത്തനപഥം സർക്കാരും സർവകലാശാലയും കണ്ടെത്തിച്ചു കൊടുക്കണം. ഇല്ലെങ്കിൽ അക്ഷരമറിയാത്തവൻ എച്ചു് ഡിയും ഡിലിറ്റും ഭേസി നടക്കും. ചിലർ ഉന്നതസ്ഥാനങ്ങളിൽ കയറിപ്പറ്റും. കഴിവുള്ളവർ ചവിട്ടി പുറന്തള്ളപ്പെടും.

ലൈംഗികതയെന്ന അർബുദം

ഒരു ചെറുകഥയോ കവിതയോ വായിക്കുമ്പോൾ ഞാൻ എന്നോടു ചോദിക്കുന്ന ചോദ്യം What do I gain from reading this story or poem എന്നാണു്. എനിക്കൊന്നും നേടാൻ കഴിഞ്ഞില്ലെങ്കിൽ ആ പാരായണംകൊണ്ടു് പ്രയോജനമൊന്നുമില്ല. മലയാളനാട്ടിലെ "എന്റെ ഭാര്യക്കു തീരെ ചെറുപ്പമായ അവൾക്കമിടയിൽ" എന്ന കഥ (ഇ. വി. രാമകൃഷ്ണൻ എഴുതിയതു്) എന്നെസ്സംബന്ധിച്ചിടത്തോളം നിഷ്പ്രയോജനമാണു്. "ഞാൻ ഒന്നൊന്നായി അവളുടെ വസ്ത്രങ്ങൾ അഴിച്ചുനീക്കി. സ്പർശത്തിന്റെ അർദ്ധചാപങ്ങളിൽ ഞാൻ അവളെ അളന്നു. പുത്തപറങ്കിമാവുകളുടെ മണമുള്ള അവളുടെ തുടകളിൽ ഞാൻ ഉമ്മവച്ചു" എന്നൊക്കെ എഴുതി യുവാക്കന്മാരുടെ കാമോത്സുകതയെ ഇളക്കിവിടുന്ന ഇക്കഥയിൽ കലയുടെ അംശംപോലുമില്ല. ആയിരിക്കണക്കിനു്, പതിനായിരക്കണക്കിനു് ആളുകൾ കൈകാര്യം ചെയ്തതാണു് ഈ വിഷയമെന്നതു പോകട്ടെ. ഏതു വിഷയം

അകലങ്ങളിൽ തിളക്കം

പി. ടി. അബ്ദുറഹിമാൻ

രജനീഗന്ധിപ്പൂക്ക –
ളിതളിട്ടതെൻ സ്വപ്ന –
ശകലങ്ങളിൽ, രാവി–
ന്നിരുളെൻ നിനവിലും!
ഇവിടെ പിടക്കോഴി –
യടവെച്ചിരിക്കുന്നൻ
കുടിലിൽ, തപംകൊണ്ടു
മുട്ടകൾ പിളർക്കണം!
ഒരു പൂങ്കോഴിക്കഞ്ഞു്
പിറന്നു വളർന്നതി–
നൽവിളിയുണ്ടാകുമ്പോ–
ളിരുൾപ്പൂകൊഴിയണം!

നിമിഷങ്ങളിൽ തല–
തല്ലുമെൻ ബാഷ്പത്തിന്റെ
തരംഗങ്ങളിൽ നീന്തും
നൊമ്പരങ്ങളേ ചൊല്ലു
നിങ്ങൾ തൻ ഹൃദന്തന്ത്രി–
ളങ്കുരിച്ചുവോ പല്ലു,
പൂടയും; കൊക്കും, കാലും
കൂവിടാൻ തിളക്കവും?

രജനീഗന്ധിപ്പൂവി–
ന്നിതളായെൻപേലവ–
കുതകം മരുത്തിന്റെ
ഹൃദയം കവരുമ്പോൾ,
അകലങ്ങളിൽ അറ–
ച്ചെന്തിനെൻ വിഭാതമേ
നിന്നെനീ, സമയസ്സൂര്യ–
രശ്മികളായണയാതെ?

കൈകാര്യം ചെയ്താലും മനുഷ്യനോടോ മനുഷ്യസമൂഹത്തോടോ ബന്ധപ്പെടാതെ വെറും സചേതനാക്ഷേത്രമായി പര്യവസാനിക്കുന്ന കഥകൊണ്ടു് ഒരു പ്രയോജനവുമില്ല. ആരോഗ്യമുള്ള ആളുകളെ കാണുമ്പോൾ നമുക്കാഹ്ലാദം. രോഗികളെക്കണ്ടാൽ ദുഃഖം. ആഴ്ചപത്രികളിലെ ക്യാൻസർ വാർഡുകളിൽ പോയിട്ടുണ്ടോ? എന്തൊരസ്വസ്ഥതയാണു്! ലൈംഗികതയ്ക്കു നമ്മുടെയുള്ള ലൈംഗികതയും ക്യാൻസറാണു്. അതു കാണാൻ എനിക്കിഷ്ടമില്ല.

ഞാൻമാത്രം യോഗ്യൻ

മഹാനായ ഫ്രഡറിക്കിനെക്കുറിച്ചു ഞാനൊരു കഥ കേട്ടിട്ടുണ്ടു്. അദ്ദേഹം ഒരിക്കൽ ജയിൽകാണാൻ പോയി. രാജാവിനെക്കണ്ടു് കാരാഗൃഹവാസികളെല്ലാം പരാതിപറഞ്ഞു: "പ്രഭോ ഞാൻ കുറ്റംചെയ്യാത്തവനാണു്" പോലീസുകാരുടെ ദുഷ്പ്രവൃത്തികൊണ്ടു മാത്രമാണു് ഞാൻ ഇതിനകത്തായിപ്പോയതു്". ഫ്രഡറിക് ഇതൊക്കെ കേട്ടുകേട്ടു് നടന്നു ഒടുവിൽ ഒരു മുറിയുടെ വാതിലുമലത്തിയപ്പോൾ അകത്തുകിടന്ന തടവുകാരൻ ചാടിയെഴുന്നേറ്റു് അറിയിച്ചു: "പ്രഭോ, ഞാൻ കുറ്റം ചെയ്തവനാണു്. അർഹിക്കുന്ന ശിക്ഷ എനിക്കുകിട്ടി". ഇതു കേട്ടയുടനെ രാജാവു് ആജ്ഞാപിച്ചു: "ഈ റാസ്കലിനെ ഉടനെ മോചിപ്പിക്കുക. അല്ലെങ്കിൽ ഇവൻ ഇവിടെയുള്ള യോഗ്യന്മാരെ ദുഷിപ്പിച്ചുകളയും". ഈ കാരാഗൃഹത്തിലെ യോഗ്യന്മാരെപ്പോലെയാണു് അധികാരത്തിലേക്കു് ഉയരുന്നവർ. താൻ മാത്രമാണു് യോഗ്യൻ മറ്റുള്ളവരെല്ലാം 'കറപ്റ്റാ". ഈ രീതിയിലുള്ള ഒരു ജെനറിൽമൻ ഉദ്യോഗസ്ഥനെ (പെൻഷൻ പറ്റിയ ആളാണു് അദ്ദേഹം) ശ്രീ കെ. എൽ. മോഹനവർമ്മ അവതരിപ്പിക്കുന്നു (ബോധം എന്ന കഥ- കലാകൗമുദിയിൽ) ലക്ഷ്യവേധിയാണു് അദ്ദേഹത്തിന്റെ പരിഹാസം. 'കറപ്ഷനു്" കാരണക്കാരൻ ഉദ്യോഗസ്ഥൻ മാത്രമല്ല; അയാളെ കൊണ്ടു മുതലെടുക്കാൻ ഓടിശ്രമിക്കുന്ന മറ്റുള്ളവരുമാണു്. കീഴ്വഴക്കമായ അയാൾക്കു രണ്ടു കൊച്ചുപെൺപിള്ളമാരെ അവർ കൊണ്ടുകൊടുക്കുന്നു. കീഴ്വഴക്കത്തിന്റെ മുതലെടുപ്പുകാരുടെ മകൾക്കു ഈ പെൺകുട്ടികളുടെ

വികലാംഗ

കെ. ബാലകൃഷ്ണൻ

എത്ര സൗന്ദര്യം വിതറുന്ന മുഖം. പക്ഷേ അവൾ നടന്നുകാണുമ്പോൾ മനസ്സിൽ ദുഃഖം നിറയും. അവളുടെ ഇടതുകാൽ പരിക്ഷീണമാണ്. നടക്കുമ്പോൾ ഒരുതരം ഇടതുപക്ഷമുന്നേറ്റം.

വിനോദത്തിനുവേണ്ടി ഞാൻ ക്ളബ്ബിൽ ഒരു സായാഹ്നമാസ്വദിക്കാൻ പോയതാണ്. എന്നെ അവൾ ആരോ പരിചയപ്പെടുത്തുന്നതു നോക്കിനിന്നു.

ഞാൻ അവളെ അടുത്തേക്കു വിളിച്ചു. അവൾ വന്നു

എന്താണു അവളുടെ കാലിലൊന്നു നോക്കാനുള്ള കൗതുകത്തിൽ ഞാൻ അവളെ എൻറടുത്തേക്കു വിളിച്ചു. കാലുനോക്കാനുള്ള കൗതുകത്തിൽ ഞാൻ അവളുടെ പാവാട ഉയർത്തിനോക്കി.

നടത്തസ്സിനു ശ്രുതിഭംഗി കുറവാണെങ്കിലും അവളുടെ തുടകൾ മനോഹര സൗധങ്ങൾ പോലെയുണ്ട്. കൊതുകുണ്ടെങ്കിൽപോലും അതു വഴുതി വീണുപോകുന്ന വെണ്ണ ഭംഗിയുമായി.

ഞാൻ അവളുടെ തുടകൾ സ്പർശിച്ചുനോക്കി. മനോഹരമായ ഒരനുഭവം. വെള്ളി വാഴത്തടയിൽ കരമോട്ടുന്നതുപോലെ.

ഞാൻ പെട്ടെന്നുണ്ടായ ഒരു വികാരമെന്നപോലെ അവളുടെ പാവാട വലിച്ചു കീറുംപോലെ ഉയർത്തി. അവൾ നിശ്ചേഷ്ടയായി നിൽക്കുകയാണ്.

അവളെ സൗകര്യപ്പെട്ടുമെങ്കിൽ പരിചയപ്പെടുക എന്നമാത്രമേ എനിക്കു പറയാൻ തോന്നുള്ളൂ

—o—

പ്രായമുണ്ട്. എന്നാലും അതൊന്നും തടസ്സമല്ല പക്ഷേ യഥാർത്ഥത്തിൽ ഒരു തടസ്സമുണ്ട്. 65 വയസ്സായിപ്പോയി പ്രകൃതി അടിച്ചേല്പിച്ച ഒരു നിസ്സഹായത. അതുകൊണ്ടു വൃദ്ധൻ അവരെ ആലിംഗനംചെയ്തു ചുംബിച്ചതേയുള്ളൂ ആ പതാക്രമതി നിന്നിട്ടു പെൺപിള്ളേരുടെ വസ്ത്രങ്ങൾ അഴിഞ്ഞുപോയി (നമ്മുടെ ചില നിരൂപകർ സാഹിത്യം കൈകാര്യംചെയ്യുന്നതു് ധ്വജഭംഗംവന്ന ഈ റിട്ടയേർഡ് ഉദ്യോഗസ്ഥൻ സുന്ദരികളായ ആ പെൺപിള്ളേരെ ആലിംഗനം ചെയ്തതുപോലെയാണ്. വല്ലാത്ത വികാരം. പക്ഷേ ഒന്നിനും കഴിയുന്നില്ല. ഈ നേരമ്പോക്കിനു് സരസനായ ഒരു സംസ്കൃതകവിയോടു് എനിക്കു കടപ്പാടുണ്ട്. ആ ആശയം സംസ്കൃതകവിയിൽനിന്നു കടംമേടിച്ചതാണെന്നു വ്യക്തമാക്കാതെ അതു സ്വന്തമാക്കി പലപ്പോഴും സദസ്സുകളിൽ അവതരിപ്പിക്കുന്ന ഒരു സാഹിത്യകാരനോടും എനിക്കു കടപ്പാടു്) ദൃഷ്ടിച്ച ആധുനികസമുദായത്തിൻറെ ചിത്രം മോഹനവർമ്മയുടെ കഥയിലുണ്ട്. കല ആയുധമായി മാറുന്നുണ്ട് ഇവിടെ.

പിന്തിരിപ്പൻമാർ

ലൂക്കാച്ച്, ഏർണ്സ്റ്റ് ഫിഷർ ഈ മാർക്സിസ്റ്റ് നിരൂപകരെ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗീകരിക്കാത്തതു് എന്തുകൊണ്ടാണു് ഒരു വായനക്കാരൻ ചോദിക്കുന്നു. ലൂക്കാച്ചിൻറെ Studies in European Realism, The Historical Novel ഈ രണ്ടു ഗ്രന്ഥങ്ങളേ ഞാൻ വായിച്ചിട്ടുള്ളൂ. ഫിഷറുടെ The Necessity of Art. Art against Ideology എന്നീഗ്രന്ഥങ്ങൾ എനിക്കു പഠിക്കാൻ കഴിഞ്ഞിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി നിന്ദിക്കുന്ന political orthodoxy — രാഷ്ട്രീയവ്യവഹാരസംബന്ധിയായ യാഥാസ്ഥിതികത്വം ഈ രണ്ടു മഹാന്മാരും പ്രദർശിപ്പിക്കുന്നതുകൊണ്ടാണു് പാർട്ടി അവരെ അംഗീകരിക്കാത്തതു് ഇവരെ മാത്രമല്ല, ക്രിസ്റ്റഫർ കോഡ്വെല്ലിനെയും കമ്മ്യൂണിസ്റ്റുകാർ ഇന്നു തള്ളിപ്പറയുന്നുണ്ട്. കോഡ്വെല്ലിൻറെ കലാസിദ്ധാന്തങ്ങൾ യഥാർത്ഥത്തിൽ ബൂർഷ്വാസിയുടെ കലാസിദ്ധാന്തങ്ങൾക്കു സദൃശമാണത്രേ.

—o—

നരേന്ദ്രപ്രസാദ്

രാമഭിക്ഷുചിന്തയും കാഞ്ചനസീതയും

എസ്. ഗുപ്തൻനായരുടെ കാഞ്ചനസീതാലേഖനത്തിനു് വിമർശനാത്മകമായ ഒരാസ്വാദനം

ഒരു കലാസൃഷ്ടിയെ സംബന്ധിച്ചിടത്തോളം കമ്മിറ്റി ചെയർമാന്മാർ അപ്രസക്തരാണു് എന്നാൽ ഭരിപക്ഷം വരുന്ന ആസ്വാദകരെ ഒരു ചെയർമാനപോലും ശല്യപ്പെടുത്താം സാധാരണക്കാരനെന്നു പ്രീതിപ്പെടുത്തിയിട്ടു്, ജനകീയമായി സംസാരിച്ചു്, ആസ്വാദകരുടെ നിലവാരം കുറഞ്ഞ ധാരണകളെ പിന്താങ്ങി, സാമ്പ്രദായികതത്ത്വത്തിൻറെ വിശുദ്ധിയിലൂന്നി, അപരിചിതമായതിനെ അപഹസിച്ചു്, അദ്ദേഹത്തിനു കൂളിനായി നിൽക്കും. "കാഞ്ചനസീതയെക്കുറിച്ചു്" ഗ്രപ്പൻനായർ എഴുതിയ ലേഖനം ഈ നിലപാടിൻറെ മാതൃകയാണു്. പരീക്ഷണം നല്ലതാണെന്നും ചീത്തയാണെന്നും ഒരേ ശ്വാസത്തിൽ പറയുന്ന ഗ്രപ്പൻനായർ മുഖരാതരായ സാഹിത്യകാരികപ്രമാണികൾ നടത്തുന്ന അഭ്യാസങ്ങൾ, രണ്ടുപോലും തൊറാതെ, പയറാറിക്കാട്ടുമാനാണു് തൻറെ ലേഖനം ഉപയോഗിക്കുന്നതു്.

ഫിലിം അവാർഡ് കമ്മറിയുടെ അദ്ധ്യക്ഷനായി ഗ്രപ്പൻനായരെ അവരോധിക്കുന്നതിലെ യുക്തി, പൊന്നരുക്കുന്നിടത്തു മേൽനോട്ടം വഹിക്കാൻ പൂച്ചയെ നിയമിക്കുന്നതിലെ യുക്തിയിൽനിന്നു വ്യത്യസ്തമല്ല ഗ്രപ്പൻനായരെക്കുറിച്ചു് സർക്കാരുദ്യോഗസ്ഥന്മാക്കുള്ള ജ്ഞാനം ചിന്ത്യം തന്നെ. കമ്മറിറി അവതരിപ്പിച്ച ഉപന്യാസം ഇവിടെ ചർച്ച ചെയ്യുന്നതുകൊണ്ടില്ല കമ്മറിറിയിൽ പലരുമുണ്ടല്ലോ; അവർ ചെയ്ത നല്ല കർമ്മം മറക്കുന്നില്ല. കേന്ദ്രത്തിൻറെ അവാർഡുകമ്മറിയുടെ പ്രധാനപ്പെട്ട പല നിഗമനങ്ങളും അവർ അംഗീകരിച്ചതാണു് ആ നല്ല കാര്യം. ഇൽ കണ്ണുകളും കത്തുവാക്കുകളുമായി വന്നു— അതു് എന്നും അദ്ദേഹത്തിൻറെ മാർഗ്ഗമായിരുന്നു—മലയാളനാട്ടു് വായനക്കാരെ വിരട്ടുന്നു. തന്ത്രപരമാണു് അദ്ദേഹത്തിൻറെ നീക്കം. ഭൂരിപക്ഷം വരുന്ന ശരാശരി ആസ്വാദകരുടെ മേൽ പ്രേമപൂർവ്വമായ ഒരു കടാക്ഷം. യശഃശരീരനായ ശ്രീകണ്ഠൻനായരെ മുദ്രയായി ഒരു സ്പർശിച്ചു സഞ്ചി തുറന്നു് വാല്മീകിയെ എടുത്തുകാണിച്ചു. കേന്ദ്രത്തിലെ അവാർഡ് കമ്മറിറി അംഗമായ അൽക്കാസിയെ, മലയാളമറിയാത്തവൻ എന്നു പുച്ഛിച്ചു്, തല്ലുന്നതു തോറ്റു്. "കാഞ്ചനസീത"യിൽ കാര്യമുണ്ടെന്നു വിചാരിക്കുന്ന ആസ്വാദകരെയും കൈവിടരുതല്ലോ: ചിത്രം സാങ്കേതിക പരീക്ഷണമാണെങ്കിലും "ബാക് ഗ്രൗണ്ട്" കൊള്ളാം! തെരുവിൽ അല്ല

കളെക്കുട്ടി വാചകമടിച്ചു മടുത്ത വില്ലനാണ്", നമ്മുടെ സമൂഹത്തിന്റെ ഒരു അടിസ്ഥാനകഥാപാത്രം. ജനങ്ങൾക്കു മുന്നിൽ മിക്കപ്പോഴും അവനായിരിക്കും കാണുക. ഉപ്പുൻനായരുടെ വാചകങ്ങൾ, തെരുവു കച്ചവടക്കാരനെ ഓർമ്മിപ്പിക്കുന്നു: തീർച്ചയായും അടുത്തകൊല്ലങ്ങളിലും അദ്ദേഹത്തെത്തന്നെ ചെയർമാനാക്കണം!

താൻ ഒരു നിഷ്പക്ഷമതിയാണെന്നു നടിച്ചുകൊണ്ടാണ് സൈദ്ധാന്തികൻ രംഗപ്രവേശം ചെയ്യുന്നത്. അതിസൂതിയും ആക്ഷേപവും തെറ്റാണെന്നും, തനിക്കു മാത്രം അവ രണ്ടിൽ നിന്നും ഭിന്നമായ കാഴ്ചപ്പാടു ലഭിച്ചിരിക്കുന്നുവെന്നും ലേഖകൻ പറയുന്നു. അതിസൂതി നടത്തുന്നതിന്റെ പിന്നിൽ പോലും മാനസികാനുഭവമുണ്ട് എന്നു ചെയർമാൻ ഓർക്കുന്നില്ല. ഒരു കലാസൃഷ്ടി അഭൂതപൂർവ്വമായ ചലനങ്ങൾ കൊണ്ട് ഒരു മനസ്സിനെ വിധേയമാക്കുമ്പോളാണ്, ആ മനസ്സ് അതിസ്തുതി ചെയ്യുന്നത്. ആക്ഷേപത്തിനു പിന്നിലും അനുഭവമുണ്ടാവും. കച്ചവടചിത്രങ്ങളുടെ മലീമസമായ അനുവീക്ഷത്തിന്റെ ഭാഗവും ഇരയുമാകുവാൻ നിർബ്ബന്ധിക്കപ്പെടുകയും, ഉന്നതചിത്രങ്ങൾ കാണാനുള്ള അവസരങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്ന ഈ നാട്ടിലെ സാധാരണമനുഷ്യർ "കാഞ്ചനസീത"യെ ആക്ഷേപിച്ചാൽ ആരും പരിഭവിക്കേണ്ടതില്ല. എന്നാൽ ഒത്താശ പറഞ്ഞുകിട്ടുന്ന കസേരയുടെ പുറത്തിരുന്ന്, എന്തിനെപ്പറ്റിയും അന്തിമാഭിപ്രായം കാച്ചി, ആളുകളെ ആകർഷിക്കുന്ന പൊള്ളമനുഷ്യൻ തന്റെ മനസ്സിനെ ഉന്നതയാഥാർത്ഥ്യങ്ങളിൽ വ്യാപരിപ്പിക്കുന്നില്ല എന്തെന്നാൽ ആ പൊള്ള മനുഷ്യനു മനസ്സില്ല. അതിസ്തുതിയെയും ആക്ഷേപത്തെയും ഞാൻ അംഗീകരിക്കുകയല്ല എന്നാൽയഥാർത്ഥമായ കലാസൃഷ്ടി ജനിക്കുമ്പോൾ, പ്രതികരണങ്ങൾ സമ്മിശ്രമായിരിക്കുമെന്നു പറയുകയാണ്. ശക്തവും ദീപ്തവും തീവ്രവുമായ രണ്ടറ്റങ്ങൾ അവശ്യമുണ്ടാവും. അവയുമായിടപഴകിയാണ്, പിന്നീട്, വ്യാഖ്യാനങ്ങളും കാഴ്ചപ്പാടുകളും പക്വമാകേണ്ടതു്. അല്പത്ത പക്വതയും നിഷ്പക്ഷതയും, ആനയെക്കുറിച്ചു് അന്ധൻ നടത്തിയ അഭിപ്രായപ്രസംഗമുണ്ടല്ലോ. അതിന്റെ പക്വതയും, നിഷ്പക്ഷതയുമാർജ്ജിക്കാൻ മാത്രമേ പോരൂ. കുന്നും കടലുമെല്ലാം തങ്ങളുടെ പറമ്പിലെ മൺകൂനയുടെയും മൺകുഴിയുടെയും അടിസ്ഥാനത്തിൽ മാത്രമേ ചിലർക്കു കാണാൻ കഴിയൂ അവർ കാഴ്ചപ്പാടിനെക്കുറിച്ചു് ബോധവാന്മാരല്ല. എന്നാൽ എല്ലാം കാണുന്നുവെന്നവർ ധരിക്കുന്നു.

"കാഞ്ചനസീത"യെക്കുറിച്ചു് ഉപ്പുൻനായർ എന്താണു പറയുന്നതു്? അതു് സിനിമാസങ്കേതത്തിൽ തികച്ചും അപൂർവ്വമായ ഒരു പരീക്ഷണമാണത്രേ! 'കാഞ്ചനസീത' സാങ്കേതികമായ ഒരു പരീക്ഷണമല്ല എന്നതാണു് സത്യം. ഒരു അപൂർവ്വ സങ്കേതവും അതിലില്ല ഓരോ കലാസൃഷ്ടിയും പരീക്ഷണമാണെന്നു പറയാറുണ്ടല്ലോ. ആ അർത്ഥത്തിൽ ഓരോ നല്ല സിനിമയും പരീക്ഷണമാണെന്നു പറയാം. എന്നാൽ ആ അർത്ഥത്തിലല്ല, ഉപ്പുൻനായർ പരീക്ഷണം എന്ന വാക്കുപയോഗിച്ചിരിക്കുന്നതു്. "സിനിമ എന്ന ദൃശ്യമാദ്ധ്യമത്തിനു് നാമമാത്രമായ ശബ്ദവും നിർഗണ്യമായ അഭിനയവുംകൊണ്ടു് അർത്ഥമുണ്ടാക്കാമോ എന്ന പരീക്ഷണം." ചെയർമാൻ "കാഞ്ചനസീത"യെ കളിയാക്കുകയാണെന്നു തോന്നുന്നുണ്ടോ? നിങ്ങൾക്കു തെറ്റി, ആ തോന്നൽ ശരിയല്ല ഗൊദാർദിന്റെ "വിവർസാവേ" എന്ന ചിത്രമോ ബെർഗ്മാന്റെ "കാട്ടുഞാവൽപ്പഴങ്ങൾ", "നിശ്ശബ്ദത" എന്ന ചിത്രങ്ങളോ, കമ്മിറ്റി ചെയർമാന്റെ മുന്നിൽ വന്നിരുന്നെങ്കിൽ, അദ്ദേഹം എന്തുചെയ്യുമായിരുന്നു? അതു പോകട്ടെ. സത്യജിത് റേയുടെ രണ്ടു ചിത്രങ്ങളെങ്കിലും കണ്ടിട്ടുള്ള ഒരാൾ ഇത്തരം അഭിപ്രായങ്ങൾ പറയുമോ? "രാമകേന ഹനുമാൻ" എന്ന ചിത്രത്തെപ്പോലെ, അല്പം പുതിയ മട്ടറാന്നു്, എന്നു കരുതി, പുതിയ സിനിമയെക്കുറിച്ചു് ഉണ്ടായിലെ കളിയെന്നതിൽക്കവിഞ്ഞൊന്നുമറിയാത്ത ഒരു പാവത്തിനെ ചെയർമാനാക്കിയ ഉദ്യോഗസ്ഥ മരത്തലകൾ സാഡിസ്റ്റുകളായിരിക്കാം.

രാജാപ്പാർട്ടായ രാമന്റെ രണ്ടു വാചകങ്ങൾക്കേട്ടു കൈയടിക്കുവാനും, ഓച്ചിറവേലുക്കുട്ടിയുടെ മാംസളമായ അഭിനയത്തിൽ അഭിരമിക്കുവാനുംവേണ്ടി, സിനിമാകാണാൻ ഇരിക്കുന്ന, ഒരു സഹൃദയത്രത്തോടു്, സിനിമക്കാർക്കെന്നല്ല ഒരു കലാകാരനും ഒന്നും പറയുവാനുണ്ടാവില്ല. ചെയർമാനല്ലായിരുന്നെങ്കിൽ തീർച്ചയായും ഉപ്പുൻനായർ "കാഞ്ചനസീത" കാണാൻ മിനക്കെടുമായിരുന്നില്ലല്ലോ. മാദ്ധ്യമം അറിയാനുള്ള കഴിവുകേടിൽനിന്നാണു്, അദ്ദേഹം ഈ ചിത്രത്തെ സാങ്കേതിക പരീക്ഷണം എന്നു വിളിക്കുന്നതു്. "കാഞ്ചനസീത"യിൽ ശബ്ദവും അഭിനയവുമുണ്ടായിരുന്നു. സിനിമയുടെ സമഗ്രതയിൽ ഉൾക്കൊള്ളുന്നതരത്തിലാണു് അവയുടെ സന്നിവേശം എന്നമാത്രമേയുള്ളു. മനുഷ്യനും ഭൂമിയും തമ്മിലുള്ളതിനു സമാനരമായി മൗനവും ശബ്ദവും തമ്മിലുള്ള പ്രവർത്തനം ചിത്രത്തിലാകെ നിറയുന്നതു് സംവേദനക്ഷമതയുള്ളവർക്കു് കേൾക്കാം. ശബ്ദങ്ങളുടെ ഇടവേളകളാണു് ഇവിടെ അർത്ഥപൂർണ്ണമായ മൗനങ്ങൾ. സ്ഥായിയായി ചിത്രത്തിലാകെ പ്രവഹിക്കുന്ന രാഗമാകട്ടെ, സിനിമയുടെ ഉള്ളടക്കത്തെ ഒരു പ്രാചീന ലിറിസിസത്തിന്റെ അന്തരീക്ഷത്തിലേയ്ക്കു കൊണ്ടുപോകുന്നു. ആ അന്തരീക്ഷത്തിൽനിന്നു്,

ഉദയാ ചിത്രങ്ങൾ

പൂന്തുർ കെ. കരുണാകരൻ

യാത്രയ്ക്കിടയിൽ

പാരക്കും പ്രാണിതൻ
ചിറകടികളെ
പ്പുതുമ വ്യാഘ്രത്തിൽ
പിളർന്ന വാപോലെ,
പടിഞ്ഞാറിൻ ഗുഹാ-
മുഖ-, മതിൽവീഴും
പകലൊരീച്ചപോൽ
പിടഞ്ഞുചാവുന്നു!
വിയത്തതിന്നക-
ങ്കങ്ങളിൽ തീർത്ത-
വിരാജിതങ്ങളാം
പളുങ്കുമുത്തുകൾ
ഉടഞ്ഞു ചുറവിലും
ചിതറിവീഴുന്നു,
— കടലതു മാറി-
ലൊതുക്കിവെയ്ക്കുന്നു!
നിഴലുപോലുമീ-
ത്തറയിലെയിരുൾ—
നിറങ്ങളിൽ തോഴി,
യലിഞ്ഞുതീരുന്നു!
പതുക്കെ നമ്മുടെ
മിഴിയിണയിലും
പടർന്നുകേറിയ-
തണുത്ത ഭാവങ്ങൾ
മൃതിയുടെയേതോ-
നിശ്ചലതകൾ തൻ
സ്മൃതികളാ, ലീറ
നണിഞ്ഞിരുന്നുവോ!

ഒരോർമ്മയുടെ ചിത

വീണ്ടും വിഷാദാ-
കൃതങ്ങളാം ചിന്തകൾ
ചൂണ്ടു പലകയായ്
നില്പും മനസ്സിലെ
നീണ്ടവഴിയി,-
ലലാരിയ്ക്കൽ, നീ വന്നതും,
നിൾമിഴികൊണ്ടു
വെളിച്ചങ്ങൾ തീർത്തതും,
ഉദ്ഗ്രാഹിതങ്ങളാ-
വർണ്ണപ്രകർഷങ്ങ-
ളുന്മാദമായെന്നി -
ലാകെ, പ്പടർന്നതും,
പിന്നെത്തമിസ്രമായ്,
ബോധങ്ങളെച്ചുറ്റി-
യുണ്മകൾക്കുള്ളി -
ലമാവാസിയായതും,
ഓർത്തുപോവുന്നു ഞാ-
നിപ്പൊഴു, മിക്കട -
ലോരത്തു സാന്ധ്യ
ത്തുടിപ്പിൽ മയങ്ങവേ!

—•—

ഏറ്റവും ധന്യാത്മകമായ സംഭാഷണങ്ങൾ, ഉയരുന്ന വിഭക്തമനസ്സിന്റെയും അന്തർമുഖത്വത്തിന്റെയും ചീർപ്പുകളിലിരുന്നിറ്റു പ്രമേയം വിശാലമായ ആശ്രമസാഹചര്യങ്ങളിലേയ്ക്കു്, കാര്യാലയത്തിന്റെ സർഗ്ഗസമൃദ്ധികളിലേയ്ക്കു്, വികസിക്കുന്നു. വർണ്ണമോ? ചുവപ്പും മഞ്ഞയും തവിട്ടും കറുപ്പുകൊണ്ടു് നെയ്തുണ്ടാക്കുന്ന രാമലോകത്തിന്റെ പരമ്പരാഗതഭാവത്തിൽനിന്നു്, ആത്മീയമായ ക്ലിപ്തകളിൽനിന്നു് പച്ച, വെള്ള, നീല എന്നിനിറങ്ങളിലേയ്ക്കിറങ്ങി പ്രമേയം സ്വതന്ത്രസാഹചര്യം കണ്ടെത്തുന്നു. അഗ്നിയുടെ നിറമുള്ള മഹാപ്രസ്ഥാനവും, ഫലതശോഭയും ധവളദീപ്തിയുമിടകലർന്ന ഭൗമനേത്രഗ്രഹവും ആയി ഈ ചിത്രമവസാനിക്കുമ്പോൾ, എട്ടു മണുക്കവിന്റെ ശ്രുതിയുയരുന്നു.

എവിടെയാണു് ഈ ചലച്ചിത്രത്തിന്റെ ഭാവനീർഭരതകൾ? ഇവിടെ സംഘർഷങ്ങൾ സൂക്ഷ്മങ്ങളാണു്, കവികല്പനകൾ പാകിയ, ഇടുങ്ങിയ ഗ്രഹകൽപോലുള്ള, രാജധാനിയുടെ അധികാരി, സി. എൻ. പരാമർശിച്ച "ആത്മഗതാവാണു്." ആ കൽക്കെട്ടുകൾ, ഇരുട്ടുകൾ, തന്നിലേക്കു ചുരുങ്ങുന്ന മുഖഭാഗങ്ങൾ— ഇവയെല്ലാം രാമന്റെ ലോകം നമുക്കു കാട്ടിത്തരുന്നു. ധർമ്മജന്റെയും യാഗാശ്വത്തിന്റെ വധവും, അതിന്റെ ചലനസവിശേഷതകളിലൂടെ, രാമൻ പ്രതിനിധാനം ചെയ്യുന്ന ജീവിതരീതിയും നീതിയും ഉദിരണംചെയ്യുന്ന നീണ്ടുനീണ്ടുപോകുന്ന സൂര്യസ്നാനം, അതിന്റെ വർണ്ണവിചിയിലൂടെ, രാമന്റെ ദൃക്തത്തിനു് ഒരു വംശപരവും ചരിത്രപരവുമായ വിതാനം നൽകുന്ന ഒരു ധർമ്മസങ്കടത്തിൽനിന്ന മറ്റൊരന്നിലക്കു്, ഒരു നിഷ്ക്രിയതയിൽനിന്ന മറ്റൊരന്നിലേയ്ക്കു്, നീങ്ങുവാൻ ഈ ധർമ്മത്തിന്റെ പേരിൽ നിർബ്ബന്ധിതനായിത്തീരുന്ന രാമന്റെ മുന്നിലേക്കു്, "അരുതു്" എന്നു പറഞ്ഞു പുഞ്ചിരിക്കുന്നതു് ഏതു ശക്തിയാണോ, ഭരതനാണു് സീത. ആശ്രമജീവിതത്തിന്റെ, സാമൂഹികസിദ്ധികളുടെ, മാതൃത്വത്തിന്റെ, വൃക്ഷലതാദികളുടെ, ശ്രദ്ധവാല്മീകിന്റെ, നൈസർഗ്ഗിക കാവ്യസംസ്കൃതത്തിന്റെ, പരാശക്തിയാണു് സീത. "കാഞ്ചനസീത" കണ്ടിട്ടു് സീതയെവിടെയെന്നു ചോദിക്കുന്ന പണ്ഡിതൻ കാര്യം മനസ്സിലാക്കുന്നില്ല. സീത എന്ന രാമായണകഥാപാത്രമല്ല, നേരെ മറിച്ചു് രാമന്റെ അസ്തിത്വത്തെ സംബന്ധിച്ച ജിജ്ഞാസ്കതിയാണു് ഇവിടെ സീത. സ്ഥലം (space) ശബ്ദം, മുഖഭാവം, വല്ലപ്പോഴുമുള്ള ദൂരം, ചലനം. കോമ്പസിഷൻ, നിറം എന്നിങ്ങനെയുള്ള അംശങ്ങൾ മാനസികനിലയുടെ ബാഹ്യരൂപങ്ങളാക്കി മാറുന്നതിലൂടെ, വൈകാരികമായി വെളിപ്പെടാൻ പാകത്തിൽ സൃഷ്ടിക്കുന്ന കലാദർശനമാണിതു്. ഗുപ്തൻനായർ ക്ഷമിക്കണം.

1958-ൽ ബ്രസ്സൽസിൽവച്ചു് സർവ്വകാലത്തെയും മികച്ച പന്ത്രണ്ടു ചിത്രങ്ങളിലൊന്നായി വിശ്വപ്രസിദ്ധരായ നിരൂപകർ പ്രഖ്യാപിച്ച "The passion of Joan of Arc" എന്ന ചിത്രത്തെക്കുറിച്ചു്. റോഗർ മാൻവെൽ എഴുതിയ ("The film and the Public") ഒരു ഖണ്ഡിക ഇവിടെ പ്രസക്തമാണു്:

"ഈ ചിത്രം കാണുമ്പോൾ ലഭിക്കുന്ന ആദ്യത്തെ പ്രതീതി, ശബ്ദത്തിനു് വേണ്ടിയുള്ള അതിന്റെ മൂകമായ പരിദേവനമാണു്. കൂട്ടായ സമയവും ജോനിന്റെ അഞ്ചു് വിചാരണകൾക്കായിട്ടാണു് നീക്കിവെച്ചിട്ടുള്ളതു്. കഥയ്ക്കു് നാടകീയതയശേഷം ഇല്ല കാരണം കഥാപരിണാമം ഇല്ല. ഒരു ദുർമന്ത്രവാദിനിയെന്ന നിലയിൽ ജോൻ ജീവനോടെ ദഹിപ്പിക്കപ്പെട്ടുമെന്നതു് ചിത്രത്തിന്റെ തുടക്കത്തിൽ തന്നെ അനിവാര്യമായിരിക്കുന്നു. ഒരു നിമിഷത്തേക്കു് അവൾ നടത്തുന്ന തിരുത്തിപ്പറച്ചിലാകട്ടെ ഇതിനെ കൂട്ടുതൽ വികാരനിർഭരമാക്കുന്നതേ ഉള്ളു. കോടതിയ്ക്കു് ആകെ ചെയ്യാവുന്നതു് അവളെ ആത്മീയമായി തകർക്കുക മാത്രമാണു്. എന്നാൽ അമ്പരപ്പുകൾക്കോ സംശയങ്ങൾക്കോ അവളുടെ വിശ്വാസത്തെ തെല്ലുപോലും കുലുക്കാൻ കഴിയുന്നില്ല വ്യക്തിത്വവും ആശയങ്ങളും തമ്മിലുള്ള സംഘർഷം മുഖഭാവത്തിലൂടെ അവതരിക്കപ്പെടുന്നു, വാചാര്യവും ആത്മീയവുമായ മത്സരത്തെ കേവലമായ ദൃശ്യോപാധികളിൽക്കൂടി അവതരിപ്പിക്കുന്ന ഡ്രേയറുടെ സങ്കേതം സൂക്ഷ്മമായ പഠനം അർഹിക്കുന്നതാണു്. വിചാരണയുടെ ദീർഘരംഗത്തിൽ

നൂറുകണക്കിനടി ഫിലിം, മുഖങ്ങളുടേയും ശിരസ്സുകളുടേയും ക്ലോസ്സപ്പുകൾ മാത്രം പ്രദർശിപ്പിക്കുന്നു. അവളുടെ ന്യായാധിപരുടേയും കുറുക്കുചുമത്തിയവരുടേയും ശിരസ്സുകൾ കുനിയുന്നതോ തിരിയുന്നതോ ആയ വിദൂരഷോട്ടുകളുമായി ഇവ ഇടകലർത്തിയിരിക്കുന്നു. രംഗത്തെ വസ്തുനിഷ്ഠമായി കാണുവാൻ ക്യാമറ ഒരിക്കലും പിന്നോട്ടു് നീങ്ങുന്നില്ല. മുഴുവൻ സമയവും അൻപതാളുകൾ ഒരേ സ്ഥലത്തുതന്നെ ഇരിക്കുകയും മദ്ധ്യത്തു് ജോൻ നിശ്ചലയായി നില്ക്കുകയും ആണു്. ക്ലോസ് ഷോട്ടുകളുടെ ഉയർന്ന തലത്തിൽനിന്നുള്ളതും താണ തലത്തിൽനിന്നുള്ളതുമായ ആംഗിളുകൾ ക്ലിപ്തമായ ഒരു സ്ഥലത്തിന്റെ പ്രതീതി ജനിപ്പിക്കുന്നു, ആത്മീയമായ വിസ്തൃതിയും ഭൗതികമായ തടവറയുമാണതു്. ക്യാമറയുടെ ചലനം ജോനിന്റെ അമ്പരപ്പിനേയും ഭയത്തേയുമാണു് ആവിഷ്കരിക്കുന്നതു്. ഒരു ഇരുവള്ള പശ്ചാത്തലത്തിൽ തുടരെത്തുടരെയുള്ള ക്ലോസപ്പുകളിലൂടെയാണു് ജോനിനെ ചിത്രീകരിക്കുന്നതു്. അവളുടെ മുഖത്തിന്റെ ഉപരിതലത്തിന്റെ വിശദാംശങ്ങൾ അവളുടെ ആത്മീയാനുഭവത്തിന്റെ പ്രകമ്പനങ്ങളെ പ്രതിഫലിപ്പിക്കുന്നു."

ഏതു സൂക്ഷ്മമായാണു്, ഈ നിരൂപകൻ ഫിലിമെന്ന മാധ്യമത്തെ ഭേദപ്പെടുത്തുന്നതു് എന്നുദാഹരിക്കാൻവേണ്ടിയാണു് ഈ ഖണ്ഡിക ഉദ്ധരിച്ചതു്. ജോൻ ഓഫ് ആർക്കിനെപ്പറ്റി നിരവധി കഥകളും നാടകങ്ങളുമുണ്ടായിട്ടുണ്ടു്—ഈ ചിത്രത്തിനുമുമ്പും പിമ്പും. പക്ഷേ, ഈ ചിത്രം അതിനേറെതായ മാർഗ്ഗത്തിൽ, ഒരു ജോൻ ഓഫ് ആർക്കിനെ അവതരിപ്പിക്കുകയാണു്. മാൻവെൽ പറയുന്നു:— "She is Joan of Arc, or at any rate, a Joan of Arc, her face sunk and wasting her body near collapse, her short have matted with sweat and eventually shaved from her head before one eyes, her cheeks streaked with the tear-drops of real suffering .....The stylised presentation of the trial gives it a universality which goes beyond its immediate historical

NBS NE
അവളെ സൂക്ഷിം
മൂട്ടത്തു വർക്കി
ഏദ്യമായ നോവൽ. മൂട്ടത്തുവർക്കിയുടെ ഏറ്റവും പുതിയ കൃതി.
വില 16-0
മലയാളനോവൽ സാഹിത്യചരിത്രം
പ്രൊഫ.കെ. എം. തരകൻ
മലയാളത്തിന്റെ സാംസ്കാരിക ചക്രവാളത്തെ സമഗ്രമായി അപഗ്രഥിക്കുന്ന ഈ ഗ്രന്ഥം
വില 10-75
മാനേജ്മെൻറിൽ തൊഴിലാളി പങ്കാളിത്തം
ഡോ. എം. വി. പൈലി
മുതലാളിയും തൊഴിലാളിയും തമ്മിലുണ്ടായിരിക്കേണ്ട ആരോഗ്യകരമായ ബന്ധത്തെക്കുറിച്ചു് ഉറക്കെച്ചിന്തിക്കുന്ന ഇതിൽ
വില 4-50
ഉഹരി
പുളിക്കുന്നു് ആൻറണി
ആർദ്രാത്മകളും ബന്ധങ്ങളുടെ പട്ടുനൂലുകൊണ്ടു നെയ്തെടുത്ത മനോഹരമായ നോവൽ
വില 8-50
അലയൊലി
കൽക്കി
പ്രശസ്ത തമിഴ് നോവലായ "അലൈ ഓശൈ"യുടെ മലയാളവിവർത്തനം.
വിവ ഡോ എസ് കെ. നായർ
വില 16-00
നാഷണൽ ബുക്ക് സ്റ്റാൾ
കോട്ടയം – 686001

ഏറ്റവും
ഞെരുക്കിയുടയ്ക്കുന്നതിലൂടെ അവൾ ഒരു കലാസൃഷ്ടി അതിന്റെ ചരിത്രപരമായ പരിമിതികളെ അതിലംഘിക്കുന്നു". കാഞ്ചനസീതയിലെ രാമൻ ഒരു രാമനാണോ"; സ്വപ്നം സത്തയിൽനിന്നു വേർപെട്ട ജീവിതവുമായി സരയൂനദിയുടെ പ്രവാഹത്തിലേക്കിറങ്ങിയില്ലാതാകുന്ന, എക്കാലത്തെയും രാമൻ.

രാമനെയാണോ" ഈ ചിത്രം അവതരിപ്പിക്കുന്നതു". സീതയുടെ അന്തർധാനമുണ്ടായസമയത്തു", ചിലർ സീതയെയും ചിലർ രാമനെയും നോക്കിയെന്നു" ആദികവി പറയുന്നു. ഇതിഹാസകഥ്ക്കു" അനന്തമായ പെഴ്സ്പക്റ്റീവുകൾ സാധ്യമാണു". ഇതിഹാസത്തിലെ സംഭവത്തിനു" മിത്തിന്റെ ആദിമമൂർത്തതയാണുള്ളതു". രാമന്റെ ദുരന്തമാണു" അരവിന്ദൻ നമ്മെ കാട്ടുന്നതു". ഇരുപതാംനൂറ്റാണ്ടിലെ മനുഷ്യക്ക പ്രസക്തമായ ഒരു ദുരന്തമായി, ആ പ്രാചീനകഥ മാറുന്നു. പ്രസിദ്ധമായ ഉത്തരരാമായണത്തിന്റെ കഥ, ഇന്നു" ആർക്കും പറഞ്ഞുകൊടുക്കേണ്ടതില്ല. ഒരു അവസ്ഥയാണു" ഈ ചിത്രം സംവേദിപ്പിക്കുന്നതു". രാമനിൽനിന്നു" രാമന്റെ ദിഷ്ടീകരണിലൂടെ വികസിക്കുന്ന ഇതിലെ ഓരോ ദിർഘസിക്വൻസും, ഫാമിദുദിൻ മഹമ്മദ് പറഞ്ഞതുപോലെ, സുഭഗമായ സിനിമാവാക്യങ്ങളാണു". ആന്തരികസത്തയെന്നതു" ബാഹ്യപ്രപഞ്ചത്തിന്റെ വിശാലതയാണെന്ന കാഴ്ചപ്പാടു" അഭിവ്യഞ്ജിപ്പിക്കപ്പെടുന്ന സന്ദർഭങ്ങളുടെ നൈരന്തര്യമാണു" ഈ വാക്യങ്ങളുടെ താളം സൃഷ്ടിക്കുന്നതു". അധികാരത്തിന്റെ കൽക്കെട്ടുകളിലെ വിർപ്പുമുട്ടലും വാല്മീകിയാശ്രമത്തിന്റെ സുപ്രസന്നമായ സ്വാതന്ത്ര്യവും തമ്മിലുള്ള വൈരുദ്ധ്യം ഒന്നിലധികം തലങ്ങളിൽ നിഴലിക്കുന്നതാണു", ഈ ചിത്രത്തിന്റെ സമതുലിതാവസ്ഥയെ നിയന്ത്രിക്കുന്നതു". മനുഷ്യന്റെ ആന്തരികസത്ത, പ്രകൃതിയുടെ ചൈതന്യമായ സത്ത— അതു" കവിയുടെ സൃഷ്ടിക്രിയയ്ക്കുടമാത്രനിർവിശേഷമായ സാഫല്യം നേടുന്നതായി ചിത്രീകരിച്ച, ആ രാമായണഗാനരംഗം, അതുണർത്തുന്ന ഹർഷദ്യുതി കൊണ്ടുമാത്രം, വാല്മീകിയുടെ ആത്മഭാവത്തെ ആവാഹിക്കുന്നു. അവിടെ വാല്മീകി ലവകുശന്മാർക്കായി പ്രകൃതിയുടെ മഹാമന്ത്രങ്ങൾ നെയ്തെടുക്കുന്നു.

ഒരു പ്രാചീനയജ്ഞത്തിന്റെ സഭാവമുണ്ടു", ഈ ചിത്രത്തിനു". നീതിയുടെ പ്രശ്നത്തെ നാടകീയസംഘട്ടനങ്ങളായി വികസിപ്പിക്കാൻ സി. എനു". നാടകത്തിൽ കഴിഞ്ഞു. സിനിമയിൽ സംഘട്ടനങ്ങൾ ആ അർത്ഥത്തിൽ നാടകീയമല്ല, പക്ഷേ നീതിയുടെ പ്രശ്നം എങ്ങനെയാണു" "കാഞ്ചനസീത" എന്ന ചിത്രത്തിൽ സന്നിവേശിച്ചിട്ടുള്ളതു"? അതു" അതിന്റെ മൊത്തത്തിലുള്ള ശൈലീകരണത്തിന്റെ സൂക്ഷ്മതലംകൊണ്ടാണു". ഒരു യാഗശാലയിലെന്നപോലെ, നിയന്ത്രിതമായി മനുഷ്യർ നിങ്ങുന്നശൈലിയാണു" ഈ ചിത്രത്തിനു", മനുഷ്യന്റെ പിന്നിൽ കർശനമായിനില്ക്കുന്ന ആ നിയമസംഹിതയെക്കുറിച്ചു നമ്മെ അനുഭവിപ്പിക്കുന്നതു". ഊർമ്മിളയിൽ ആ നിയന്ത്രണത്തിനെതിരായ ഒരു തേങ്ങലുണ്ടു". മറ്റൊരു നീതിയുടെ സന്ദേശവുമായി വാല്മീകിയും ഈ മസൗന്ദര്യവും വന്നുപോഴാകട്ടെ, ചലനം ദ്രുതതരമാകുന്നു, വാദ്യങ്ങൾ ചടുലമാകുന്നു. ആദ്യംമുതൽ നിറഞ്ഞുനില്ക്കുന്ന യജ്ഞത്തിന്റെ സഭാഭാവികമായ പരിസമാപ്തിയാണു" അന്ത്യഭാഗത്തെ യഥാർത്ഥ യാഗവും അതിന്റെ വിശദാംശങ്ങളും. യാഗം ഇവിടെ ധർമ്മനീതിയുടെ ദൃശ്യപ്രതികമാകുന്നു.

കണ്ണുകളിലേക്കു വന്നു മുട്ടുന്ന ആ ക്ലോസപ്പുകൾ ഓർക്കുക. രാമൻ മേലോട്ടു നോക്കുന്നു; താഴോട്ടു നോക്കുന്നു. അയാൾ വിദൂരതയിലേക്കു നോക്കുന്നു. നോട്ടപ്പാടിൽ നിന്നു മാറി ക്യാമറാ രാമനെ പിന്തുടരുന്നു. പ്രകൃതിയുടെ മദ്ധ്യത്തു" അയാൾ ഇരുണ്ട നിഴലായി മാറുന്നു. മുകളിലേക്കും ദൂരത്തേയ്ക്കും ക്യാമറാ തിരിയുന്നതു" ഭൗമചൈതന്യത്തിനു വേണ്ടിയാകുന്നു. ഒരുപക്ഷേ, ഈ ബാഹ്യപ്രകൃതിയുടെ ചൈതന്യം മുഴുവനും രാമന്റെ ഗൃഹാതുരത്വം (nostalgia) ആണെന്നുവരാം. പക്ഷേ, ഗൃഹാതുരത്വം മറ്റേതോ അസ്തിത്വപരമായ സത്യത്തിന്റെ അസാന്നിദ്ധ്യം വിളിച്ചറിയിക്കുന്ന ഒന്നാണു". ഇവിടെ പറയാനുദ്ദേശിക്കുന്നതു", സീത പ്രകൃതിയാണെന്ന സിദ്ധാന്തമല്ല. ഈ ചിത്രമെന്ന കാര്യമാണു". ഈ ചിത്രം ഒരു വ്യാഖ്യാനമല്ല; ഒരനുഭവമാണു". അതുകൊണ്ടുതന്നെയാണു" പ്രകൃതിയുടെ സാർവ്വലൗകികചൈതന്യത്തിൽ വിശ്വസിക്കാത്തവർക്കും ഈ ചിത്രം അനുഭവവേദ്യമാകുന്നതു". രാമന്റെ ജീവിതത്തിന്റെ കത്തിമുനയാണിവിടെ പ്രശ്നം. അയാളുടെ അസ്വതന്ത്രതയാണു", അയാളുടെ ജീവിതത്തിന്റെ അർത്ഥമാണു", ഇവിടെ പ്രശ്നം. അതിന്റെ അന്തിമനിമിഷമാണു", മറ്റൊരു തപത്തിനുവേണ്ടിയുള്ള, ജീവിതതപത്തിനു വേണ്ടിയുള്ള ആ വിളി. ചിത്രത്തിൽ തളംകെട്ടിയ മൗനം ആ വിളിയ്ക്കുവേണ്ടിയുള്ള തയാറെടുപ്പായിരുന്നുവെന്നു തോന്നും. ചിത്രത്തിലാകെ, അപൂർണ്ണസത്യത്തിപൂർണ്ണമാകാനുള്ള അഭിവാഞ്ഛയായി ദുഃഖം അമരുന്നു. ജനപദങ്ങളും ഭരണവർഗ്ഗവും രാജതപവും, രാമനെ, സ്നേഹത്തിൽനിന്നു പറിച്ചുമാറ്റുന്ന ഘടകങ്ങളായി പശ്ചാത്തലത്തിൽ മാത്രം നില്ക്കുന്നു. രാമനെ സംബന്ധിച്ചിടത്തോളം സീത എന്താണു"? രാമന്റെ സ്നേഹമാണു", രാമന്റെ ജീവിതത്തിന്റെ അർത്ഥമാണു". രാമനു" ഭൂമിയുമായുള്ള ബന്ധമാണു" ഇവിടെ പറിച്ചുമാറ്റപ്പെട്ടിരിക്കുന്നതു". പല രൂപഭാവങ്ങളിൽ, എല്ലാ മനുഷ്യരിലും ഈ അവസ്ഥ ആവർത്തിക്കുന്നു.

ഗോത്രസമൂഹത്തിൽനിന്നു" രാജതപത്തിലേക്കു കടക്കുന്ന സമൂഹത്തിൽ ഭരണവർഗ്ഗത്തിനുണ്ടാകുന്ന ആദ്യത്തെ അന്യവല്ക്കരണത്തിന്റെ ഉന്മിലനം കൂടിയാണു" "കാഞ്ചനസീത". ഗോത്രാന്തരീക്ഷംകൊണ്ടു" അരവിന്ദൻ ചിത്രത്തിനു ലഭിച്ച ചരിത്രപരമായ ഒരു മാനമാണിതു". പെട്ടെന്നു", വെറുമൊരു ദാമ്പത്യപ്രശ്നത്തോടെ, ഈ ഭരണാധികാരി സ്വന്തം അന്യതാബോധത്തെക്കുറിച്ചാറിയുന്നു. (തുടരും)

സദാരതിയും നിത്യാരതിയും

കെ. ഞ്ഞുണ്ണി

വടക്കു ഗോകർണം മുതൽ തെക്കു കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന സാക്ഷാൽ കേരളം— കുട്ടിക്കാലത്തു് പഠിച്ചുറഞ്ഞ ഇരുണ്ടതിരുകളോടുകൂടിയ എന്റെ കേരളം

ഐശ്വര്യത്തിലേക്കു് ഉയർന്നുകൊണ്ടിരിക്കുന്ന കന്യാകുമാരി, അർബ്ബുദം ബാധിച്ചു് അനുനിമിഷം ക്ഷയിച്ചുകൊണ്ടിരിക്കുന്ന സെല്ലുകളോടുകൂടിയ ഗോകർണം— ആ ഐശ്വര്യവും ഈനാശവുമല്ല എന്റെ വിഷയം

ഗോവിന്റെ കർണത്തിൽ ലിംഗമർപ്പിച്ചു് രമിക്കുന്ന ശിവന്റെ മുന്നിൽ നിന്നപ്പോൾ അതേലിംഗം കാമിച്ചു കാത്തുനില്ക്കുന്ന കന്യാകുമാരീദേവിയെ ഓർത്തുപോയി ഇങ്ങനെ രണ്ടുപേരാണല്ലോ എന്റെ കേരളത്തിന്റെ വടക്കും തെക്കും എന്നതെന്നെ അത്ഭുതപ്പെടുത്തി.

ഭക്തിയുടെ ഭാഷയിൽ, ചരിത്രത്തിന്റെ ഭാഷയിൽ, ഐതിഹ്യത്തിന്റെ ഭാഷയിൽ തെല്ലും ശരിയല്ലാത്ത എന്റെ ഈ അത്ഭുതം!

എന്റെ നാടിന്റെ ഒരതിരിൽ ഒരു സുഖസത്യം; മറ്റേ അതിരിൽ ഒരു ദുഃഖസത്യം.

ഒരതിരിൽ സദാരതി; മറ്റേ അതിരിൽ നിത്യാരതി.

എനിക്കു വേണമെങ്കിൽ ഈ ഗോകർണത്തിലാണ്ട ശിവലിംഗത്തേയും ആ നിത്യകന്യയേയാനിയേയും പലതിനേറയും പ്രതീകങ്ങളായി മാറിമാറി വർണിച്ചു് സ്വയം രസിക്കാം, വായനക്കാരെ രസിപ്പിക്കാം. പക്ഷേ എനിക്കതുവയ്യ!

എന്റെ പിതാവു് സദാരതനാണെന്നതു് എന്നെ സന്തോഷിപ്പിക്കുന്നു.

മാതാവു് നിത്യകന്യകയാണെന്നതെന്നെ ദുഃഖിപ്പിക്കുകയും ചെയ്യുന്നു. ഈ സുഖവും ദുഃഖവും എന്നെ നല്ല മനുഷ്യനാക്കുകയും ചെയ്യുന്നു. △∧

രണ്ടിലയും ഒരു മൊട്ടും!

നറുമണം ... സമൃദ്ധമായ പത ...
പുളകമണിയിക്കുന്ന
ഒരു പുതിയ അനുഭവം.

പുതിയ
വേപ്പ്
സോപ്പ്

നിങ്ങളുടെ ചർമ്മത്തെ
എല്ലായ്പ്പോഴും പട്ടുപോലെ
മൃദുലമായി സൂക്ഷിക്കുവാൻ
ഉതകുന്ന പ്രത്യേകതരം
അടങ്ങിയതു്.

KSO
KERALA SOAPS & OILS LTD.
GOVERNMENT OF KERALA ENTERPRISE

ഗവൺമേണ്ടു് ഉടമയിലുള്ള കേരളാ
സോപ്പ്സ് & ഓയിൽസ് ലിമിറ്റഡിന്റെ
ഒരു മികച്ച ഉല്പന്നം

adguild. KSOL 1433 MLR

രണ്ടു്

അവസാനം ആരൊക്കെയോകൂടി അവനെ തല്ലിക്കൊല്ലുകയാണെന്നു തോന്നിയതു്. കടിച്ചവരെ കാണുമ്പോൾ അവൾ ഓർക്കുന്നതു് അയൽപക്കത്തുണ്ടായിരുന്ന ആ കുട്ടിയെയാണു്. രവി, കടിച്ചു വീട്ടിൽവന്നു്, കട്ടിലിൽ മറിഞ്ഞുവീണപ്പോൾ, അവൾ നടുങ്ങി. പിന്നെ തലയ്ക്കു കൈകൊടുത്തു് നിലത്തിരുന്നു തേങ്ങിക്കരഞ്ഞു. ബോധം തെളിഞ്ഞപ്പോൾ, അവൾ ചോദിച്ചു.

"എന്തിനാ കടിച്ചതു്?"

"ഒരു സ്നേഹിതന്റെ വലയിൽപ്പെട്ടതാ. അബദ്ധം പറ്റിപ്പോയി."

"ഇനി കടിക്കരുതു് ട്ടോ. എനിക്കു് കടിക്കുന്നവരോടു് ഒട്ടും ഇഷ്ടല്യ."

കടിയ്ക്കില്ലെന്നു് അവളുടെ കൈയിൽ കൈവച്ചു സത്യം ചെയ്തതാണു്. എന്നിട്ടും അയാൾ കടിക്കുന്നു എന്നു് അറിഞ്ഞപ്പോൾ വിമലയ്ക്കു് സഹിക്കാൻ കഴിഞ്ഞില്ല.

അച്ഛന്റെ മരുമകൾ അനിതയ്ക്കു് മെഡിസിനു് അഡ്മിഷൻ കിട്ടി. അവളെ മെഡിക്കൽ കോളേജിൽ ചേർക്കാൻ അച്ഛനാണു് പോയതു്. വൈകുന്നേരം, രവിയുടെകൂടെ താമസിച്ചു്, പിറ്റേന്നു വീട്ടിലേയ്ക്കുപോകാം എന്നു കരുതിലോഡ്ജിൽ ചെന്നപ്പോൾ, അച്ഛൻ, കുട്ടികളോടൊന്നിച്ചു കടിച്ചു്, ഗുരുതരംചെയ്യുന്ന രവിയെയാണു് കണ്ടതു്. നിത്യം ഇതാണു് പതിവെന്നു് അവിടെ അന്വേഷിച്ചപ്പോൾ മനസ്സിലായി. അച്ഛൻ രാത്രി വണ്ടിക്കേതെന്നു മടങ്ങിപ്പോന്നു.

വിമലയ്ക്കു് തന്റെ ഭർത്താവിനെക്കുറിച്ചു് കഴിഞ്ഞകാലത്തെ ഓർമ്മകൾമാത്രം ശേഷിച്ചു. അവൾ ഭാവിയെപ്പറ്റി ആലോചിക്കാതിരിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഇന്നു്, ഇന്നുമാത്രം. നാളെ എന്തുമായിക്കൊള്ളട്ടെ അപ്പുണ്ണിമാമയുടെ വീട്ടിലെ ഒരംഗമായി അവൾ. അവിടത്തെ കുട്ടികളുടെ ചേച്ചിയായ്; ടീച്ചറായി; കൂട്ടുകാരിയായി. അവൾ വീട്ടിലേയ്ക്കു പോകുന്നതുപോലും വിരളമായി. വളരെ മാസങ്ങൾക്കുശേഷം വീട്ടിൽ വരാൻ അച്ഛൻ നിർബ്ബന്ധിച്ചപ്പോൾ, മുടക്കമില്ലാത്ത ഒരു ദിവസം അവധിയെടുത്തു പുറപ്പെട്ടു. അച്ഛനെയും, അമ്മയെയും കണ്ടപ്പോൾ, അവൾ രവിയോടൊന്നിച്ചു് അവിടെ കഴിച്ചുകൂട്ടിയുള്ള വാരാന്ത്യങ്ങളെക്കുറിച്ചു് ഓർത്തുപോയി. എങ്കിലും അവൾ കരഞ്ഞില്ല. അവൾക്കു് ഒരിക്കലും പഴയതുപോലെ കുട്ടിയാവാൻ കഴിഞ്ഞില്ല. വളർന്നു്, അനുഭവങ്ങൾ ഇരുത്തംവെപ്പിച്ച സ്ത്രീയായിത്തീർന്നിരുന്നുവല്ലോ, അവൾ.

"കഴിഞ്ഞ ശനിയാഴ്ചയും രവി വന്നിരുന്നു." അമ്മ പറഞ്ഞു.

"ഉം" ഉദാസീനമായി അവൾ മൂളി.

"സന്ധ്യമയങ്ങുമ്പോഴ്യാ വന്നതു്. നീ വന്നിട്ടില്ലാന്നറിഞ്ഞപ്പോ കേറി ഇരിക്കുംകൂടിച്ചെയ്യാതെ എറങ്ങിപ്പോയി."

"ഉം"

"വേറെ ചെലേടത്തൊക്കെ പോകുവരുവുണ്ടു്ന്നു കേൾക്കാൻണ്ടു്."

അപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു. അവൾ പെട്ടെന്നെഴുന്നേറ്റു് അപ്പുറത്തേയ്ക്കു നടന്നു. അവൾ ഒരു സ്ത്രീയായിരുന്നുവല്ലോ.



ഏ വി എം നാരായണൻ

ബസ്സിൽവെച്ചാണു് താമനാഥനെ കണ്ടതു്. ഇരുന്നുകഴിഞ്ഞതിൽപ്പിന്നെയാണു്. തന്റെ സീറ്റിന്റെ തൊട്ടുമുൻപിൽ ആ കഷണ്ടിത്തലതിരിച്ചറിഞ്ഞതു് ഏതെങ്കിലും മാറിയിരിക്കുവാൻ സൗക

രൃമുണ്ടായിരുന്നില്ല. അയാൾ തിരിഞ്ഞു നോക്കരുതേ എന്നു പ്രാർത്ഥിച്ചുകൊണ്ടു്, അവൾ കൈയിലുള്ള മാസികയിൽ മിഴി നട്ടു. രാമനാഥൻ എല്ലാം അറിഞ്ഞിട്ടുണ്ടാവും. അച്ഛന്റെ സുഹൃത്താണല്ലോ. സംസാരിക്കാൻ തുടങ്ങിയാൽ എന്തെല്ലാം ചോദ്യങ്ങൾക്കാണു് മറുപടി പറയേണ്ടി വരിക, ആശപ്രസിപ്പിക്കുവാൻവേണ്ടി ചൊരിയുന്ന പൊള്ളയായ വാക്കുകളെ അവൾ ഭയന്നു. അവ, മനസ്സിൽ വന്നുവീഴുമ്പോൾ പൊട്ടിത്തകരുകയും, കുപ്പിച്ചില്ലുകൾ തളച്ചുകയറുകയും ചെയ്യുമല്ലോ.

"അല്ല, വിമലയല്ല ഇതു്?"

ചോദ്യം കേട്ടപ്പോൾ തലയുയർത്താതിരിക്കാൻ പറ്റിയില്ല.

"പിന്നിൽ പതുങ്ങിഇരിക്കുന്ന കാര്യം ഞാനറിഞ്ഞോ! എന്നാൽ കണ്ടവരാരും മിണ്ടുണ്ടോ?" അയാൾ ചിരിച്ചു

"ഞാൻ നോക്കിയില്ല; ഒട്ടും. എക്സ്ക്യൂസ്മി."

സ്ക്കൂളിനെക്കുറിച്ചും ജോലിയെക്കുറിച്ചുമാണു് രാമനാഥൻ സംസാരിച്ചതെല്ലാം. രവീന്ദ്രനെപ്പറ്റി ഒന്നും പറയാതിരിക്കാൻ അയാൾ മനഃപൂർവ്വം ശ്രദ്ധിക്കുകയാണെന്നു തോന്നി. ബസ്സിലാണെ. മറ്റുള്ളവർ കേൾക്കും എന്നു കരുതിയാവാം. അല്ലെങ്കിൽ, അവളെ വേദനിപ്പിക്കേണ്ട എന്നുവെച്ചുമാവാം.

സ്റ്റാൻഡിൽ ബസ്സു നിന്നപ്പോൾ എല്ലാവരും ഇറങ്ങി. അവിടെനിന്നു് സ്ക്കൂളിലേയ്ക്കു് വേറെ ബസ്സിൽ പോകണം.

"ബസ്സു വന്നിട്ടില്ലല്ലോ. വരൂ നമുക്കൊരോ കാപ്പികുടിക്കാം." രാമനാഥൻ ക്ഷണിച്ചു.

"അയ്യോ, കാപ്പിയൊന്നും വേണ്ട. ബസ്സിപ്പൊവരും." അവൾ പറഞ്ഞു. അയാൾ എങ്ങിനെയെങ്കിലും പോയിക്കിട്ടിയാൽ മതി എന്നായിരുന്നു അവളുടെ മോഹം. സ്ക്കൂട്ടറിന്റെ പിന്നിൽ പെണ്ണുങ്ങളെ ഇരുത്തി പറന്നുപോകുന്ന കുത്തകഷണ്ടി അവൾ പെരുപ്പോടെ, അകലെ ആകാശത്തു് ഉരുണ്ടുകൂടിയ കർമ്മേഘങ്ങളെ നോക്കി

"എന്റെ കൂടെവരാൻ മടിച്ചുയിരിക്കും."

അവൾ ഒന്നും മിണ്ടിയില്ല. അതെ എന്നു പറഞ്ഞാൽ മര്യാദകേടാവില്ലേ? അല്ല എന്നു പറഞ്ഞാൽ, ചെല്ലാത്തതിനു വേറെ കാരണം വിശദീകരിക്കേണ്ടിയും വരും.

"വിമലയുടെ അച്ഛന്റെ സുഹൃത്താണു ഞാൻ. വിമലയെ കാപ്പികുടിക്കാൻ ക്ഷണിക്കാൻ അവകാശമില്ലേ എനിക്കു്?"

പരിഭവപൂർണ്ണമായി അയാളുടെ സ്വരം.

"പ്ലീസ്. ഡോണ്ടു്. ഡിസ്റ്റർബ്ഡ് ആം നോട്ടു് സച്ചു് എ വുമൺ" സ്വരം തെറ്റിക്കുട്ടുപോയോ എന്നു് അവൾ സംശയിച്ചു എന്നാലും വേണ്ടില്ല ഒഴിഞ്ഞുപോകട്ടെ എല്ലും. അയാൾ പോയി. ബസ്സു വന്നപ്പോൾ അവൾ അതിൽ കയറി ഇരുന്നു.

അമ്മ പറഞ്ഞു:

"എറങ്ങിപ്പോവുമ്പൊ, രവി പറഞ്ഞതെന്താന്നോ?"

"ഇനി ഇങ്ങട്ടുവരില്യ. വേണങ്കെ, അവളു് അങ്ങട്ടുവന്നാട്ടെ!"

— കടിമാറാറി എന്നു് എന്നെ ബോധ്യപ്പെടുത്താൻ രവിക്കു കഴിയുമോ? ആ കഴിവുണ്ടാകുന്നതുവരെ എന്നെ കാണാൻ ശ്രമിക്കരുതു്.

കഴിഞ്ഞമാസം എഴുതിയതു് അങ്ങനെയാണു്. അതിനുള്ള മറുപടി നന്നായിരിക്കുന്നു. അങ്ങോട്ടു ചെല്ലുണ്ടപോലും.

അവൻ പറഞ്ഞു— ഞാൻ കടിക്കും, അതിനി മാറാനൊന്നും ഭാവല്യ. എതുയോ ആണുങ്ങൾ കടിക്കുന്നു. അവരുടെയെല്ലാം ഭാര്യമാരു് ഇവളെപ്പോലെ പെണങ്ങിനിക്കുണോ?"

— വായിൽ വിരലിട്ടാലും കടിക്കാത്ത പാവമായിരുന്ന രവി, എത്ര മാറിപ്പോയി! — അവൾ വിചാരിച്ചു

"മോളേ, എന്താ ഇനി വേണ്ടതു്? എത്ര്യായാലും താലികെട്ടിയ പുരുഷനല്ലേ? അനുസരിക്കേണ്ടവളല്ലേ ഭാര്യ?"

"അമ്മ ഇതിനെപ്പറ്റി ഒന്നും എന്നോടു ചോദിക്കണ്ട. ഞാനു് നിങ്ങൾക്കൊരു ഭാരമാവില്ല"

"ഓ — എന്റെ മോളുടെ വിധി — ദൈവമേ..."

പാവം അമ്മ!

പണ്ടെങ്ങോ വായിച്ച ഒരു കഥപോലെ രവിയെന്നിച്ചുള്ള ജീവിതം അവളുടെ ഓർമ്മയിൽ ചിലപ്പോഴെല്ലാം കടന്നുവരാറുണ്ടു്. രാത്രി, മിനിയുടെയും തുളസിയുടെയും നടുക്കു് ഉറങ്ങൽ കിടക്കുമ്പോൾ തന്റെ ഭർത്താവായിരുന്ന മനുഷ്യനെ ഓർമ്മവരും. ഉറക്കത്തിൽ തന്റെ മേൽ കാലുകയറിവെയ്ക്കുന്ന മിനിയും, പാറിച്ചേർന്നുകിടന്നു് കഴുത്തിൽ കൈചുറ്റുന്ന തുളസിയും രവി എന്ന പേരുള്ള പുരുഷനെ അവളുടെ ബോധമണ്ഡലത്തിലേക്കു തള്ളിയിടുമായിരുന്നു. പക്ഷെ, കൂടുതലടുത്തപ്പോൾ, അസഹനീയതയുണ്ടാക്കാനാവാത്ത, ചൂടും ചൊവ്വുമില്ലാത്ത, വെറും സ്മരണകളായി, കരിഞ്ഞ പൂക്കളായി അവയെല്ലാം.

പക്ഷെ, വിവാഹമോചനത്തെക്കുറിച്ചു സംസാരിക്കാൻ രവിയുടെ ബന്ധുക്കൾ വന്നപ്പോൾ, അവൾ തളർന്നുപോയി. തളർന്നുപോയ ഹൃദയത്തിൽ വർദ്ധിച്ചുവന്ന ഒരു പകയുടെ ശക്തികുറയുന്നതിനു മുമ്പു്, ദിനംപ്രതി എന്നെങ്കിലുമൊരിക്കൽ എല്ലാം കലങ്ങിത്തെളിയുമെന്നു് അവൾ ആശിച്ചിരുന്നതുകൊണ്ടു്. അദ്ദേഹം എന്തെങ്കിലും ചോദിക്കാൻ വരുമ്പോൾ എന്തുപറയുമെന്നു് അവൾ ഉരുവിട്ടുകൊണ്ടിരുന്നു. പക്ഷെ, അവരുടെ ശബ്ദം, നനഞ്ഞ ശബ്ദം, കേൾക്കുവാൻ കാതോർത്തിരുന്നിട്ടും, അവൾ

ശബ്ദത്തിനുപകരം അച്ഛന്റെയും തന്റെയും മുമ്പിൽ ചെല്ലുന്നതു പ്രതീക്ഷിച്ചപ്പോൾ, അവൾ അതുതടഞ്ഞുനിർത്തിയില്ല

"ഞാനെന്താ പറേണ്ടതു് മോളെ, അവതന്നെ?" അച്ഛൻ വല്ലാതെ തളർന്നിരുന്നു.

നഷ്ടപ്പെട്ടതെന്തോ കരുതിയിരുന്ന ലോകത്തേയ്ക്കു് തിരിച്ചുപോകാനുള്ള വാതിൽ ഇപ്പോഴും തന്റെ മുമ്പിൽ തുറന്നുകിടക്കുന്നുണ്ടെന്നു് അവൾ കരുതി. തന്റെയുള്ളിലുണ്ടായിരുന്നപ്പോൾ അദ്ദേഹം നല്ലൊരു ഭർത്താവായിരുന്നു. ഒരുപക്ഷെ, അതിലും നല്ലൊരു ഭർത്താവിനെ സങ്കല്പിക്കാനുപോലും തനിക്കു കഴിയില്ല എന്നതായിരിക്കാം കൂട്ടുകൽ ശരി. യോജിപ്പിന്നു് ഇന്നും രവിക്കു് വിരോധമില്ല അദ്ദേഹത്തിന്റെ എല്ലാ തെറ്റുകളും കുറവുകളും അംഗീകരിച്ചുകൊണ്ടു്, ചോദ്യംചെയ്യാത്ത മനസ്സുമായി അങ്ങോട്ടു ചെല്ലുകയേ വേണ്ടൂ. അവൾ ഇരുപതുവരെയും ആലോചിക്കുകയായിരുന്നു. ജീവിതകാലം മുഴുവൻ ആലോചിച്ചാലും ഇതിനൊരവസാനം കണ്ടെത്താൻ കഴിയില്ലെന്നു് അവൾക്കു തോന്നി. ഒരുപക്ഷെ, ഈ ബന്ധുക്കൾക്കു പകരം രവിതന്നെയാണു് വന്നതെന്നു കരുതുക. തന്റെ അടുത്തുവന്നു്, അധികാരത്തോടെ, സ്നേഹത്തിന്റെ ഗൗരവത്തോടെ, വിമലേ, വാ

"അതെ അതെ" കഷണ്ടിക്കാരൻ അനുകൂലിച്ചു.

"അപ്പോ, എന്താ ശങ്കരമേനോൻ പറേണോ?

ഒന്നും മിണ്ടാതിരുന്നാൽ പറഞ്ഞില്ലല്ലോ."

ആ ചോദ്യത്തിനു് അച്ഛൻ ഉടനെ മറുപടിപറഞ്ഞില്ല. ഒരുപക്ഷേ, ആലോചിക്കുകയായിരിക്കാം. മകളുടെ കഴുത്തിലെ താലി അറുത്തെറിയുന്ന ഒരുമറുപടി പെട്ടെന്നു പറയാൻ അച്ഛനു് എങ്ങനെ സാധിക്കും? മകളും ഭർത്താവും തമ്മിൽ പിണങ്ങിയപ്പോഴും, ആ പിണക്കത്തിനു ശക്തികൂടുന്നതനുസരിച്ചും, ദിനംപ്രതി വർദ്ധിച്ചപ്പോഴും, എന്നെങ്കിലുമൊരിക്കൽ എല്ലാം കലങ്ങിത്തെളിയുമെന്നു് അച്ഛൻ ആശിച്ചിരുന്നിരിക്കില്ലേ? മറിച്ചു് എന്തെങ്കിലും ചെയ്തിക്കാൻ അച്ഛനു് കഴിയുമോ? അച്ഛന്റെ വിറയ്ക്കുന്ന, വാത്സല്യം നനഞ്ഞ ശബ്ദം, നനഞ്ഞ ശബ്ദം, കേൾക്കുവാൻ കാതോർത്തിരുന്നതു് അവൾ

നഷ്ടപ്പെട്ടതെന്തോ കരുതിയിരുന്ന ലോകത്തേയ്ക്കു് തിരിച്ചുപോകാനുള്ള വാതിൽ ഇപ്പോഴും തന്റെ മുമ്പിൽ തുറന്നുകിടക്കുന്നുണ്ടെന്നു് അവൾ കരുതി. തന്റെയുള്ളിലുണ്ടായിരുന്നപ്പോൾ അദ്ദേഹം നല്ലൊരു ഭർത്താവായിരുന്നു. ഒരുപക്ഷെ, അതിലും നല്ലൊരു ഭർത്താവിനെ സങ്കല്പിക്കാനുപോലും തനിക്കു കഴിയില്ല എന്നതായിരിക്കാം കൂട്ടുകൽ ശരി. യോജിപ്പിന്നു് ഇന്നും രവിക്കു് വിരോധമില്ല അദ്ദേഹത്തിന്റെ എല്ലാ തെറ്റുകളും കുറവുകളും അംഗീകരിച്ചുകൊണ്ടു്, ചോദ്യംചെയ്യാത്ത മനസ്സുമായി അങ്ങോട്ടു ചെല്ലുകയേ വേണ്ടൂ. അവൾ ഇരുപതുവരെയും ആലോചിക്കുകയായിരുന്നു. ജീവിതകാലം മുഴുവൻ ആലോചിച്ചാലും ഇതിനൊരവസാനം കണ്ടെത്താൻ കഴിയില്ലെന്നു് അവൾക്കു തോന്നി. ഒരുപക്ഷെ, ഈ ബന്ധുക്കൾക്കു പകരം രവിതന്നെയാണു് വന്നതെന്നു കരുതുക. തന്റെ അടുത്തുവന്നു്, അധികാരത്തോടെ, സ്നേഹത്തിന്റെ ഗൗരവത്തോടെ, വിമലേ, വാ

എന്റെകൂടെ' എന്നു പറഞ്ഞുനോക്കുക. അവൾ അനുസരിക്കുമായിരുന്നില്ലേ? നൂറായിരം കാര്യങ്ങളെക്കുറിച്ചു ചിന്തിച്ചു തലപുകയ്ക്കാൻ അവൾക്കു സമയമുണ്ടാകുമായിരുന്നോ?

"കെട്ടുതാലി പൊട്ടിക്കല്ലേട്ടോ മോളേ." അമ്മ തേങ്ങി. അച്ഛന്റെ കണ്ണുകളിലും അതേ അപേക്ഷ നിറഞ്ഞുനിൽക്കുന്നതു് അവൾക്കു കാണാമായിരുന്നു. അവൾ മുറ്റത്തു് കത്തിയെരിയുന്ന വെയിലത്തേയ്ക്കു് നോക്കിനിന്നു. വെയിലിൽ വിവിധവർണ്ണങ്ങളുള്ള വളയങ്ങൾ നൃത്തംചെയ്തു. വളയങ്ങളല്ല വളപ്പൊട്ടുകൾ. ഉടഞ്ഞുചിതറിയ വളപ്പൊട്ടുകൾ. മണ്ണെണ്ണവിളക്കിന്റെ നാളത്തിൽ ചേർത്തുപിടിച്ചു് വളപ്പൊട്ടുകൾ വളച്ചുകോർത്തു മാലയുണ്ടാക്കി, ചുമരിലെ ഉണ്ണിക്കൃഷ്ണന്റെ ഫോട്ടോയ്ക്കു ചാർത്താറുള്ള കൂട്ടിക്കാലത്തേക്കുറിച്ചു് അവൾ ഓർത്തുപോയി. ഒരു രാത്രിയിൽ രവി, കൈപിടിച്ചുവലിച്ചുപ്പോൾ, പൊട്ടുന്നനെ നിലത്തുവീണു തകർന്നുചിതറിയ കുപ്പിവളകളെക്കുറിച്ചും ഓർത്തു. ഉമ്മറത്തു് നാട്ടുപ്രമാണിമാർ ഉറക്കെ മുറുക്കിത്തുപ്പി. നാട്ടിൽ നടന്ന അനേകം ബന്ധം വിടർത്തുകളുടെ കഥകൾ വായുവിൽ പറന്നുനടന്നു. "ഒന്നു പറയാല്ലോ— ഏച്ചുകെട്ടീട്ടാ മൊഴച്ചുനിക്കുന്നതുള്ള അഭിപ്രായക്കാരനാ ഞാൻ." ഒരു പ്രമാണി പറഞ്ഞു.

"അങ്ങനെയാ രവീം പറഞ്ഞതു്". സത്യം പറഞ്ഞാൽ അവൻ ഞങ്ങളെ ഇങ്ങോട്ടയച്ചതു്, ബന്ധം തീർത്തുവരാൻ പറഞ്ഞിട്ടാ. എന്നാലും മനുഷ്യരുടെ മനസ്സല്ലേ — ഇവിടന്നു് ഒരു യോജിപ്പുണ്ടാക്കിട്ടാ ഞങ്ങളു ചെല്ലുണ്ണിച്ചാലും അവൻ സമ്മതിക്കും. എന്റെ മരുമകനായതുകൊണ്ടു പറയുകല്ല. അവനൊരു പാവത്താനാ. അതാണല്ലോ ഇങ്ങനെയൊക്കെവന്ന കലാശിക്കാനും കാരണം." വല്യമ്മൻ പറഞ്ഞു.

"അച്ഛാ" അവൾ വിളിച്ചു. അച്ഛൻ തലയുയർത്തി മകളുടെ മുഖത്തേയ്ക്കു് നോക്കി. അതു് തീക്കട്ടപോലെ ജ്വലിക്കുന്നുണ്ടായിരുന്നു. അവൾ പല്ലുഞെരിക്കുകയായിരുന്നു.

"ബന്ധം തീർത്തു വേഗം കടന്നുപൂവാൻ പറയൂ അവരോട്!"

"മോളേ—" അമ്മ നിലവിളിച്ചു.

അച്ഛൻ ഒന്നും മിണ്ടാതെ. മെല്ലെമെല്ല തിരിഞ്ഞുനടന്നു.

കൊല്ലപ്പരീക്ഷയ്ക്കുമുമ്പു് പോർഷൻ തീർക്കുന്നതിനുള്ള തിരക്കിലായിരുന്നു. അവൾ പാഠങ്ങളിൽ മുഴുകി. തുളസിയേയും മിനിയേയും അടുത്തുപിടിച്ചിരുത്തി ചോദ്യങ്ങൾ ചോദിച്ചു ഉത്തരം കണ്ടെത്താൻ സഹായിച്ചു കൂട്ടികൾക്കു് പലപ്പോഴും, അവളുടെ ഉള്ളിലുകടന്ന ആത്മാർത്ഥത അലോസരമുണ്ടാക്കുകകൂടിചെയ്ത പക്ഷേ., അതൊന്നും അറിയാനോ, ആലോചിക്കാനോ അവൾക്കു സാധ്യമല്ലായിരുന്നു. പരീക്ഷ കഴിഞ്ഞപ്പോൾ, തുളസി പറഞ്ഞു. "ടീച്ചർ ഇല്ലായിരുന്നെങ്കിൽ എനിക്കിത്ര നന്നായിട്ടെഴുതാൻ പറ്റുമായിരുന്നില്ല. എല്ലാ കൂട്ടുകാരികളും അതന്യായം പറയണു." അവൾ മന്ദഹസിക്കുകമാത്രംചെയ്തു.

സ്കൂൾ പൂട്ടി വീട്ടിലേയ്ക്കുചെല്ലാൻപറഞ്ഞു്, അച്ഛൻ എഴുതി. പക്ഷേ വിമല പോയില്ല. പത്താംക്ലാസ്സിലേയ്ക്കു ജയിക്കുവാൻപോകുന്ന കുട്ടികൾക്കു് സ്കൂളിൽ സ്പെഷൽക്ലാസ്സു് ആരംഭിച്ചു. ഉച്ചയാകുന്നതുവരെ സ്പെഷൽ ക്ലാസ്സു്. വീട്ടിൽച്ചെന്നു് ഊണുകഴിഞ്ഞാൽ തുളസിക്കും, മിനിക്കും ട്യൂഷൻ. പിന്നെ വൈകുന്നേരം പുഴയുടെ കരയിലൂടെ, മിനിയുടേയും തുളസിയുടേയും കൂടെ അമ്പലത്തിലേയ്ക്കുള്ള യാത്ര. പലപ്പോഴും, ബാബുവും കൂടെയുണ്ടാകും. അമ്പലത്തിൽനിന്നു മടങ്ങുമ്പോൾ നേരം നല്ലപോലെ ഇരുട്ടിയിട്ടുണ്ടാകും. അപ്പോൾ ബാബുകൂടെയുള്ളതു് ഒരു ധൈര്യമാണു്.

സുമിത്രടീച്ചറുടെ കല്യാണത്തിനു പോകാതിരിക്കാൻ സാധിക്കുമായിരുന്നില്ല അത്രമാത്രം അടുത്ത സുഹൃത്തായിരുന്നു സുമിത്ര. സാധാരണയായി പ്രൈമറി ടീച്ചർമാരോടു് അല്പം അവജ്ഞയോടെ പെരുമാറുന്ന ഗ്രാജ്വേറ്റുകളുടെകൂട്ടത്തിൽ, വിമലയുടെ സ്വഭാവം വ്യത്യസ്തമായിരുന്നതാകാം സുമിത്രയെ ആകർഷിച്ചതു്. അവളുടെ അടുത്തു് ഒരിക്കലെങ്കിലും അപകർഷബോധത്തോടെ നിൽക്കേണ്ടിവന്നിട്ടില്ല സുമിത്രയ്ക്കു്. വരുന്ന വിവാഹാലോചനകളെക്കുറിച്ചെല്ലാം സുമിത്ര വിവരിച്ചുപറയുമായിരുന്നു. അനേകംപേരുടെ മുമ്പിൽ കാഴ്ചവസ്തുവായി, പശുവായി ചെന്നുനിന്നു് അവസാനം, ഒരാൾ സുമിത്രയെ കല്യാണംകഴിക്കാൻ നിശ്ചയിച്ചു. കല്യാണത്തിനു് വിമല ചെന്നില്ലെങ്കിൽ, സുമിത്ര കല്യാണം കഴിക്കില്ല എന്നായിരുന്നു ഭീഷണി. അവൾ തലേന്നു വൈകുന്നേരത്തന്നെ സുമിത്രയുടെ വീട്ടിലേയ്ക്കുപോയി. കല്യാണം കഴിഞ്ഞു് കൂട്ടിക്കൊണ്ടുപോകുമ്പോൾ, ഭർത്തൃഗൃഹംവരെയും വിമല അവളെ അനുഗമിച്ചു.

അവിടെവച്ചു് രാമനാഥനെ വീണ്ടും കണ്ടുമുട്ടി. രണ്ടുകണ്ടാൽ രാമനാഥൻ മിണ്ടാതെ ഒഴിഞ്ഞുമാറുമെന്നാണു് വിമല വിചാരിച്ചതു്. അത്രത്തിലായിരുന്നവല്ലോ, മുമ്പു് ബസ്സ്സ്റ്റാൻറിൽവെച്ചു് താൻ പെരുമാറിയതു്. പക്ഷേ, അതൊന്നും ഓർക്കുന്നഭാവമേ, അയാളുടെ മുഖത്തു് ഉണ്ടായിരുന്നില്ല കണ്ടപ്പോൾ, വെളുത്ത വലിയ പല്ലുകൾമുഴുവൻകാട്ടി ചിരിച്ചുകൊണ്ടു്, രാമനാഥൻ ഓടിവന്നു.

"ഹല്ലോ വിമല ഹൗ ഡു യു ഡു?"

"നോട്ടു് ബാഡ്" അവൾ മന്ദഹസിക്കാൻ ശ്രമിച്ചു.

"എന്റെ തറവാട്ടു് ഇവിടെ അടുത്താണു്. ഇന്നത്തെ കഥാനായകൻ ഒരു അകന്ന സഹോദരനായിട്ടു വരും. പിന്നെ വിശേഷങ്ങളൊക്കെ അറിഞ്ഞു. ഐ റിയലി, ഫീൽ പിറ്റി ഓഫ് ഇറ്റ്... വാട് കാൻ വീ ഡു!"

"പിന്നെ, മി, രാമനാഥന്റെ ബിസ്നസ്സ് എല്ലാം എങ്ങിനെയുണ്ടു്?" വിഷയം മാറ്റാൻവേണ്ടി അവൾ ചോദിച്ചു

"മോശമില്ല, എന്നും ഈ അലച്ചിൽതന്നെ ഇതിനിടയ്ക്കു ജീവിക്കാൻ മറന്നുപോകും. എന്നാ തോന്നുന്നതു്" അയാൾ ചിരിച്ചു

"ജീവിക്കാൻ എതായാലും മറക്കണ്ട" അവൾ പറഞ്ഞു.

"ഉടനെ പോവില്ലല്ലോ വിമല? ഇവിടത്തോളംവന്നിട്ടു് എന്റെ വീട്ടിലൊന്നു

കയറിക്കൂടാ?

"നേരംകിട്ടേ...ന്നറിഞ്ഞൂടാ. എപ്പഴാ തിരിച്ചുപൂവ്വന്ന ചോദിക്കട്ടേ, അവിടന്ന വന്നവരോട്ട". ഇവിടെ കാണുമല്ലോ?"

"കാണാം. ഞാൻ വിളിച്ചുണർത്തട്ടേ" ഒന്നെ ചെല്ലട്ടെ മിണ്ടാതെ പോകരുതൂട്ടോ" അയാൾ ധൃതിയിൽ നടന്നു പോയി

ഉടനെ തിരിച്ചുപോകണമെന്നുപറഞ്ഞു നില്ക്കയായിരുന്ന അന്നടിച്ചർ. ശാരദയ്ക്കും, ലീലാമണിക്കും തെല്ലുനേരംകൂടി കഴിഞ്ഞാലും തരക്കേടില്ലെന്നുണ്ട്".

"നമുക്ക പോകണ്ടെ?" കണ്ടപ്പോൾ അന്നടിച്ചർ ചോദിച്ചു. "പുവ്വാ" വിമല പറഞ്ഞു.

രാമനാഥൻ കണ്ടില്ല. ഭാഗ്യമായി— പുറത്തുകടന്നപ്പോൾ അവൾ നെടുവീർപ്പിട്ടു

വീട്ടിലെത്തിയപ്പോൾ, മിനി ഒരെഴുത്തുംകൊണ്ടു ഓടിവന്നു.

"കല്യാണമൊക്കെ നന്നായോ ടീച്ചർ?"

"ഫൊടിപൊടിച്ചു വിമല ചിരിച്ചുകൊണ്ടു പറഞ്ഞു

അവൾ കത്തു പൊട്ടിച്ചു. അച്ഛനാണു് എഴുതിയിരിക്കുന്നതു്. പതുക്കെ നടന്നു് മുറിയിലെത്തി, കട്ടിലിൽ ഇരുന്നു. വീട്ടിലെ വിശേഷങ്ങൾ ചുരുക്കി വിവരിച്ചിട്ടു്, അച്ഛൻ എഴുതിയിരിക്കുന്നു: "രവിയുടെ കല്യാണം അടുത്തമാസം പത്താംതീയ്യതിയാണെന്നു. തിരുവനന്തപുരത്തു് അയാളുടെ ആഫീസിൽത്തന്നെ ജോലിയുള്ള പെണ്ണിനെയാണു് കെട്ടുന്നതെന്നു് കേട്ടു"

കത്തു മടക്കി മേശയിലിട്ടു് അവൾ എഴുന്നേറ്റു പുറത്തിറങ്ങി. തൊടിയിലൂടെ നടന്നു് കിണറ്റിൽനിന്നും വെള്ളം കോരി മുഖം കഴുകി. കുറെ വെള്ളം കുടിക്കുകയും ചെയ്തു പിന്നെ തുളസിയും, മിനിയും ഇരിക്കുന്നേടത്തുചെന്നു് അവരോടു്, സുമിത്രയുടെ കല്യാണത്തിന്റെ വിശേഷങ്ങൾ പറയാൻതുടങ്ങി

കുറച്ചുകഴിഞ്ഞപ്പോൾ അവൾക്കു മടുത്തു. അവിടെനിന്നു് എഴുന്നേറ്റു് വല്ലപ്പന്റെ തൊടിക്ക അതിരിൽ വേലിത്തറിയിൽ പിടിച്ചുനിന്നു താഴെ നിറഞ്ഞൊഴുകുന്ന തോടു്. നിലത്തുനിന്നു് ഒരു വലിയ കല്ലെടുത്തു് അവൾ തേട്ടിലേയ്ക്കിട്ടു. അതു് വെള്ളത്തിൽ ചെന്നുവീണു് ഒരു വലിയ ഗർത്തമുണ്ടാക്കി. പിന്നെ അതു് മാഞ്ഞുപോകുകയും ചെയ്തു. തൊടിയിലെ ഭാവവ്യത്യാസങ്ങളൊന്നും ശ്രദ്ധിക്കാതെ ഏതാനും നിമിഷങ്ങൾ അവൾ അവിടെത്തന്നെ നിന്നു.

അവൾക്കു് വല്ലാത്ത ദേഷ്യംതോന്നു. തെമ്മാടിയായ കൊമ്പിലിരുന്നു് കൊക്കുരുമ്മുന്ന, കുളികളെ എറിഞ്ഞോടിച്ചു പിന്നെ മാവിന്റെ തടിയിൽ പടർന്നുകയറുന്ന ഇത്തിക്കണ്ണി പിടിച്ചുപറിച്ചെറിഞ്ഞു. തലയുയർത്തിയപ്പോൾ മുമ്പിൽ ചിരിച്ചുകൊണ്ടുനില്ക്കുന്ന ബാബു—

"ടീച്ചറെന്താ ഇവിടെ നിക്കണതു?"

"വെറുതെ ഇവിടെ നല്ല കാറ്റുണ്ടു് ബാബു" അവൾ ചിരിച്ചു

"കയ്യാലേടെ പിന്നിലെ രാവിന്റെ ചോട്ടിലാ ഏറ്റവും അധികം കാറ്റു്. ഞാനിവിടിരുന്നാ വായിക്കാറു്."

"എന്നാ നമുക്കവിടെപ്പോയിരിക്കാം" അവൾ നടന്നു.

മാഞ്ചുവട്ടിൽ ഒരു കല്ലിന്മേൽ അവൾ ഇരുന്നു. തലയിൽ ഉറുമ്പരിച്ചുകൊണ്ടു്, ബാബു പാമ്പിൻകാവിന്റെ ഭാഗത്തേയ്ക്കു നോക്കിനിന്നു.

"എന്താ തല മാന്തണേ? പേനുണ്ടോ?"

"ഉവ്വ്"ന്നാതോന്നണേ" അവൻ പിന്നെയും തല മാന്തി.

"ഇവിടിരിക്കു ഞാൻ നോക്കട്ടെ."

അവൻ നാണിച്ചുനാണിച്ചു് അടുത്തുള്ള കല്ലിൽ ഇരുന്നു.

"അയ്യയ്യാ...ഈ തലലപ്പടി പേനാ, പന്നിക്കുട്ടിയോളടെമാതിരി—ദേ എത്തുണ്ണാ" അവൾ പേനുകളെ കാരോന്നായി തെരഞ്ഞുപിടിച്ചു് നഖത്തിന്മേൽവെച്ചു് നഖംകൊണ്ടുമുട്ടിക്കാനുംകൊണ്ടിരുന്നു

തലോടിവളർത്തിയ അദ്ധ്യാത്തോരു് തലോടിവളർത്ത്യാ, ഇങ്ങിനെത്തന്ന്യാ തലലേയ"; ദിവസേന താളിതേച്ചു് അഴക്കും ചുളിംഒക്കെ കളേണം മനസ്സിലായ്യോ?" അവന്റെ തല മടിയിൽവെച്ചു് പേൻനോക്കിക്കൊണ്ടിരിക്കുമ്പോൾ അവൾ പറഞ്ഞു. മനസ്സിലെ അസ്വസ്ഥത എവിടെയോപോയിരുന്നു

"നാളെ ഞാൻ കുറേ താളിണ്ടാക്കി അരാംട്ടോ." അവൾ പറഞ്ഞു

"ബാബുന്നു് നീന്താനറ്യോ?"

"ഊ ഉം."

"അയ്യേ...വീട്ടിലൊരു കൊളങ്ങായിട്ടു് നീന്താനറിയ്യാന്നു്. കഷ്ടം!"

"എനിക്കു പേടിയാ"

"ഞാൻ പഠിപ്പിച്ചേരാം, വൈകുന്നേരം കുളിക്കുമ്പോ ഇളസീം, മീനീം എന്തസ്സലായിട്ടാ നീന്ത്യാന്നോ!"

ഓണത്തിനു് സ്കൂൾ പൂട്ടിയപ്പോൾ, അവൾ വീട്ടിൽപോയി. അവളെക്കണ്ടപ്പോൾ അമ്മയുടെ മുഖം ക്ലാനമായി. മകളുടെ വിധിയെക്കുറിച്ചു് ഓർത്തുപോയിരിക്കാം അമ്മ ഊണുകഴിഞ്ഞു് പുതുപ്പെത്തെ ചാരുകസേരയിൽകിടന്നു് മുറുക്കാൻ ചവച്ചുകൊണ്ടു് അച്ഛൻ പറഞ്ഞു:

"ഞാനിന്നാളു് നമ്മടെ രാമനാഥനെ കണ്ടു. അയാളൊരുകാര്യം പറേണ്ടായി ..."

"എന്താ?" അമ്മ ചോദിച്ചു

"രാമനാഥനു് വിമലേ കല്യാണംകഴിച്ചാൽ കൊള്ളാംന്നുണ്ടു് അയാൾക്കു് നല്ല സമ്പാദ്യാണുത്രെ"

"തരക്കേടൊന്നുല്യ ജാതകമൊക്കെ ശര്യാവ്വച്ചാ—"

"അതൊക്കെ നോക്കിയോ. അവൾടെ സമ്മതമാത്രം, ഇനി അറിയാനുള്ളു"

— രാമനാഥൻ എന്തെങ്കിലും ഇതുപറയുമെന്നു് അവൾ പ്രതീക്ഷിച്ചതാണു്. രാമനാഥൻ എന്നെ കൂടെ. അവൾ ആലോചിച്ചു. സ്കൂട്ടറിന്റെ പിന്നിൽ, അയാളുടെ വയറ്റത്തു കെട്ടിപ്പിടിച്ചിരിക്കുന്ന, കഴുത്തിനൊപ്പം തലമുടിയുള്ള കറുത്ത പെണ്ണിനെ ഓർത്തു, അയാളുടെ കൈയിൽ തൂങ്ങി, കോണികയറിപ്പോകുന്ന മെലിഞ്ഞ പെണ്ണിനെ ഓർത്തു പകരയാടെ അവൾ പല്ലുഞെരിച്ചു.

അടുത്തദിവസം വൈകുന്നേരം രാമനാഥൻ കയറിവന്നപ്പോൾ അവൾക്കു പ്രത്യേകതയൊന്നും തോന്നിയില്ല. അവളുടെ മുറിയിലെ മേശപ്പുറത്തുള്ള പുസ്തകത്തിന്റെ താളുകൾ വെറുതെ മറിച്ചുകൊണ്ടു് അയാൾ പറഞ്ഞു:

"അച്ഛനോടു് ഞാനൊരു കാര്യം പറഞ്ഞിരുന്നു."

"അറിഞ്ഞു." അവൾ നിർവ്വികാരമായി മറുപടികൊടുത്തു "വിമലയെപ്പോലെ മറുപടിയുള്ള ഒരു പെൺകുട്ടിയെ ഭാര്യയാക്കാൻ എനിക്കു് അർഹതയൊന്നുമില്ല. എന്നാലും ആദ്യം കണ്ടപ്പോൾമുതൽ എ

നോവൽ ഒൻപതു്

പി വത്സല

കോലവർഷം അഴുക്കുചാലുകളെ കഴുകി വൃത്തിയാക്കി. തെരുവുകൾ ഇരുമ്പു ഷീറ്റുകൾപോലെ ആയി. അലതി മരങ്ങളിൽനിന്നു് വേനലിലെ പൂക്കൾ മുഴുവനും കൊഴിഞ്ഞുപോയി.

നഗരായ കൊമ്പുകളിൽ നീണ്ട കായ്കൾ തൂങ്ങിക്കിടന്നു.

മഴക്കാറുകൾ കൂടച്ചൂടിനിന്ന തെരുവിലൂടെ നടക്കുമ്പോൾ ഗംഗ പറഞ്ഞു,

— ഞാൻ നാളെ കാലേയ്ക്കു് നാട്ടിൽപോകും. ജൂബിലി പ്രമാണിച്ചു് ഞങ്ങൾക്കു രണ്ടാഴ്ച ക്ലാസ്സില്ല.

അനുമോദനമൊന്നും അവൾ പറഞ്ഞില്ല.

ആൺകുട്ടികളുള്ള കോളേജിൽ പഠിക്കുന്ന ഗംഗയ്ക്കു് സ്വാതന്ത്ര്യമുണ്ടു്. സിനിമ കാണാം. ബീച്ചിൽപോകാം. ഇളംപുല്ലിൽ ഒന്നു നടക്കാൻ അവൾക്കു കൊതി തോന്നി.

മഴ കഴുകി വൃത്തിയാക്കിയിട്ട മണലുറ്റു് ചെന്നിരിയ്ക്കാൻ അവൾ ആഗ്രഹിച്ചു. കമ്പിവേലിയിട്ട മട്ടുപ്പാവിൽനിന്നുകൊണ്ടു് അവൾ ഗംഗയുടെ കോളേജിലേയ്ക്കു പോകുന്ന ശിവപ്രസാദിനെക്കണ്ടു. തിരിച്ചുവരുന്ന ശിവപ്രസാദിനെക്കണ്ടു. സിസ്റ്റർ വാർഡന്റെ കണ്ണിൽപെടാതെവേണം അവിടെ നില്ക്കാൻ. കയ്യിലൊരു നോട്ടപ്പുസ്തകമുണ്ടെങ്കിൽ അവരെ കബളിപ്പിയ്ക്കാം. സദാ പ്രാർത്ഥനാപുസ്തകം മുന്നിൽ നടക്കുന്ന കന്യാസ്ത്രീകളാണു് ഈ മറയുടെ സൌകര്യം അവൾക്കു മനസ്സിലാക്കിക്കൊടുത്തതു് —

കോളേജിൽ ക്ലാസ്സില്ലെങ്കിൽ, തന്റെ ടെന്നീസ്സിനു കിട്ടും. ക്ലാസ്സുകൾ തടങ്കൽ മുറികളല്ല.

നൂറുണ്ടു് പുഴക്കുള്ള, മുൻഗാമികളാൽ എഴുതപ്പെട്ട, ചെവി മടങ്ങിയ നോട്ടുപുസ്തകങ്ങൾ ഗംഗ നിവർത്തിവച്ചു കനുസ്മൃതികൾ വായന തുടങ്ങുമ്പോൾ, പെൺകുട്ടികൾ സപ്പോലാകേതയ്ക്കു് മടങ്ങുന്നു. ബോയ്ഫ്രണ്ടുകളുടെ പടങ്ങൾ നോട്ടിൽവരയ്ക്കുന്നു. തലേന്നുകണ്ട സിനിമാക്കഥ അയവിറക്കുന്നു. പാട്ടുന്നു. ഉറങ്ങുന്നു. നോവലോ കഥയോ വായിക്കുന്നു.

ഇതിനാണോ താൻ പണം നശിപ്പിക്കുന്നതു്!

നഗരത്തിലെ വിശാലമായ തെരുവുകളിലൂടെ ഒന്നു നടക്കാൻ അവൾക്കു കൊതി തോന്നി.

മഴ കഴുകി വൃത്തിയാക്കിയിട്ട മണലുറ്റു് ചെന്നിരിയ്ക്കാൻ അവൾ ആഗ്രഹിച്ചു. കമ്പിവേലിയിട്ട മട്ടുപ്പാവിൽനിന്നുകൊണ്ടു് അവൾ ഗംഗയുടെ കോളേജിലേയ്ക്കു പോകുന്ന ശിവപ്രസാദിനെക്കണ്ടു. തിരിച്ചുവരുന്ന ശിവപ്രസാദിനെക്കണ്ടു. സിസ്റ്റർ വാർഡന്റെ കണ്ണിൽപെടാതെവേണം അവിടെ നില്ക്കാൻ. കയ്യിലൊരു നോട്ടപ്പുസ്തകമുണ്ടെങ്കിൽ അവരെ കബളിപ്പിയ്ക്കാം. സദാ പ്രാർത്ഥനാപുസ്തകം മുന്നിൽ നടക്കുന്ന കന്യാസ്ത്രീകളാണു് ഈ മറയുടെ സൌകര്യം അവൾക്കു മനസ്സിലാക്കിക്കൊടുത്തതു് —

കോളേജിൽ ക്ലാസ്സില്ലെങ്കിൽ, തന്റെ ടെന്നീസ്സിനു കിട്ടും. ക്ലാസ്സുകൾ തടങ്കൽ മുറികളല്ല.

നൂറുണ്ടു് പുഴക്കുള്ള, മുൻഗാമികളാൽ എഴുതപ്പെട്ട, ചെവി മടങ്ങിയ നോട്ടുപുസ്തകങ്ങൾ ഗംഗ നിവർത്തിവച്ചു കനുസ്മൃതികൾ വായന തുടങ്ങുമ്പോൾ, പെൺകുട്ടികൾ സപ്പോലാകേതയ്ക്കു് മടങ്ങുന്നു. ബോയ്ഫ്രണ്ടുകളുടെ പടങ്ങൾ നോട്ടിൽവരയ്ക്കുന്നു. തലേന്നുകണ്ട സിനിമാക്കഥ അയവിറക്കുന്നു. പാട്ടുന്നു. ഉറങ്ങുന്നു. നോവലോ കഥയോ വായിക്കുന്നു.

ഇതിനാണോ താൻ പണം നശിപ്പിക്കുന്നതു്!

നഗരത്തിലെ വിശാലമായ തെരുവുകളിലൂടെ ഒന്നു നടക്കാൻ അവൾക്കു കൊതി തോന്നി.

മഴ കഴുകി വൃത്തിയാക്കിയിട്ട മണലുറ്റു് ചെന്നിരിയ്ക്കാൻ അവൾ ആഗ്രഹിച്ചു. കമ്പിവേലിയിട്ട മട്ടുപ്പാവിൽനിന്നുകൊണ്ടു് അവൾ ഗംഗയുടെ കോളേജിലേയ്ക്കു പോകുന്ന ശിവപ്രസാദിനെക്കണ്ടു. തിരിച്ചുവരുന്ന ശിവപ്രസാദിനെക്കണ്ടു. സിസ്റ്റർ വാർഡന്റെ കണ്ണിൽപെടാതെവേണം അവിടെ നില്ക്കാൻ. കയ്യിലൊരു നോട്ടപ്പുസ്തകമുണ്ടെങ്കിൽ അവരെ കബളിപ്പിയ്ക്കാം. സദാ പ്രാർത്ഥനാപുസ്തകം മുന്നിൽ നടക്കുന്ന കന്യാസ്ത്രീകളാണു് ഈ മറയുടെ സൌകര്യം അവൾക്കു മനസ്സിലാക്കിക്കൊടുത്തതു് —

കോളേജിൽ ക്ലാസ്സില്ലെങ്കിൽ, തന്റെ

ന്റെ മനസ്സിൽ കടന്നുകൂടി വളർന്നുവന്ന ഒരു മോഹമാണു്. അതു് മനസ്സിൽ ഒതുക്കിവെക്കാൻ ഇതുവരെ ശ്രമിച്ചു പിന്നെ തോന്നി, തുറന്നു പറഞ്ഞിട്ടു് ഫലം എന്തായാലും അനുഭവിക്കുന്നതാണു് ബുദ്ധി എന്നു്."

അവൾ നിശ്ശബ്ദയായി നിന്നതേയുള്ളൂ.

"ഞാൻ വളരെ നല്ലവനൊന്നുമല്ല കുടിയും വ്യഭിചാരവും എല്ലാം എന്റെ ജീവിതത്തിന്റെ ഒരു ഭാഗമായിരുന്നു. പക്ഷേ, അതെല്ലാം യൌവനത്തിന്റെ ചാപല്യങ്ങളായി കണക്കാക്കാവുന്നതേയുള്ളൂ. വിവാഹത്തിനുശേഷം, ഭാര്യയെ വേദനിപ്പിക്കാതിരിക്കാൻ കഴിയുമെന്നാണു് എന്റെ വിശ്വാസം."

കനത്ത മീശരോമങ്ങളെഴ വിറയ്ക്കുന്ന ചുണ്ടുകളിൽ നിർന്നിമേഷയായി നോക്കിക്കൊണ്ടു് അവൾ നിന്നു. അയാളുടെ ചുരുണ്ട മുടിയിഴകൾ കാറ്റിൽ ചലിച്ചു.

"നല്ലപോലെ ആലോചിച്ചിട്ടു് ഒരു തീരുമാനമെടുത്താൽ മതി. മറുപടി അനുകൂലമാണെങ്കിൽ ഈ മാസംതന്നെ വിവാഹം നടത്തണമെന്നുണ്ടു് എനിക്കു്." അയാൾ പുറത്തിറങ്ങി നടന്നുപോയി.

മഴപെയ്തുണ്ടായിരുന്നു. വടക്കേ വരാന്തയിൽ, മഴവെള്ളത്തിൽ നനഞ്ഞു തലകുനിച്ചു നില്ക്കുന്ന, ശംഖുപുഷ്പങ്ങളെ നോക്കിക്കൊണ്ടു്, അവൾ ഇരുന്നു. ഓട്ടുമുറ്റത്തുനിന്നു് കുത്തനെ മഴവെള്ളം വീണുണ്ടായ കുഴികൾ നിറഞ്ഞിരിക്കുന്നു. ഓവുചാലിൽ വലിയ പോളകൾ ഉണ്ടാകുന്നതും പൊട്ടിത്തകരുന്നതും അവൾ ശ്രദ്ധിച്ചു.

തണുത്ത കാറ്റുവീശി കുറെ വെള്ളത്തുള്ളികൾ പനിനീർ തെളിച്ചതുപോലെ അവളുടെ മുഖത്തും മാറത്തും വന്നുവീണു. അപ്പോൾ ഓർത്തതു്, നീന്തിനീന്തിച്ചെന്നു് പിടിക്കാൻ ശ്രമിക്കുമ്പോൾ, മുഖത്തു വെള്ളം തെറിപ്പിച്ചു് മുങ്ങി രക്ഷപ്പെടുന്ന ബാബുവിനെയാണു്. കറുത്തുവരുന്ന കുങ്കുമമീശയിൽ തടവിക്കൊണ്ടു് ബാബു മലകനിച്ചിരുന്നു. അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.

"ഇനി എന്താ ചെയ്യാ, ടീച്ചർ? ആലോചിക്കുമ്പോ എനിക്കു പേടിയാവുണ്ടു്. അച്ഛനറിഞ്ഞാൽ —"

"ആരും അറിയില്ല ബാബുവാണെന്നു ഞാൻ ആരോടും പറയില്ല."

"എന്നാലും ടീച്ചറുടെ ഗതി എന്താവും? നമുക്കു രണ്ടുപേർക്കുകൂടി മരിക്കാം ടീച്ചർ..."

"വേണ്ട ബാബു ബാബുവിന്റെ മറ്റാരമോനേയുള്ളൂ. വയസ്സായ അപ്പൂപ്പനുമമ്മീം, അമ്മായീം നോക്കാൻ ആരുള്ളതു്?"

മഴപോലെ കരയുന്ന ബാബു. മഴയേറു കുതിർന്നുകിടക്കുന്ന ഭൂമി. ഒരുതുള്ളി ദാഹജലത്തിനുവേണ്ടി കൈക്കുമ്പിൾകാട്ടി കുനിഞ്ഞുനില്ക്കുന്ന കറുത്ത മനുഷ്യൻ. തണുത്ത തായിൽ കമിഴ്ന്നുകിടന്നു് അവൾ തേങ്ങിക്കരഞ്ഞു. അവർക്കു് എന്താണു് ചെയ്യേണ്ടതെന്നു് യാതൊരു നിശ്ചയവുമുണ്ടായിരുന്നില്ല.

എഴുന്നേറ്റപ്പോൾ കൺമുമ്പിൽ കുന്നത്ത ഇരട്ടായ്തുന്നു, മഴ പെയ്യുകൊണ്ടേയിരുന്നു. കമ്പിവാതലിന്റെ വെളിച്ചത്തിൽ പടി കടന്നുവന്നു് മുറ്റത്തേയ്ക്കു കയറിയതു് അച്ഛനായിരുന്നു.

"വത്സലേ" അച്ഛൻ വിളിച്ചു.

അവൾ വിളികേട്ടപ്പോൾ, അച്ഛൻ വിളിക്കുകൊണ്ടു് അങ്ങോട്ടു ചെന്നു. അവൾ വേഗം എഴുന്നേറ്റു.

"എന്താ ഈ ഇരുട്ടത്തിരിക്കണേ നീയു്? അസുഖമൊന്നുല്യലോ?"

"ഊഹും." അവൾ തലകുനിച്ചുനിന്നു.

"മാമനാഥന്റെ കാര്യം മോളെന്താ തീരുമാനിച്ചേ? ഞാൻ നിന്നെ നിർബ്ബന്ധിക്കില്ല. എന്നാലും, നല്ലൊരു ബന്ധമാണു് അതു്ന്നാ എനിക്കു തോന്നണതു്. അയാൾക്കാച്ചാ നിന്നെ വല്യ ഇഷ്ടാണേ നീ."

അവൾ നിശ്ശബ്ദയായിനിന്നു.

"നീയെന്താ പറേണേ?"

"അച്ഛന്റെ ഇഷ്ടംപോലെ ആയ്ക്കോളൂ."

അവൾ വേഗം നടന്നു് അകത്തുചെന്നു കട്ടിലിൽ കമിഴ്ന്നുകിടന്നു. കണ്ണുകൾ പിന്നെയും നിറഞ്ഞൊഴുകി. ഏതോ അജ്ഞാതമായ പ്രവാഹത്തിൽപ്പെട്ടു് താൻ ഒലിച്ചൊലിച്ചു പോകുകയാണെന്നു് അവൾക്കു തോന്നി. അഹംഭാവംപോലെ, പ്രവാഹത്തെ ചെറുത്തുനിന്ന കനത്ത പാറകൾ നടുവിറിഞ്ഞു വഴിമാറുന്നതും, തീരങ്ങൾ തകർത്തുകൊണ്ടു് പുഴ കുനിക്കുത്തിയൊഴുകുന്നതും, അവൾക്കു് അനുഭവപ്പെട്ടു.

(അവസാനിച്ചു)

—o—

ണം. അടുത്തു കാണണം. മുഴക്കമുള്ള ആ ശബ്ദം കേൾക്കണം. തന്റെ പേരുച്ചരിയ്ക്കപ്പെടുന്നതു് കേൾക്കണം—

മട്ടപ്പാവിന്നും തെരുവീഥിയ്ക്കുമിടയിലെ അനന്തമായ ശൂന്യത സഹിയ്ക്കാൻ വയ്യ.

—രുഗ്മിണി നാളെ പൈകിട്ടു് പോയാൽമതി. ഉച്ചയ്ക്കു് രണ്ടരയുടെ ബസ്സിനു്. ബസ്സു് സ്റ്റേഷനിൽ ഞാനും വരാം—

—നിങ്ങൾ കന്യാസ്ത്രീകൾ സമ്മതിക്കുമൊ?

—ഇന്നു് വന്നില്ല, ഞാൻ? ഡാക്ടറെക്കാണാൻ! നാളെ ഷോപ്പിങ്ങിന്നു്—

—തനിയെ വിടുമൊ?

—രുഗ്മിണിവരു. ഉച്ചയ്ക്കു്! രുഗ്മിണിയെ സിസ്റ്റർക്കറിയാം. മീട്ടുക്കിയാണെന്നു പറയും. എന്തിനേ ആൺപിള്ളേരുടെ കോളേജിൽ ചെന്നു ചാടിയതെന്നു ചോദിയ്ക്കും!

.....രുഗ്മിണിയുടെകൂടെ ഇറങ്ങുമ്പോൾ സിസ്റ്റർ ഓർമ്മിപ്പിച്ചു,

—കൃത്യം ആറുമണി!

—അല്ല, സിസ്റ്റർ ആറു്-മുപ്പതു്!—രുഗ്മിണി പറഞ്ഞു,

ഒരു ഫ്ലിമിന്നുപോകട്ടെ, ഞങ്ങൾ! സിസ്റ്റർക്കു് എന്താണു് നഷ്ടം! നല്ലപടം! സൌണ്ടു് ഓഫ് മ്യൂസിക് കാണാത്തവർ ഈ നഗരത്തിലുണ്ടൊ?

—ഓ! അതാണു് പരിപാടി! നെവർ മൈൻറ്!

ഗേറ്റിന്നു പുറത്തിറങ്ങിയപ്പോൾ അനുരാധ ചോദിച്ചു,

—രുഗ്മിണി രണ്ടരയുടെ ബസ്സിന്നു പോകണംന്നു് പറഞ്ഞിട്ടു—

—നിന്നെ തിയേറ്ററിൽ വിട്ടിട്ടു് ഞാൻ ബസ്സ്കേറിക്കോളാം. രണ്ടും ഒരടുത്താണല്ലൊ!

—രുഗ്മിണിയ്ക്കു് പടംകാണേണ്ടെ?

—ധൃതിയില്ല. അടുത്താഴ്ച!

ഏതു നിമിഷവും പെയ്യുമെന്ന ഭീഷണിയുമായി ആകാശം മുഖം കറുപ്പിച്ചു നിന്നു.

തിയേറ്ററിന്നു മുമ്പിലെത്തിയപ്പോൾ അവളുടെ ശരീരം വിറച്ചു.

നാലുകൊല്ലം സിറ്റിയിൽ താമസിച്ചിട്ടു് ഇന്നുവരെ ഒരു പടം കണ്ടിട്ടില്ല തന്റെ നാട്ടിൻപുറത്തു് വേനലിൽ മുച്ചൂടും കരിച്ചുകിടക്കുന്ന ഗ്രാമത്തെ കല്ലുക്കുണ്ണർ

ത്താൻ ഒരു ട്രാൻസ്പോർട്ട് ടാക്കീസ് വരാറുണ്ടായിരുന്നു. മകരക്കൊയ്ത്തു കഴിഞ്ഞ പാടത്തെ വരണ്ട കട്ടകൾ തട്ടിനിരപ്പാക്കി, നാല്പാലികൾ സ്ഥാപിച്ചു്, ചുറ്റും വേലികെട്ടി, തമ്പു് പണിയും ഉച്ചഭാഷിണികൾ അലറാറുണ്ടായിരുന്നു.

കുന്നുംചുറ്റുമുള്ള കുശുമ്പാങ്ങൾ പഴുത്തുവീഴും കാലം. പ്രഭാതങ്ങളിൽ അണ്ടികൾ ശേഖരിച്ചു, അമ്പുമ്പക്കാരിമൻറ പെട്ടിപ്പീടികയിൽ വിറ്റു്, പുഴയിൽ മുങ്ങി കുഞ്ഞി പിഴിഞ്ഞു ബലപ്പെടുത്തിയ കൂപ്പായ മീട്ടു് കുട്ടികൾ കുഭവെയിലിലൂടിയിട്ടു തമ്പുകളിലേയ്ക്കു പാഞ്ഞുപോകും.

തമ്പിന്നകത്തെ സിനിമകാണാൻ അവളെ വീട്ടുകാർ ഒരിയ്ക്കലും അനുവദിച്ചിരുന്നില്ല. വേനലൊഴിവിൽ ഇളയമ്മയുടെ വീട്ടിൽ പോകുമ്പോൾ അവൾ ഒന്നോ രണ്ടോ പടങ്ങൾ കണ്ടിരുന്നു.

രാമദാസു് അവളോടു പറയും,

— നിനക്കു വേണ്ടീട്ടാണു്! മൂന്നുമണിക്കു് ഇതിന്നകത്തു് ചടഞ്ഞിരിയ്ക്കാൻ എനിയ്ക്കിഷ്ടമില്ല—

— ദാനേട്ടനിരിയ്ക്കേണ്ട. പടംതീരുമ്പോൾ വന്നാൽ മതി.

— അമ്മസമ്മതിയ്ക്കില്ല! എതായാലും വന്നില്ലെ!

പക്ഷെ, തനിയെ ഒരു തിയേറ്ററിന്നകത്തു്! രുഗ്മിണിയുടെകൂടെ ഇറങ്ങിപ്പോന്നതു് വിഡ്ഢിത്തമായി.

തിയേറ്ററിന്നകത്തു് ഇരുട്ടുവീഴാൻ അവൾ ഉൽക്കണ്ഠയോടെ കാത്തിരുന്നു,

സ്ക്രീനിൽ വെളിച്ചം പരന്നതു് അവളറിഞ്ഞില്ല മുഗ്ദ്ധമായ സംഗീതത്തിൽ അവൾ ആണ്ടുമുങ്ങി നീലച്ചുവിയുള്ള മഞ്ഞുപാളികൾ അവളെ മൂടി.....

വിങ്ങുന്ന ഫാളിൽനിന്നു് പുറത്തുകടന്നപ്പോൾ ചുവന്ന പരവതാനിയിൽ കൃത്രിമ നിലവിളക്കുകൾ.

അവൾ മുഖമുയർത്തിയില്ല. നാട്ടിൽനിന്നു പടം കാണാനെത്തിയ ഒരു മുഖമെങ്കിലും—

പരിചയമുള്ള കണ്ണുകളെ നേരിടാനവർക്കു ശക്തിയില്ല.

കോൺവെൻറിൻറ തേലിച്ചാടിനടന്ന പെൺകുട്ടി, തനിച്ചു് തിയേറ്ററിൽ—

പരവതാനിയിൽനിന്നു കണ്ണുപറിയ്ക്കുന്നതെ അവൾ ഗേറ്റിലേയ്ക്കു നടന്നു.

ചുവന്ന വെയിലിൽ കുമ്പിവേലി വെട്ടിത്തിളങ്ങി.

റോഡു് മുറിച്ചുകടന്നു ഗേറ്റിന്നെതിരെയുള്ള ബസ്സ്റ്റോപ്പിലെത്തിയപ്പോൾ അവൾ ദീർഘമായി നിശ്വസിച്ചു.

ഒരു സിനിമകാണുന്നതു് ഇത്ര വലിയ പാതകമൊ? അകത്തിരുന്ന കണ്ടതെന്തെന്നു് അവൾ ഓർക്കാൻ ശ്രമിച്ചു.

അവ്യക്തവർണ്ണങ്ങൾ

ഒരു താളത്തിൻറ, ഒരു രാഗത്തിൻറ പാദവിന്യാസം ഉള്ളിൽ മിടിച്ചുകൊണ്ടിരുന്നു—

അവൾ വരികൾ ഓർക്കാൻ ശ്രമിച്ചു.

ശൂന്യത. അക്ഷരശൂന്യമായ ഒരു സംഗീതം. മറക്കാനാവാത്ത ഒരു താളം— ഒരു സായന്തനത്തിൻറ ഉൾക്കിടിലം കൊണ്ടു് നേടിയതു് അതാണു്—

കോളേജുറോഡിലേയ്ക്കു കടക്കുന്ന ബസ്സുകളെ ഓർമ്മിച്ചു—

നമ്പർ ഒന്നു്—

— രാധേ!

അവൾ ഞെട്ടിത്തിരിച്ചു.

മുമ്പിൽ ഒരു വെളുത്ത ഉടുപ്പു്. അവൾ മുഖമുയർത്തി. പ്രകാശം മിന്നുന്ന മുഖം— വെയിലുദിച്ച കണ്ണുകൾ—

ശ്വാസം വിടാതെ അവൾ നോക്കി

നിന്നു—

മുക്തിയുടെ കവാടം—

ദൈവമേ, ഇതു വിശ്വസിയ്ക്കാമോ?

തന്റെ കണ്ണുകളെ വിശ്വസിയ്ക്കാമോ?

അവൾ കീഴ്നോക്കി. തറിട്ട റോഡ്. മണ്ണ്പുരണ്ട നടപ്പാത. എതിരെ പഴക്കടെ. തീയേറ്ററിൽനിന്നു വരുന്ന നേത്തമണിക്കൂക്കം—

— രാധേ!

ഇരുട്ടിൽ വീണുപോയ കുട്ടിയുടെ മട്ടിൽ അവൾ പരിഭ്രമിച്ചു. പിന്നെ ഉറച്ചകാലിൽ നിന്നു

അവളുടെ ചുണ്ടുകൾ ചലിച്ചു. എന്താണു് പറയേണ്ടതെന്നറിയാതെ അവ പാതി തുറന്നടിൽ നിന്നു. അവളുടെ അന്തഃകരണം സ്തബ്ധമായി

മന്ദഹസിയ്ക്കുന്ന ചുണ്ടുകൾ പറഞ്ഞു,

— വരൂ. ഇവിടെ നിന്നാൽ വല്ലപ്പോഴുമെ ബസ്സ് കിട്ടൂ. അടുത്ത സ്റ്റോപ്പിലേയ്ക്കു നടക്കാം—

അവൾ അനുഗമിച്ചു

ശിവപ്രസാദിന്റെ ശരീരത്തിന്റെ ഗന്ധം ഒരു മുജ്ജന്മ സുകൃതംപോലെ അവളിലേയ്ക്കു് ഊർന്നിറങ്ങി

ഇടത്തെച്ചുമലിൽ പറന്നിപ്പിടിച്ചുനിന്ന ഒരു പൊടി തുള്ളികളെയാൻ അവൾ വെമ്പി

ശിവപ്രസാദ് ചെരിഞ്ഞുനോക്കി.

— എന്താണു്?

— ഒരു... ഒരു... അവൾ ചുമലിൽ വിരൽചൂണ്ടി.

പൊടി തട്ടിക്കളഞ്ഞു് ശിവപ്രസാദ് പറഞ്ഞു,

— പെൺകുട്ടികൾക്കേ ഇതു് കാണാൻ പറ്റൂ.

തപ്പാലാപ്പിസിനു മുമ്പിൽ കവലയിലുള്ള ബസ്സ്സ്റ്റോപ്പ് ദൂരെനിന്നു കാണാം— പാതിദൂരം നടന്നില്ല

ജനക്കൂട്ടത്തിലെ ഏകാന്തതയിൽ സ്വന്തം കാലൊച്ചയും ചെവിയോർത്തുകൊണ്ടു നടന്നു— നെഞ്ചിടിപ്പിന്നാണു് കൂടുതൽ ശബ്ദം—

മുക്കുത്തി പൊടിഞ്ഞ വിയർപ്പു് തുവാലകൊണ്ടു് തുടയ്ക്കാറാൻ അവൾക്കു ധൈര്യമില്ല.

ഒരു ചലനം, ഒരു ശബ്ദം— വിസ്മൃതിയുടെ ഈ നിമിഷത്തെ കൊന്നുകളയും—

മെയിൻറോഡിൽനിന്നു് ഉള്ളോട്ടു് തള്ളി നില്ക്കുന്ന ക്വാറൻ കെട്ടിടത്തിനു മുമ്പിലെത്തിയപ്പോൾ ശിവപ്രസാദ് നിന്നു—

— നമുക്കൊരു കാപ്പികുടിയ്ക്കാം—

ചോർച്ചിലൂടെ ഡയനിങ്ങ് ഹാളിലേയ്ക്കു കടക്കുമ്പോൾ അവൾക്കവളെത്തന്നെ വിശ്വസിയ്ക്കാൻ കഴിഞ്ഞില്ല

ഒരു സങ്കോചവുമില്ല. ഏതോ ഒരു പുരുഷന്റെകൂടെ നഗരത്തിലെ പ്രസിദ്ധ ഹോട്ടലിൽ. ഇതു് രാധതന്നെയോ!

തിരക്കൊഴിഞ്ഞ കോണിൽ ഒരു ടേബിളിന്റെ ഇരുവശവുമായി അവർ ഇരുന്നു.

ഹിമാനിപോലെ കനത്ത അഭേദ്യമായ നിശ്ശബ്ദത അവരെ സ്തബ്ധരാക്കി.

എത്ര നാളുകൾ! എത്രയെത്ര കാത്തിരിപ്പുകൾ

ഒരു നോട്ടത്തിനുവേണ്ടി. ഒരു ശ്വാസത്തിനുവേണ്ടി. ഒരു സ്പർശത്തിനുവേണ്ടി. ഒരു വാക്കിനുവേണ്ടി—

ഇപ്പോൾ എല്ലാ കാത്തിരിപ്പുകളേയും ഏതോ ഒരു അദൃശ്യകരം അടച്ചുകളഞ്ഞതുപോലെ തോന്നി. എങ്ങു വാതിലിലാണു് മുട്ടേണ്ടതു്.

കൈത്തലങ്ങൾ പൂപ്പാത്രത്തിൽ ചേർത്തു പിടിച്ചു് അവൾ അനങ്ങാതിരുന്നു.

മുണ്ണിനുമുമ്പിൽ ശിവപ്രസാദ്.

തന്റെ ശിവപ്രസാദു്.

കൈനീട്ടാതെതന്നെ മേശപ്പുറത്തിരിക്കുന്ന ആ കൈകളെ സ്പർശിയ്ക്കാം. വിരലുകൾ ആഷ്ടേയിൽ തെരുപ്പിടിച്ചുകൊണ്ടിരിക്കുന്ന ശിവപ്രസാദിന്റെ ശ്വാസത്തിൽ തന്റെ നെറ്റിയിൽ വീണുകിടക്കുന്ന മുടിച്ചുരുളുകളിളകുന്ന കൊച്ചുകുഞ്ഞുങ്ങളെപ്പോലെ കൈവിരി അടുക്കാനാഗ്രഹിക്കുന്നു.

—നിങ്ങൾക്കെന്താണു് എന്നോടു പറയാനുള്ളതു്? എന്തായാലും— കേൾക്കാൻ അനുരാധ തയാറായിരിക്കുന്നു.

ഈ നിശ്ശബ്ദത വീർപ്പുമുട്ടലാണു്— തലപ്പാവുധരിച്ച വെയ്റ്റർ അടുത്തു വന്നുനിന്നു

—കാപ്പി!

സ്വരംകേട്ടു് അവൾക്കു് അത്ഭുതമായി, ഇതു് ശിവപ്രസാദിന്റെ ഒച്ചതന്നെയോ? അനന്തതയിൽനിന്നൊരു പഴത്തില അടർന്നുവീഴുന്നതുപോലെ—

അടുത്ത ടേബിളുകളിലെ അനക്കങ്ങൾ അവരെ അലോരസപ്പെടുത്തിയില്ല.

ഷർട്ടിന്റെ പോക്കറ്റിൽ മിഴിയുന്നി രാധ കാതോർത്തിരുന്നു—

ഈ പോക്കറ്റിൽ തന്റെ സമ്മാനം വിശ്രമിച്ചിട്ടുണ്ടാവുമോ? അതിനെന്തു സംഭവിച്ചു? അങ്ങനെയുംചെയ്യുമെന്റെ പ്രാണവായുകൊണ്ടു് മനംഞെരുങ്ങുന്ന ആ കൊച്ചു സമ്മാനം?

പറയൂ, എന്തെങ്കിലുമൊന്നു പറയൂ

വെയ്റ്റർ കൊണ്ടുവരുന്ന ഒരു കാപ്പിയ്ക്കുവേണ്ടിയല്ല അനുരാധ ഈ മേശയ്ക്കരികിൽ കാത്തിരിക്കുന്നതു്. അലയാഴിപോലെ ഇരമ്പുന്ന നഗരത്തിൽ ഏകാന്തതയുടെ ഒരു കൊച്ചു തുരുത്തുണ്ടാക്കി തപസ്സിരിക്കുന്നതു്—

കർട്ടൻ ചുരുക്കിയിട്ട വലിയ വാതായനത്തിലൂടെ നാലുനിലക്കെട്ടിടത്തിന്റെ കിടപ്പറകൾ കണ്ണുറുക്കുന്നു...

— അങ്ങനെന്നെ ഭയപ്പെടുകയാണു്.

അനുരാധ അങ്ങയുടെമേൽ ഒരവകാശവും സ്ഥാപിക്കുന്നില്ല. ഒരു മിസ്സിസ്സ് ശിവപ്രസാദാവണമെന്നു് അനുരാധയ്ക്കു് ആഗ്രഹമില്ല. അനുരാധ അനുരാധമാത്രമാണു്. ശിവപ്രസാദിന്റെ സ്നേഹം കാംക്ഷിക്കുന്ന ഒരു പാവം പെൺകുട്ടി,

ഇക്കാണുന്ന ഏതെങ്കിലുമൊരു ഏകാന്തതയിൽവച്ചു് തകർക്കുക്കെന്നെ ധന്യയാക്കാം—ഈ അഹല്യയ്ക്കു മോചനം നൽകാം...

കടത്തുകാരൻ മാണ്ടന്റെ കാവൽമാടത്തിന്റെ തണലിൽ കൊച്ചു കുടയുണ്ടാക്കി പാർക്കുന്ന അമ്മുക്കുട്ടിയെ രാധ ഓർത്തു

അമ്മുക്കുട്ടി അവളുടെ മകനെ ആ പുഴക്കരയിൽ വളർത്തിയെടുത്തു.

അവളോടു് അച്ഛനമ്മമാരെപ്പറ്റിയും ചോദിച്ചു.

— ഈ കുട്ടിയുടെ അച്ഛനാരാണു്?

നാട്ടുകാർ ചോദിച്ചു. —തന്തയാരു്?

അവൾ മൗനമുദ്രിതമായ ചുണ്ടിൽ പുഞ്ചിരിയുമായി നിന്നു.

ആങ്ങള വെട്ടുകത്തിയുമായലറി—

— ഞാനിവളുടെ കഴുത്തറുക്കും!

—അറുകൊല അരുതേ! ആരോ കൈപിടിച്ചു

അമ്മുക്കുട്ടി പെറ്റു. അവളേയ്ക്കുമാത്രമായിത്തീർന്ന കുഞ്ഞിനെ മണൽത്തിട്ടയിൽ വളർത്തിയെടുത്തു...

അമ്മുക്കുട്ടിയെ മറക്കാൻ രാധയ്ക്കു കഴിഞ്ഞില്ല.

അമ്മാവന്റെ വീട്ടിൽ പോകുമ്പോൾ കടക്കുന്ന പുഴയുടെ ഓരത്തെ കളർമ്മ മറക്കാൻ കഴിഞ്ഞില്ല.

ആ അമ്മുക്കുട്ടിയുടെ ഭാഗ്യംപോലും അങ്ങു് ഈ രാധയ്ക്കു് അനുവദിക്കയില്ലെ?

നരയിട്ടുവന്ന വാക്കുകൾ ചങ്കിൽ തടഞ്ഞുനിന്നു. കാപ്പി ആറിത്തണുത്തു.

തണുത്ത കാപ്പി ചുണ്ടോടടുപ്പിച്ചു ശിവപ്രസാദു് പറഞ്ഞു,

—രാധയ്ക്കു് മറ്റൊരു കാപ്പി കൊണ്ടുവരാൻ പറയട്ടെ? അവൾ തലയാട്ടി...

പോർച്ചിനുകീഴെ എത്തിയപ്പോൾ അവൾ ചോദിച്ചു,

—എന്നാണു് നാട്ടിൽ പോകുന്നതു്?

—നാടോ! എനിക്കു നാടില്ല. ഉണ്ടെങ്കിലും പോകുന്നപതിവില്ല

—അമ്മ കാത്തിരിക്കയില്ലേ?

—അമ്മയ്ക്കെന്നെ നന്നായറിയാം. എനിക്കുവേണ്ടി കാത്തിരിക്കുന്നവർ വിഡ്ഢികളാവും— മനസ്സിലാവുന്നു—

—രാധ വിഡ്ഢിയാണു്...

അപരാഹ്നം കയറിച്ചുവിട്ട ജനം അവരുടെ ഇരുവശത്തൂടെ ഒഴുകി. ഒഴുക്കിലെ ഇലകളായി അവർ നീങ്ങി.

—ചിലപ്പോൾ എഴുതാൻ വൈകുന്നതിനു് രാധയ്ക്കിതു പരിഭവമെന്തിനു്?

—ഞാൻ പരിഭവിക്കില്ല—

— ഞാനങ്ങനെയാണു്. മുറപോലെ ഒന്നും ചെയ്യില്ല

—മുറവേണ്ട. എന്തെങ്കിലും എഴുതിയാൽ മതി. സൌകര്യപ്പെടുമ്പോൾ.

—സൌകര്യം നാം ഉണ്ടാക്കുന്നതല്ലെ?

ശരിയാണു് വീണുകിട്ടിയ ഒരു സായാഹ്നം കൈക്കുടന്നയിലെ വെള്ളംപോലെ നിമിഷംകൊണ്ടു ചോർന്നതീരുന്നതു് നോക്കിനിന്നവർ—

കവലയിൽ അവൾക്കുള്ള ബസ്സ് കാത്തുകിടന്നു.—രാധ കയറിയിരിക്കു, പിന്നിടു് സീറ്റ് കിട്ടില്ല...സീറ്റിലിരുന്നവൾ പുറത്തേയ്ക്കുനോക്കി,

ശിവപ്രസാദു് ചിരിച്ചു. ആ സായാഹ്നത്തിൽ ആദ്യത്തെ ചിരി. അടഞ്ഞ കവാടം തള്ളിത്തുറന്നു വഴിയുന്ന മന്ദഹാസം.

കൈവീശി ആൾക്കൂട്ടത്തിൽ അലിഞ്ഞുചേരുന്നതുനോക്കി രാധ മൂകയായി. ഉള്ളിലുറന്ന തേങ്ങലിനെ അവൾ കടിച്ചമർത്തി.

(തുടരും)

ഉച്ചതിരിഞ്ഞപ്പോൾത്തൊട്ട് കിഴക്കോട്ട് ഇഴഞ്ഞിഴഞ്ഞു നീങ്ങിയിരുന്ന നിഴലുകൾ വാകക്കുന്നിന്റെ താഴ്വരയിൽ തളർന്നുകിടന്നു.

അമ്പലപ്പാമ്പിലെ അരയാലിൻ കൊമ്പുകളിൽ ഉറങ്ങിക്കിടന്നിരുന്ന കടവാതിലുകൾ കണ്ണുതിരുമ്മി ഉണരുന്നു.

കളികഴിഞ്ഞുവന്ന അമ്മു മുറ്റത്തിലക്കുള്ള കോണിപ്പടികൾ ഓടിക്കയറുമ്പോൾ മുത്തശ്ശി അതുകണ്ടു.

"മെല്ലെ മെല്ലെ, എന്തിനാ ഇങ്ങനെ ഓടണെ. ഒന്നിനോളംപോന്നേ പെണ്ണായി. ഏന്നിട്ടാ ഓട്ടോം ചാട്ടോം"

മുത്തശ്ശി പിറുപിറുത്തു.

അമ്മു കിതച്ചുകിതച്ചു മുകളിലെത്തിയപ്പോൾ അടച്ചുപൂട്ടിയ മുറിക്കകത്തു കൂട്ടിമുത്തശ്ശി ചുമയ്ക്കുന്നതുകേട്ടു കൂട്ടിമുത്തശ്ശിക്കു ശ്വാസമുണ്ട്.

അമ്മു ശബ്ദമുണ്ടാക്കാതെ ചുമരോടു ചേർന്നു വടക്കുവശത്തെ ജനവാതിലിൽക്കൂടി അകത്തേക്കു പാളിനോക്കി. കൂട്ടിമുത്തശ്ശി പാവം നിലത്തുകുത്തിയിരുന്നു എന്തോ തെരയുകയാണു്. എപ്പഴും അതാണു് മുത്തശ്ശിടെ പണി. തെരയല്. കഴിഞ്ഞ ഇരുപതിലേറെ വർഷങ്ങളായി മുത്തശ്ശി തെരയുന്നു. എന്താ തെരയുന്നതെന്നു് ഇന്നും ആർക്കും ശ്രദ്ധമില്ല.

നോവൽ മൂന്നു്

പമ്മൻ

തേങ്ങാച്ചമ്മന്തിപോലത്തെ ചതഞ്ഞരഞ്ഞ മുത്തശ്ശിയുടെ ശബ്ദം അകത്തെ തളത്തിൽ ചിതറിക്കിടന്നു.

"മാധവീ" മുത്തശ്ശി വിളിച്ചു.

ആരും വിളികേട്ടില്ല.

"മാധവീ" മുത്തശ്ശി വീണ്ടും വിളിച്ചു

അപ്പോഴും ആരും വിളികേട്ടില്ല.

"ഒന്നല്ലെങ്കിൽ മന്നു് വിളിച്ചാൽവരില്ല" മുത്തശ്ശി മുരണ്ടു.

"എന്നാൽ പണ്ടാരം അങ്ങട്ടു് കെട്ടിയെടുക്കുമോ. അതുംല്യ എന്തു മഹാപാപാണാവോ മുൻജന്മത്തിൽ ചെയ്തിരിക്കണെ, ഗുരുവായൂപ്പാ ജഗദീശ്വരാ" ഒരു ദീർഘനിശ്വാസത്തോടെ മുത്തശ്ശി തൽക്കാലത്തേക്കു് മതിയാക്കി.

കളത്തിലെ കല്യാണിത്തള്ളയെയാണു് മുത്തശ്ശിയെ നോക്കാൻ ഏർപ്പെടുത്തിയിരുന്നതു്. കല്യാണിത്തള്ള പറഞ്ഞാൽ മാത്രമെ കൂട്ടിമുത്തശ്ശി അനുസരിക്കു. വീട്ടിലുള്ളവരോടെല്ലാം കൂട്ടിമുത്തശ്ശിക്കു് ദേഷ്യമായിരുന്നു. അതുകൊണ്ടു് ആരുമതന്നെ അങ്ങനെ അവിടേക്കു് പോകാറില്ല. വല്ലപ്പോഴും അങ്ങോട്ടൊന്നെത്തിനോക്കുന്നതു് അമ്മു മാത്രമാണു്. അമ്മുനെ കണ്ടാൽ ചിലപ്പോൾ ചിരിക്കും ചിലപ്പോൾ കരയും. പിന്നെ പരസ്പര ബന്ധമില്ലാത്ത എന്തെങ്കിലുമൊക്കെ പറഞ്ഞുതുടങ്ങും. അമ്മുനും കൂട്ടിമുത്തശ്ശിയെ കാര്യമായിരുന്നു. വെളുവെളാന്നു് മുറ്റാണ്ടൻ

മാങ്ങയുടെ നിറമുള്ള കുട്ടിമുത്തശ്ശി. ചൊട്ട യടിച്ചതലയിലെ നരച്ച കറുത്തരോമങ്ങൾ ക്കു താഴെ തിളങ്ങുന്ന മുട്ടൻ കണ്ണുകൾ വ രച്ചുവെച്ചപോലത്തെ കൊച്ചു ചുറികൾ. ചെറുപ്പത്തിൽ കുട്ടിമുത്തശ്ശി അതിസുന്ദരി യായിരുന്നുവത്രെ. ആദ്യകാലങ്ങളിൽ അ ത്ര സൗന്ദര്യമുള്ള ഒരു സ്ത്രീ അക്കാലത്തു് ഉണ്ടായിരുന്നില്ല. കുട്ടിയമ്മ എന്നായിരു ന്നു ശരിക്കുള്ള നാമധേയം. വിളിച്ചിരു ന്നതു് കുട്ടിന്നു്. വിവാഹപ്രായമായ പ്പോൾ കുട്ടിക്കു് നല്ല നല്ല ആലോചന കൾ പലതും വന്നു. പേരുകേട്ട ഇല്ലങ്ങ ളിലെ നമ്പൂരാരും പണക്കാരായ നായ ന്മാരും പലരും. പക്ഷെ കുട്ട്യമ്മ കൂട്ടാ ക്കിയില്ല കാണാൻവന്നവരെ ഒന്നു മുഖ മുയർത്തിനോക്കുകപോലും ചെയ്യാതെ അ വൾ തഴഞ്ഞുതള്ളി. ആരുവന്നാലും ആരു ചോദിച്ചാലും കുട്ടിയമ്മയ്ക്കു് ഒന്നേ പറയാ നുണ്ടായിരുന്നുള്ളു "എനിക്കു് വേണ്ടാന്നു്" പറഞ്ഞിരുന്നില്ല. പിന്നെന്തിനാ നിർബ ന്ധിക്കണെ.?"

ഒടുവിൽ പിന്നെ ആരും നിർബന്ധി ക്കാറായി.

"നീയായി നിന്റെ പാടായി" കാരണ വന്മാർ കയ്യൊഴിഞ്ഞു. പക്ഷെ, കുട്ടിയ മ്മ കുലുങ്ങിയില്ല.

അങ്ങനെ കഴിയുമ്പോഴാണു് പെട്ടെ ന്നൊരുദിവസം തീരെ പ്രതീക്ഷിക്കാത്ത ആ സംഭവം ഉണ്ടായതു്. മടാളു് തെര ഞ്ഞുചെന്ന കുട്ടിയമ്മേടെ വലിയമ്മാമ രെപ്പയുടെ പിന്നിലെ ചായ്പിനകത്തു് കടന്നു. സന്ധ്യസമയം. ചായ്പിനകത്തു് വേണ്ടത്ര വെളിച്ചമുണ്ടായിരുന്നില്ലെങ്കിലും വലിയമ്മാമ അതുകണ്ടു. ഇടിഞ്ഞു പൊളിഞ്ഞ തറയിൽ മലർന്നുകിടക്കുന്ന ത ന്റെ അനന്തിരവളുടെ മുകളിൽ കന്നിനെ പ്പോലെ ചാടുന്ന കൊച്ചുട്ടൻ! ചെറുപ്പം കടമ്പക ടന്ന കുട്ടിയമ്മയുടെ മുകളിൽ നടുക്കല്ലു് കയ്യാ ത്ത കൊച്ചുട്ടൻ! ദൈവതമ്പുരാനെപ്പോ ലും പുച്ഛിച്ചുതള്ളിയിരുന്ന തറവാട്ടമ്മയു ടെ പുറത്തു് പറകന്നാലിച്ചക്കൻ!

കാരണവർ ഞെട്ടിപ്പോയി ഒരക്ഷരം മിണ്ടാതെ അയാൾ ഒരുപുരുഷകുത്തനിന്നും പുറത്തേക്കുപോന്നു.

അന്നു രാത്രിയിൽ ആരുമാരുമറിയാതെ തെക്കേപറമ്പിലെ പാമ്പിൻകാവിന്റെ പിന്നിലുള്ള ആഞ്ഞലിമരത്തിൽ കൊച്ചു

ട്ടനെ വരിഞ്ഞുകെട്ടി. കാര്യം മനസ്സിലാ വാത്ത വീട്ടുകാർ അമ്പരന്നു നോക്കിനി ന്നു. കൈയ്യുംകാലും വണ്ണമുള്ള കടലാവ ണക്കിൻപത്തല്യുംകൊണ്ടു് കാരണവർ കൊച്ചുട്ടനെ മതിയാവോളം തലങ്ങും വെലങ്ങും തല്ലി കൊച്ചുട്ടന്റെ വായിൽ നിന്നും ഒരു തൊരക്കംപോലും പുറത്തു വ ന്നില്ല. മാളികമുകളിലെ കന്തഴിയിൽക്ക ടി വിറച്ചുവിറച്ചു് നോക്കിനിന്നിരുന്ന കുട്ടിയമ്മ അതൊക്കെ കാണുന്നുണ്ടായിരു ന്നു. തൊണ്ടതല്ലുംപോലെ ഇടവും വലവും തല്ലിയ്ട്ടും കൊച്ചുട്ടൻ കരഞ്ഞില്ല. കര ഞ്ഞില്ല. പക്ഷെ, കന്തഴിയുടെ മരച്ചീള കളിൽ മുറുകി തെരിഞ്ഞിരുന്ന കുട്ടിയമ്മ യുടെ കൈവിരലുകളിൽ ചോര പൊടി ഞ്ഞു. അവരുടെ നെഞ്ചിൽകൂടു് ഇഴയിഴ യായി പൊട്ടാൻതുടങ്ങി. ഒട്ടുക്കം വീട്ടു മുഴുവൻ കിടുങ്ങുമാറു് ഒരലർച്ച. നെഞ്ച ത്തടിച്ചു നിലവിളിച്ചുകൊണ്ടു് കോണിപ്പ ടികൾ ചാടിയിറങ്ങി പാമ്പിൻകാവിനു നേരെ കുതിച്ചു പാഞ്ഞ കുട്ടിയമ്മ കാലുകു ത്തി നിലംപതിച്ചു. ഇറയത്തെ ഒരുക്കക ല്ലിൽ തലയടിച്ചുപൊട്ടിയ മുറിവിൽനി ന്നും കടകടാഴത്തിയപോലെ കട്ടംചോര കുമിച്ചുചാടി. അമ്മായിയും കുട്ടികളുടെ താങ്ങിപ്പിടിച്ചു് എഴുന്നേൽപ്പിച്ച പ്പോൾ കുട്ടിയമ്മക്കു് ബോധമുണ്ടായിരു ന്നില്ല.

ബോധം തെളിഞ്ഞപ്പോൾ ഓർമ്മ നശിച്ചിരുന്നു...

അടുത്തദിവസം രാവിലെ ആ നാടിനെ മുഴുവൻ നടുക്കിക്കൊണ്ടു് പാമ്പിൻകാവി ന്റെ പിന്നിലുള്ള ആഞ്ഞലിക്കൊമ്പിൽ ആ രഹസ്യത്തിന്റെ അവശിഷ്ടം ഞാന്നു കിടന്നു. കൊച്ചുട്ടൻ തൂങ്ങിമരിച്ചെന്നു് നാട്ടുകാർ പറഞ്ഞു. തൂങ്ങിമരിച്ച കൊ ച്ചുട്ടന്റെ വിറങ്ങലിച്ച ശരീരം കണ്ടു പേടിച്ച ആഞ്ഞലിമരക്കൊമ്പുകളിൽ പ ച്ചിലകൾ വിറച്ചുനിന്നു. വിളറിയ ഇളം വെയിൽകൊണ്ടു് മൂടിപ്പുതച്ചു് പകൽ പുറത്തിറങ്ങുമുമ്പുതന്നെ പടത്തും പറ മ്പും ആളുകൾ നിറഞ്ഞുകഴിഞ്ഞിരുന്നു. കരുക്കിട്ട കിണറുകയറിന്റെ തുമ്പത്തു് കഴുത്തൊടിഞ്ഞു തൂങ്ങിക്കിടന്ന കൊച്ചു ട്ടന്റെ കണ്ണുകൾ തുറിച്ചുനോക്കി ചീറിയ ടെ ഇരുവശത്തും ഒലിച്ചിറങ്ങിയ കറുത്ത കട്ടച്ചോരയിൽ ഈച്ചയരിച്ചു. വിറങ്ങ

ലിച്ച ശരീരം കാറിൽ കറങ്ങിത്തിരിഞ്ഞു.

പക്ഷേ, കുട്ടിയമ്മ അതൊന്നും അറിഞ്ഞില്ല. അവർ മുകളിലെ മുറിയിൽ ഉടമുണ്ടഴിച്ചും ഉടുത്തും തെങ്ങുകയായിരുന്നു. പുറത്തേയ്ക്കുള്ള വാതിൽ പുറത്തുനിന്നും പൂട്ടിയിരുന്നു. അതിൽ പിന്നെ എന്നും അതൊരു പതിവായിത്തീർന്നു. എപ്പോൾ നോക്കിയാലും കുട്ടിമുത്തശ്ശി ഒങ്ങുന്നപോലെ അഭിനയിക്കുന്നതു കാണാം. മുണ്ടഴിക്കുന്ന ഉടുക്കുന്ന, തല ചീകുന്ന, പൊട്ടുതൊടുന്ന, പൊട്ടിച്ചിരിക്കുന്ന. ആരോടെന്നില്ലാതെ അവ്യക്തമായി എന്തൊക്കെയോ പിറുപിറുക്കുന്നു—

അങ്ങനെയായിരുന്നു തുടക്കം. കുറേക്കഴിഞ്ഞപ്പോൾ ആ ചട്ടകളൊക്കെ മാറി. ഉടുതുണിയില്ലാതെ നടന്നുതുടങ്ങി. അപ്പോൾമുതൽക്കാണു് കളത്തിലെ കല്യാണിയെ നോക്കാനാക്കിയതു്. മുറിക്കകത്തുനിന്നും പുറത്തുപോകാൻ അനുവദിച്ചതുമില്ല...

അമ്മു ജനാലയിൽക്കൂടി ഒളിഞ്ഞുനോക്കിയപ്പോൾ കുട്ടിമുത്തശ്ശി പതിവുപോലെ നില്ക്കുകയായിരുന്നു. തെരുവുനടന്നായിരുന്നു. അമ്മുവിനെ കണ്ടപ്പോൾ മുഖമുയർത്തി ചിരിച്ചു. എന്നിട്ടു് ചമ്മണംപടിഞ്ഞിരുന്നു് മാടിവിളിച്ചു.

അമ്മു അനങ്ങിയില്ല.

"മോളു് വായോ" മുത്തശ്ശി രണ്ടു കൈകൊണ്ടും മാടിവിളിക്കുന്നു.

അമ്മു ചിരിച്ചു.

"മുത്തശ്ശിടെ പൂവെടുത്തു? മുത്തശ്ശിക്കി അതിരി മുല്ലപ്പൂകൊണ്ടന്നു് തരുമോളെ. അവൻ ഇപ്പവരും. അപ്പളേക്കും തയ്യാറാവണ്ടെ"...അവൻ പാവാ. വെറും പാവാ—അവനെ തല്ലണ്ടാട്ടോ— എടുത്തു പൂവു് ഹായ് ഹായ് ഒൻ വേഗമാവട്ടെ എൻറെ കുട്ട്യേ..." ഇതുപറഞ്ഞിട്ടു് മുത്തശ്ശി ചുണ്ടത്തു് വിരൽവെച്ചു് മിണ്ടരുതെന്നു് ആംഗ്യംകാണിച്ചുകൊണ്ടു് ചുറ്റും നോക്കി, പൊട്ടനെന എന്തോ കണ്ടു പേടിച്ചുപോലെ അവർ കട്ടിലിനടിയിലേക്കു് നൂണ്ടുകയറി ഒളിച്ചിരുന്നു.

അമ്മുക്കുട്ടിക്കു് കഷ്ടംതോന്നി. പാവം മുത്തശ്ശിക്കുവേണ്ടി ഒരു നീണ്ട നെടുവീർപ്പുമാത്രമേ അവൾക്കു് നൽകാനുണ്ടായിരുന്നുള്ളു.

അപ്പോൾ കോണിപ്പടികളിൽ ചുവടുകൾ അമരുന്നശബ്ദം. "എടുത്തു അമ്മു അമ്മേപ്പോ?" മുകളിലേക്കു് കയറിവന്ന ശാരദ ചോദിച്ചു. ശാരദ ചെറിയമ്മയുടെ മകളാണു്. അമ്മുനേക്കാൾ ആറുമാസമേ മൂപ്പുള്ളുകിലും വലിയ കാരണവത്തിയാണെന്നമട്ടിലാണു് സംസാരവും പെരുമാറ്റവും. ചെറിയമ്മയും കുട്ടികളും തെക്കിനിയോടുചേർന്നുള്ള നെരപ്പുമുറിയിലാണു് താമസം.

"എനിക്കിശ്ശല്ല" കഷ്ടിച്ചു് പുറത്തുകേൾക്കത്തക്കവണ്ണം അമ്മു മുരണ്ടു.

"മോളിലുണ്ടോന്നറിയാനാ ചോദിക്കണെ."

"വന്നു നോക്കിക്കൊടെ ഉണ്ടോന്നു്. ഞാനെന്താ ഇവിടെത്ത പണിക്കാരത്തിയാ" അമ്മു പറഞ്ഞു.

"ഹായ് എന്താ കുമ്പീടെ കുമുസു്." അമ്മു മുഖം വെട്ടിച്ചു് തുറിച്ചുനോക്കി. അപ്പോഴേക്കും ശാരദ മുകളിലെത്തിക്കഴിഞ്ഞിരുന്നു.

"കുമ്പീ! ഇന്നി എന്നെ കുമ്പീന്നു് വിളിച്ചുട്ടുങ്കിൽ നെൻറെ കൊട്ടത്തല ഞാൻ തല്ലിപ്പൊളിക്കും" അമ്മു അമറി,

"ഹായ്! പിന്നല്ല പിന്നെ! തല പൊളിക്കാൻ ഇങ്ങട്ടുവന്നോ. കാട്ടിത്തരണ്ടു" ശാരദ പറഞ്ഞു. എന്നിട്ടു് വീണ്ടും വിളിച്ചു "കുമ്പി...കുമ്പി...കുമ്പി."

"അമ്മേ...അമ്മേ" കോണിപ്പടിയ്ക്കലേക്കു് ഓടിവന്നുകൊണ്ടു് അമ്മു ഉറക്കെ വിളിച്ചു.

"എന്താ നെനക്കു വേണ്ടെ?" താഴത്തുനിന്നു് മാധവിഅമ്മ വിളിച്ചുചോദിച്ചു.

"ഇതാ ഈ അസത്തു് എന്നോടു് ലഹളയ്ക്കുവരുണു"

"എന്തിനാ കുട്ടികളെ വെറുതേകിടിച്ചും തമ്മിത്തല്ലണെ. നിങ്ങൾക്കു് നിങ്ങടെ പണി എന്താച്ചാൽ നോക്കീട്ടു് ഒടിടത്തു് മിണ്ടാണ്ടെ ഇരുന്നൂടെ" ലഹള ഒഴുക്കാൻ വേണ്ടി മുകളിലേയ്ക്കു കയറിവരുമ്പോൾ മാധവിഅമ്മ പറഞ്ഞു.

"ഏതെങ്കിലും പുസ്തകമെടുത്തു് വായിക്കേ പഠിക്കേ എന്തെങ്കിലും ചെയ്തുടെ വെറുതെ ഇങ്ങനെ ലഹളകൂട്ടണതെന്തിനു്."

"ഈ ശാരദടെത്തി എപ്പളുമെപ്പളും എന്നെ എന്തിനാ ഇങ്ങനെ കുമ്പി കുമ്പി എന്നു് വിളിക്കണെ? ഇനി വിളിച്ചാൽ ഞാൻ കാട്ടിക്കൊട്ടേക്കണ്ടു്" അമ്മു കലിതുള്ളുകയായിരുന്നു.

"കുറുത്തിട്ടായാൽ പിന്നെ കുമ്പിന്നല്ലാതെ വെളുമ്പിന്നു് വിളിക്കാൻ പറേപാ. വിളിച്ചോട്ടെ. നീ അതൊന്നും കേട്ടില്ലാന്നു് നടിച്ചിട്ടു് അവിടെ മിണ്ടാണ്ടിരുന്നോ. പിന്നാരും വിളിക്കാൻ വരില്ല."

"വന്നാൽ വായിലെ പല്ലു കാണില്ല" അമ്മു പറഞ്ഞു.

മാധവിഅമ്മ പിന്നൊന്നും പറയാതെ വന്നവഴിക്കുതന്നെ മടങ്ങി. അവരുടെ പിന്നാലെ ശാരദയും.

അമ്മു അല്പനേരം അവിടത്തന്നെ അങ്ങനെ അനങ്ങാനാവാതെ നിന്നുപോയി, അവളുടെ ശരീരം കലികൊണ്ടു് തുള്ളുന്നുണ്ടായിരുന്നു. ശാരദ കണ്ണിൽനിന്നും മറഞ്ഞപ്പോൾ അമ്മുവും വെട്ടിത്തിരിഞ്ഞു് അകത്തേക്കു നടന്നു. അപ്പോൾ പരിഭ്രാന്തിയുകിയ മുഖത്തിൽ ആണിയടിച്ചു് ഉറപ്പിച്ചിട്ടുള്ള വലിയ നിലക്കണ്ണാടിയിൽ അവൾ അലക്ഷ്യമായി നോക്കിപ്പോകുന്നു. നെറ്റിയിലേക്കുതിന്നുവീണ തലമുടി മുകളിലേക്കു് മാടി ഒതുക്കിക്കൊണ്ടു് അവൾ ചുറ്റും നോക്കി. അടുത്തെങ്ങും ആരുമില്ല. കുട്ടിമുത്തശ്ശി ഉറക്കെ നിലവിളിക്കുന്നു. അതു് പതിവാണു്. ചിരിച്ചുകളിച്ചിരിക്കുന്നതിനിടയിൽ മുത്തശ്ശി പെട്ടെന്നു് ഉറക്കെ കരയും നെഞ്ചത്തടിച്ചു് നിലവിളിക്കും. അപ്പോൾ അവരുടെ മെലിഞ്ഞു് കവിളൊട്ടിയ മുഖം പ്രാകൃതമാകുന്നു. പേടി തോന്നും.

കണ്ണാടിയിൽ നോക്കിനിൽക്കുമ്പോൾ താൻ കറുത്തതാണെന്നു് അവൾക്കുതന്നെ ബോധ്യമാകുന്നു.

"ആയ്ക്കോട്ടെ ആർക്കാ ചേതം" അവൾ മനസ്സിൽ പിറുപിറുത്തു.

ജനലിൽക്കൂടി പുറത്തേക്കു നോക്കിയപ്പോൾ തെക്കൻ കാറ്റിൽ ഇക്കിളിപ്പെട്ട തെങ്ങോലകൾ ഇളകിയാടുന്നതു കാണാമായിരുന്നു.

പിന്നിയിട്ടിരുന്ന തലമുടി ആവശ്യമില്ലെകിലും വീണ്ടും അഴിച്ചു പിന്നിക്കൊണ്ടു അവൾ പടിയിറങ്ങിയപ്പോൾ പലകയിളകിയ കോണിപ്പടികളുടെ പ്രതിഷേധം.

ഒരു നിമിഷം പുറംകോലായിൽ എന്തോ ആലോചിച്ചു നിന്നിട്ടു് അമ്മു മുറ്റത്തേക്കിറങ്ങി. പറമ്പിനെറ പടിഞ്ഞാറെ മൂലക്കു് കോരൻ കുമ്പിനു് തേവുന്നുണ്ടായിരുന്നു. കോരൻറെ പന്ത്രണ്ടു വയസ്സുകാരൻ മകൻ കൈക്കോട്ടുകൊണ്ടു് വെള്ളം തിരിച്ചുവിടുന്നു.

"നീ എങ്ങട്ടാ ഈ തുസന്ധ്യനേരത്തു്" മുറ്റത്തിറങ്ങി അമ്മു തൊടിയിലേക്കു നീങ്ങുന്നതു കണ്ടപ്പോൾ പൂമുഖത്തേക്കു വന്ന മാധവിഅമ്മ തടുക്കി.

"എങ്ങട്ടുംല്യ". അവൾ പറഞ്ഞു.

"എന്നാൽ മറ്റു-കുട്ട്യോളടൊപ്പം ഉമ്മറത്തിരുന്നു് തിരി നാമം ചൊല്ലിക്കുടെ നെനക്കും. ഇങ്ങനെ തെണ്ടിത്തിരിയാമ്പണ്ട."

അമ്മു അതു് കേട്ടഭാവംവയ്ക്കാതെ നേരെ നടന്നു മുറ്റത്തെ ഒതുക്കിറങ്ങുമ്പോൾ അമ്മ തുടർന്നു.

വേണ്ട, നല്ലതൊന്നും ചെയ്യണ്ട, സകല സൌഭാഗ്യോം തെകഞ്ഞിരിക്കയല്ലെ ഇനിപ്പിന്നെ എന്തിനാ ദൈവാധീനം..."

തൊട്ടുമ്മി നിൽക്കുന്ന കവുങ്ങുകൾക്കിടയിൽക്കൂടി പടിക്കലേക്കു നീങ്ങുന്ന ചെമ്മണ്ണുകൊണ്ടു് നിരത്തി ഉയർത്തിയ വീതികുറഞ്ഞ നടപ്പാതയിൽക്കൂടി അമ്മു നടന്നു. കവുങ്ങിൻ ചുവട്ടിൽ കൂട്ടംകൂടിച്ച ഇടത്തരം തൊട്ടാവാടിച്ചെടികളിൽ പൂമ്പാറ്റകൾ പാറി നടന്നു.

അവറ്റകൾക്കിടയിലും കുറുത്തതിനെ കാണാനുണ്ടായിരുന്നില്ല.

പാടത്തേക്കിറങ്ങുന്ന ഒതുക്കിൻറെ മുകളിലത്തെ പടവിൽ അമ്മു ഇരുന്നു.

നേരം ഇരുട്ടുകയാണു്. അങ്ങു് ദൂരത്തു് നട്ടുവരമ്പിൽ തലയിൽ കുട്ടയും കയ്യിൽ എണ്ണക്കുപ്പിയുമായി അങ്ങാടിയിൽനിന്നും മടങ്ങുന്ന ചെറുമക്കൾ. അവരോടൊപ്പം ഇടയ്ക്കിടെ കാടിയും പിന്നെ നടന്നും നിന്നുമുള്ള നഗ്നമായ ചെറുമക്കുട്ടികൾ കൊയ്ത്തു കഴിഞ്ഞ പാടത്തു് മൊട്ടത്തലയിലെ കുറിരോമം പോലെ തുറിച്ചുനിൽക്കുന്ന നരച്ച നെൽക്കുറ്റികൾ. പാടത്തിൻറെ പടിഞ്ഞാറെ അതിർത്തിയിൽ പകൽമറവിച്ചും പടിയിറങ്ങുന്ന, ആ തക്കംനോക്കി കിഴക്കൻ കുന്നുകൾക്കപ്പുറത്തു് തക്കംപാർത്തു് പതുങ്ങിക്കിടന്നിരുന്ന കൂരിരുട്ടു് പതിവു ജാതനെപ്പോലെ പതുക്കെപ്പുറകെ ഇങ്ങപ്പുറത്തെ താഴ്വരയിലേക്കു് ഇഴിഞ്ഞിറങ്ങുന്നു.

അങ്ങു ദൂരത്തു് അമ്പലക്കുളത്തിൽ തുണി തിരുമ്പുന്നതിന്റെ ശബ്ദം. മാനത്തു് മേഞ്ഞുനടക്കുന്ന മേഘശകലങ്ങൾ. ദിവാരാധനക്കു് സമയമായിട്ടില്ല എങ്കിലും കൃഷ്ണമാരാരും കൂട്ടരും വാദ്യമേളം തുടങ്ങിക്കഴിഞ്ഞു.

കുട്ടികൾ പീടികയുടെ ഉമ്മറക്കോലായിൽ നിലവിളക്കിനു മുമ്പിൽ ചമ്രംപടിഞ്ഞിരുന്നു. നാമം ചൊല്ലാൻ തുടങ്ങി. അമ്മ മേൽകഴുകാൻ പോയിട്ടുണ്ടാവും. അച്ഛനോ? അച്ഛനിപ്പോൾ എന്തു ചെയ്യുകയാവും. ആവോ. അവൾക്കറിയില്ല. അച്ഛനെപ്പറ്റിയോ അച്ഛന്റെ ദിനചര്യകളെപ്പറ്റിയോ അവൾക്കു് ശരിയായ ബോധമില്ല. രണ്ടോമൂന്നോ വർഷം കൂടുമ്പോൾ ഒരിക്കൽ നാട്ടിലേക്കു വരുന്നു, വന്നാൽത്തന്നെ നൂറുകൂട്ടം കാര്യങ്ങളാണു്. ഒരു മാസം പോലും തികച്ചു് വീട്ടിൽ നിൽക്കില്ല. ഒടുവിലൊടുവിൽ അതുമിതും പറഞ്ഞു് അമ്മയുമായി ഉഗ്രൻ ഉടക്കും. എന്തിനാണെന്നു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല അങ്ങനെ ഒരു ദിവസം താമരയെ വിളിച്ചു് പെട്ടിയുമെടുപ്പിച്ചു് അച്ഛൻ മടങ്ങിപ്പോകും.

അച്ഛൻ പോകുമ്പോൾ ആരോടും യാത്ര ചോദിക്കാറില്ല. മുത്തശ്ശിയും ചെറിയമ്മയും കുട്ടികളും ഉമ്മറത്തു് നോക്കിനിൽക്കുമ്പോഴും. ആരും കരയുകയില്ല.

"അവനവിടെ വേറെ എന്തൊക്കെയോ ഏർപ്പാടുണ്ടു്. പിന്നെന്തിനാണ്ടാ"വരണെ. ഓരോന്നിന്റെ അനുഭവിക്കാനുള്ളയോഗം. ഇല്ലാണ്ടെന്താ പറയ.. എരപ്പു്..." മുത്തശ്ശി പിറുപിറുക്കും.

എല്ലാ കാര്യത്തിലും മുത്തശ്ശിക്കു് അതേ അഭിപ്രായമാണു്. "വേറെ എവിടൊക്കെയോ ഏർപ്പാടുണ്ടു്" എല്ലാരെപ്പറ്റിയും മുത്തശ്ശി അങ്ങനെ പറയും. വേറെ ഏർപ്പാടില്ലാത്തവൻ ആണല്ലെന്ന മട്ടാണു്. മുത്തശ്ശിക്കു്. നന്നെങ്കിലും ചീത്തയെങ്കിലും മുത്തശ്ശിയ്ക്കു് മുത്തച്ഛനുണ്ടായിരുന്നതു ഗ്രഹവൈരുദ്ധ്യമാണു്. ആരുമാരുമറിയാത്ത ഒരു ബന്ധം മുത്തശ്ശി തന്നെ പറയുന്നതാണു്.

കുട്ടികൾ അച്ഛൻ പോകാൻവേണ്ടി കാത്തിരിക്കും. അച്ഛൻ വന്നാൽ അവർക്കു് സ്വാതന്ത്ര്യമില്ല. മക്കളോടു് അങ്ങനെ ഒരു പ്രത്യേകതരത്തിലുള്ള സ്നേഹപ്രകടനമൊന്നും അച്ഛനും കാണിക്കാറില്ല. നേരിട്ടു കണ്ടാൽ സംസാരിക്കുകയോ പഠിത്തക്കാര്യത്തെപ്പറ്റിയോ എന്തെങ്കിലും ചോദിച്ചാലുമായി. ഇല്ലെങ്കിലുമായി. അച്ഛൻ വീട്ടിലുള്ളപ്പോൾ ഉണ്ണി ഒരിക്കലും അച്ഛന്റെ കണ്ണിൽ പെടാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുമായിരുന്നു. അവൻ പഠിക്കാൻ മണ്ടനാണു്. വികൃതിയും. അതുകൊണ്ടു് കയ്യിൽ കിട്ടിയാൽ അച്ഛൻ നല്ല ചാട്ടച്ചാട്ടമായിരുന്നു.

"ഒരു മാസമല്ലെ ഉള്ളു തച്ചോട്ടെ മതിയാവോളം," അവൻ പറയും.

ഒരിക്കൽ അച്ഛൻ പോയ പുറകിനു് അച്ഛൻ വലിയ കാര്യമായി സൂക്ഷിച്ചിരുന്ന വലിയ ഘടികാരം അവൻ മനഃപൂർവ്വം തല്ലി താഴത്തിട്ടു് പൊട്ടിച്ചു.

അങ്ങനെത്തൊരച്ഛൻ. അച്ഛനെപ്പറ്റി ചിന്തിക്കുമ്പോൾ ഓർമ്മകൾ നിരത്തു നുലിഴപോലെ പൊട്ടിപ്പുറപ്പെടുന്നു. അപ്പോൾ പിടിവിട്ടുപായുന്ന മനസ്സു് കാറിൽ കുടുങ്ങിയ അപ്പൂപ്പൻ താടിപോലെ ലക്ഷ്യവില്ലാതെ എങ്ങോട്ടോ പറന്നു പോകുന്നു....

അയ്യോ!"

മേൽക്കുഴകിവന്ന മാധവിഅമ്മ ഉമ്മാമുറത്തേക്കിറങ്ങിനിന്നു് ഉറക്കെ വിളിച്ചു. അവൾ ചിന്തയിൽനിന്നും ഞെട്ടിയുണർന്നു. നേരം ഇരുട്ടിയിരിക്കുന്നു, പൂമുഖത്തു് നിലവിളക്കു കത്തുന്നുണ്ടു്. ദിവാരാധന കഴിഞ്ഞിരിക്കണം. അമ്പലത്തിൽ വാദ്യമേളം കേൾക്കാനുണ്ടായിരുന്നില്ല.

മാനത്തെ മുല്ലക്കൂട്ടിൽ മൊട്ടുകൾ പൊട്ടിവിരിഞ്ഞു. ഒരിക്കലും വാടാത്ത ഒരിക്കലും തളരാത്ത താരകങ്ങൾ ചിരിക്കുന്നു.

(തുടരും)

മലയാളനാടു് സിനിമാ ദൈവാരിക

വരിസംഖ്യാനിരക്കു്

ഓരോപ്രതി വില 1 രൂ 25 പൈസ
ആറുമാസത്തേക്കു് 15 രൂപ.
ഒരു വർഷത്തേക്കു് 30 രൂപ.
വിദേശങ്ങളിലേക്കുള്ള വരിസംഖ്യാനിരക്കിനു് എഴുതുക

മാനേജർ, മലയാളനാടു് സിനിമാ ദൈവാരിക, കൊല്ലം-13

മടക്കയാത്ര കാറിലായിരുന്നു. വാസുവാണു് കാറോടിച്ചിരുന്നതു്.

പ്രഭാതത്തിനു തൊട്ടുമുൻപുള്ള കൂരിരുട്ടിഞ്ഞ കടല്ലാറും കാറിൽ കടന്നൊഴുകി.

കാറിന്റെ പിൻസീറ്റിൽ ഉസ്മാൻഖാനും പത്മിനിയും ഇരുന്നു. അവർ അപ്പോൾ ഉസ്മാൻഖാനും പത്മിനിയും ആയിരുന്നില്ല. ഉസ്മാൻഖാൻ തലപ്പാവു് നീക്കിയിരുന്നു. വേഷം കഷണ്ടിക്കയറിയ വലിയ തല നഗ്നമായിരുന്നു. മീശയുടെ ഉമ്പു് പിടിച്ചു് കിഴോട്ടു വലിച്ചിരുന്നു. പാൻസും റേഷർട്ടും മാറി, പകരം വീതിയേറിയ കസവുകരയുള്ള മുണ്ടും പട്ടിന്റെ ജുബ്ബയുമാണു് അയാൾ ധരിച്ചിരുന്നതു്. കയ്യിൽ സ്വർണ്ണച്ചെയിനിട്ട റിസ്റ്റുവാച്ചു്. വിരലുകളിൽ പൊൻമോതിരങ്ങൾ. കഴുത്തിൽ സ്വർണ്ണമാല ഉടുപ്പിനുള്ളിലൂടെ കാണാം. നിറഞ്ഞ വിജനതയിലൂടെ കാറു് നീങ്ങിയപ്പോൾ വാസുവിനു് വല്ലാത്ത ഉത്സാഹം തോന്നി. അതായിരുന്നു പുറപ്പെടുന്നതിനു മുമ്പുള്ള ധാരണ.

കാറു് ഇരുപത്തിനാലു മൈൽ പരപരാ വെളുത്തപ്പോൾ ഫാറൂക്കു് ആദ്യമായി നിറുത്തിവക്കുന്നു് രണ്ടു് ചായ്ജിവികൾ പ്രത്യക്ഷപ്പെട്ടതു്. അതു രണ്ടു പോലീസുകാരായിരുന്നു. അവർ മെലിഞ്ഞവരും അവശരും പരിക്ഷീണരുമായിരുന്നു.

"ഡ്രൈവർ, വണ്ടി നിറുത്തു" പിന്നിൽനിന്നു് കല്പനവന്നു, വാസു വണ്ടിനിറുത്തി.

ഉസ്മാൻഖാൻ പുറത്തേക്കു തലനീട്ടി. പോലീസുകാരോടു് അടുത്തേക്കു വരാൻ ആംഗ്യംകാട്ടി. അവർ ഭക്ത്യാദരവുകളോടെ കാറിനടുത്തെത്തി.

ഉസ്മാൻഖാൻ എന്തോ ഒരു ഗ്രാമത്തിലേക്കുള്ള വഴി അന്വേഷിച്ചു.

"രണ്ടു നാഴിക വടക്കോട്ടുചെന്നിട്ടു് പ



നോവൽ 39

കാക്കനാടൻ

സ്മാൻഖാൻ മറ്റൊരാളായിരുന്നു.

പത്മിനി കാറിൽ കയറാനായിവന്നപ്പോൾ വാസു പകച്ചുപോയി. വീണ്ടും അപരിചിതയായൊരു സ്ത്രീ പ്രത്യക്ഷപ്പെട്ടിരിക്കുന്നുവെന്നാണു് അവനു തോന്നിയതു്. പച്ചപ്പട്ടിന്റെ കാഞ്ചീപുരം സാരിയും പച്ചപ്പട്ടിന്റെ ചോളിയും, പച്ചപ്പൊട്ടും, പച്ച മൂക്കുത്തിയും പച്ചക്കാതോല കളുമണിഞ്ഞ അവളെ കണ്ടപ്പോൾ വാസു അമ്പരപ്പോടെയും തെല്ലു ബഹുമാനത്തോടെയും ഒരുതരം ശബ്ദംകേട്ടപ്പോഴുണ്ടാകുന്നതിനു സമാനമായ ശബ്ദംകേട്ടപ്പോൾ കൂട്ടുകാരനെ നോക്കി.

"പറയു, എന്താണു്?" ഉസ്മാൻഖാൻ ധൈര്യംകൊടുത്തു.

മറ്റേ പോലീസുകാരൻ തൊപ്പിയെടുത്തു തലയിൽ കൈവീശുകയോടിച്ചു. അയാൾ പറഞ്ഞു: "രാത്രി മുഴുവൻ ഡ്യൂട്ടിയായിരുന്നു സർ..."

ആദ്യത്തെ പോലീസുകാരൻ കൂട്ടിച്ചേർത്തു "എന്നാട്ടെ ചായകുടിക്കാൻപോലും ഒന്നും തടഞ്ഞില്ല സർ."

"അതാണോ സംഗതി?" ഉസ്മാൻഖാൻ പൊട്ടിച്ചിരിച്ചു.

അയാൾ ജൂബ്ബയുടെ കീശയിൽനിന്നു് തടിച്ച പേഴ്സ് എടുത്തു തുറന്നു. പോലീസുകാരുടെ ആർത്തിനിറഞ്ഞ കണ്ണുകൾ പേഴ്സ് കൊതിവലിച്ചു ഉസ്മാൻഖാൻ ഒരു പത്തുറുപ്പിക നോട്ടെടുത്തു നീട്ടി. ആർത്തിപിടിച്ചൊരുകൈ അതു തട്ടിപ്പറിച്ചു. പേഴ്സ് അടച്ചു് കീശയിലിട്ടുകൊണ്ടു് ഉസ്മാൻഖാൻ പറഞ്ഞു.

"ഡ്രൈവർ, വണ്ടിവിട്ടോളൂ."

പോലീസുകാർ ചുവടുവച്ചു് സലാം വച്ചു വണ്ടി കുറേ നീങ്ങിയിട്ടും അവരുടെ സലാംവച്ച കൈകൾ താണിരുന്നില്ല.

"നിനക്കു മനസ്സിലായോ വാസൂ?" ഖാൻ ചോദിച്ചു.

"ഇല്ല."

"എനിക്കു വഴി അറിയാഞ്ഞിട്ടല്ല. വെറുതെ ഒരു ലോഹ്യത്തിനു ചോദിച്ചതാ. രാവിലെ ഒരു പരോപകാരമായ്ട്ടോട്ടെന്നു വിചാരിച്ചു." അതു പറഞ്ഞിട്ടു് ഉസ്മാൻഖാൻ ഉച്ചത്തിൽ ചിരിച്ചു

"എന്തു പറയുന്നു?" അയാൾ ചോദിച്ചു.

"ഉഗ്രൻ വേല." വാസു മറുപടി പറഞ്ഞു.

"അവരുടെ ഒരുബഹുമാനം കണ്ടില്ല?" പത്മിനി ചിരിച്ചു.

"പണത്തിനാണെടീ കൊച്ചേവിലെ," ഖാൻ പറഞ്ഞു. അയാൾ പിന്നെയും ചിരിച്ചു. ചിരിച്ചുകൊണ്ടു് അവളെ കെട്ടിപ്പിടിച്ചു.

"ശേ! വെറുതെയിരിക്കു്. ഇതു പബ്ലിക് റോഡാ." അവൾ കതറി.

"അതിനെന്താ?" ഉസ്മാൻഖാൻ പിന്നെയും ചിരിച്ചു: "നീ എന്റെ പൊണ്ടാട്ടിയല്ലേ?"

"പിന്നേ, പൊണ്ടാട്ടി!"

രണ്ടുനാഴിക വടക്കെത്തിയപ്പോൾ കാറ് ഇടത്തോട്ടു തിരിക്കാൻ ഉസ്മാൻഖാൻ നിർദ്ദേശിച്ചു. വാസു അനുസരിച്ചു

നേരം വെളുത്തിരുന്നു. കാലികൾ മേയാൻ ഇറങ്ങിയിരുന്നു. മുഷിഞ്ഞ ഒറാമുണ്ടും തലേക്കെട്ടും ധരിച്ച കറുത്ത, മെലിഞ്ഞ മനുഷ്യൻ നടുത്തുവക്കത്തു് പ്രത്യക്ഷപ്പെട്ടിരുന്നു. വീതികുറഞ്ഞ നിരത്തിലൂടെ ഏതാണ്ടു് മൂന്നു നാഴിക ചെന്നപ്പോൾ ഗ്രാമത്തിലെത്തി.

ഉസ്മാൻഖാൻ വഴി പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. ഗ്രാമത്തിലെ സാമാന്യം ഭേദപ്പെട്ട ഒരു വീടിന്റെ മുൻപിലെത്തിയപ്പോൾ അയാൾ പറഞ്ഞു.

"ഗേറ്റിനുള്ളിലേക്കു കടന്നോളൂ."

കാറു് ഗേറ്റ് കടന്നു. വീട്ടുമുറ്റത്തു് നിന്നു.

കാറിന്റെ ശബ്ദം കേട്ടു് ഒരു കിഴവി വാതിൽ തുറന്നു് ഇറങ്ങിവന്നു.

അവർ കണ്ണു തിരുമ്മി. ചിരിച്ചു. സ്നേഹബഹുമാനങ്ങളോടെ അടുത്തുവന്നു.

"എന്തൊക്കെയാണു് ആൻറി? സുഖമോ?" എന്നു ചോദിച്ചുകൊണ്ടു് ഉസ്മാൻഖാൻ ഇറങ്ങി. പിന്നാലെ പത്മിനിയും.

"എത്രസുഖം മോനേ?" കിഴവി ഉസ്മാൻഖാനെ വാത്സല്യത്തോടെ തഴുകി. "ഈ വേഷമാണു നിനക്കു യോജിച്ചതു്."

ഉസ്മാൻഖാൻ ഉള്ളിലേക്കു കയറി. പത്മിനിയെ കെട്ടിപ്പിടിച്ചുകൊണ്ടു് കിഴവി അയാളെ അനുഗമിച്ചു. വാസു കാറിൽ തന്നെ ഇരുന്നു.

ഒരുനിമിഷം കഴിഞ്ഞപ്പോൾ ഉള്ളിൽനിന്നു് ഉസ്മാൻഖാന്റെ ശബ്ദം കേട്ടു: വാസൂ, ഇറങ്ങിവാ."

വാസു ഇറങ്ങി ഉള്ളിലേക്കു കയറിച്ചെന്നു.

"ഇരിക്കു്," ഉസ്മാൻഖാൻ പറഞ്ഞു: "ഇനി നീ ഡ്രൈവറല്ല."

അയാൾ ആൻറിക്കു് വാസുവിനെ പരിചയപ്പെടുത്തി.

"മീന ഉണർന്നില്ലേ?" അയാൾ അന്വേഷിച്ചു.

"ഉവ്വുവ്വു്, അവൾ കാപ്പി ഉണ്ടാക്കുകയാ." ആൻറി പറഞ്ഞു.

"നീകൂടി ചെല്ലു് പപ്പീ, കാപ്പികൊണ്ടുവാ." ഉസ്മാൻഖാന്റെ നിർദ്ദേശമനുസരിച്ചു് പത്മിനി ഉള്ളിലേക്കുപോയി.

ഒരു സിഗരറ്റ് കൊളുത്തിക്കൊണ്ടു് വാസു ഒരു സെറ്റിയിൽ ഇരുന്നു.

"ഒരുപോള കണ്ണടച്ചിട്ടില്ല രാത്രീല്."" ഉസ്മാൻഖാൻ പറഞ്ഞു: "ഒന്നു കുളിക്കണം എന്തെങ്കിലും കഴിക്കണം. എന്നിട്ടൊന്നുറങ്ങണം, അല്ലേ വാസൂ?"

"അതിനെന്താ? ആകാമല്ലോ," ആൻറി



പറഞ്ഞു.

രണ്ടു കപ്പുകളിൽ ആവി പാറുന്ന കട്ടൻകാപ്പിയുമായി മീന കടന്നുവന്നു. വാസു അവളെ നോക്കി, ഒരുനിമിഷം ഇരുന്നുപോയി.

താരുണ്യം ജ്വലിച്ചുനില്ക്കുന്നൊരു പെണ്ണു്. തിക്കു്ണമായ കണ്ണുകൾ. ചായം തേയ്ക്കാത്ത ചുവന്ന അധരങ്ങൾ. നിറഞ്ഞ മാറു്. പാവാടയും ബ്ലൗസുമാണു് അവൾ ധരിച്ചിരുന്നതു്.

"മീന എന്ന മീനാക്ഷി," ഖാൻ പറഞ്ഞു: "നിനക്കിഷ്ടമായോ വാസു, അവളെ?"

"ങ്ങേ," വാസു നടുങ്ങി.

അവൻ അവൾ നീട്ടിയ കാപ്പിക്കപ്പു് കയ്യിൽ വാങ്ങി.

"നിനക്കി ചേട്ടനെ ഇഷ്ടമായോടീ? ഉസ്മാൻഖാൻ അവളോടനേകരെ തിരിഞ്ഞു.

അവൾ നാണിച്ചു് മുഖം കുനിച്ചു.

മീന തിരിച്ചുനടന്നപ്പോൾ അവളുടെ തടിച്ച നിതംബത്തിന്റെ താളനിബദ്ധമായ ചലനങ്ങൾ വാസുവിന്റെ ഉള്ളിലെവിടെയോ അസ്വാസ്ഥ്യം ഉണർത്തി.

അവൻ കാപ്പി ഊതിച്ചാറ്റി കുടിക്കാൻ തുടങ്ങി.

"കാറിലു് ബ്രാണ്ടിയുണ്ടോ വാസൂ?" ഖാൻ തിരക്കി "ഉണ്ടെങ്കിലെടുക്കു്. ഒരൗൺസ് ഇതിലൊഴിച്ചാൽ ക്ഷീണം മാ

മാധവ സ്പെഷൽ ഔഷധങ്ങൾ

ബാലപീയൂഷം:– കുഞ്ഞുങ്ങൾക്ക് ആരോഗ്യവും, തേജസ്സും, പുഷ്ടിയും നൽകുന്ന ഉത്തമ ടോണിക്ക്. 400 M. L. 200 M. L.

"മാധവ" **സരസപരിള:–** രക്തശുദ്ധിയും രക്തം ഉഷ്ണിച്ചുണ്ടാകുന്ന രോഗങ്ങൾക്കുംഅത്യുത്തമം. ശരീരത്തിലെ അമിതമായ ചൂടിനേയും രക്ത സമ്മർദ്ദത്തേയും ക്രമീകരിക്കുന്നു. 400 M. L. 200 M. L.

"മാധവ" **യോഷാമൃതം:–** സ്ത്രീസഹജമായി യുവതികൾക്ക് മാസം തോറും ഉണ്ടാവുന്ന പലവിധ വേദനകളിൽനിന്നും അസുഖങ്ങളിൽനിന്നും ആശ്വാസം നൽകുന്നു. 400 M. L.

"മാധവ" **ബാലജീവനം:–** ശിശുക്കൾക്ക് സുഖശോധനയ്ക്കും രക്തശുദ്ധിയ്ക്കും ബിന്ദുമാത്രയിൽ കൊടുക്കാവുന്ന വിരേചനതൈലം. 7 M. L.

"മാധവ" **ടോൺസിലോയിൽ** (TONSILOIL) ഓപ്പറേഷൻ കൂടാതെ ടോൺസിലൈറസ്, വിട്ടുമാറാത്ത ജലദോഷം, തൊണ്ടവേദന മുതലായ അസുഖങ്ങൾ ഈ എണ്ണ തലയിൽ പുരട്ടി കുളിക്കുന്നതുകൊണ്ട് ആശ്വാസം ലഭിക്കുന്നു. 100 M. L. 200 M. L.

"മാധവ" **ആസ്മോയിൽ:–** പല മരുന്നുകൾ ഉപയോഗിച്ചിട്ടും യാതൊരു പ്രയോജനവും ലഭിക്കാതെ നിരാശരായി കഴിയുന്ന ആസ്മരോഗികൾ ഈ എണ്ണ തേച്ചു കുളിക്കുന്നതുകൊണ്ട് ഉറപ്പികരമായ സുഖം ലഭിക്കുന്നു. പരീക്ഷിക്കുക. 100 M. L. 200 M. L,

മാധവ ഫാർമസ്യൂട്ടിക്കൽ ലാബറട്ടറീസ്
ബാനർജിറോഡ്-എറണാകുളം
(APPROVED BY THE GOVT. OF INDIA)

NEW DELHI DEPOT:-

MADHAVA PHARMACY
G-26 South Extension Part-1.
MAIN MARKET — NEW DELHI

റിക്കിട്ടും."

"ഇവിടെ ഉണ്ടല്ലോ ബ്രാണ്ടി." ആൻറി പറഞ്ഞു: "പുതിയതു പൊട്ടിക്കണ്ട." അവർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "മീനാ, ബ്രാണ്ടിക്കുപ്പി എടുത്തുകൊണ്ടു വരൂ."

മീനാക്ഷി എന്ന മീന രണ്ടു ഗ്ലാസ്സുകളും ബ്രാണ്ടിക്കുപ്പിയുമായി വന്നു. അവളുടെ വരവു് വാസുവിനെ വീണ്ടും അസ്വസ്ഥനാക്കി. ഉസ്മാൻഖാൻ അവനെ ഇടംകണ്ണിട്ടു നോക്കുന്നതു വാസു ശ്രദ്ധിച്ചു. അവൻ സിഗരറ്റ് പുകച്ചു് മുറ്റത്തേക്കു നോക്കിയിരുന്നു.

മീനതന്നെയാണു് ഗ്ലാസ്സുകളിലേക്കു് ബ്രാണ്ടി പകർന്നതു്. ഉസ്മാൻഖാൻ കാപ്പി കഴിച്ചു് ഗ്ലാസ്സുകൾ നിറച്ചു ചുട്ടകാപ്പിയും ബ്രാണ്ടിയും ചേർന്നുണ്ടായ വിചിത്രമുള്ള ഗന്ധം വാസുവിന്റെ നാസാരന്ധ്രങ്ങളിലേക്കു് തീക്ഷ്ണമായി ഇരമ്പിക്കയറി.

ഗ്ലാസ്സെടുക്കാൻവേണ്ടി തിരിഞ്ഞപ്പോൾ മീനയുടെ മുഖത്തേക്കു നോക്കാതിരിക്കാൻ വാസുവിനു് കഴിഞ്ഞില്ല. അവളുടെ കണ്ണുകൾ അവനെ കൊളുത്തിട്ടു പിടിച്ചു. ഗന്ധത്തിൽ നിറഞ്ഞുനിന്ന വീര്യത്തിന്റെ ഉറവിടം അവളുടെ കണ്ണുകളാണെന്നു് അവനു തോന്നി. അവൻ ഗ്ലാസ്സു വാങ്ങി ചുണ്ടോടടുപ്പിച്ചു.

വീടം അവളാണെന്നു് അവന്നു തോന്നി.

അവൻ ചിരിക്കാൻ ശ്രമിച്ചു.

"പപ്പി എവിടെ?" എന്തെങ്കിലും ചോദിക്കാൻവേണ്ടി അവൻ ചോദിച്ചു

"കളിക്കുന്നു" മീന പറഞ്ഞു

"ഓ, അവളൊരു വലിയ വ്യത്തിക്കാരി." ഉസ്മാൻഖാൻ ഉച്ചത്തിൽ ചിരിച്ചു. ഗ്ലാസ്സുട്ടുത്തുയർത്തി, അയാൾ പറഞ്ഞു! "നു, ചിയേഴ്സ്."

"ചിയേഴ്സ്."

"കാപ്പി ഇനിയും വേണ്ടിവരും മോളേ" ഉസ്മാൻഖാൻ പറഞ്ഞു.

"അതിനെന്താ?" മീന ഉള്ളിലേക്കു പോയി. പോവുംമുൻപു് വാസുവിനെ ഒന്നുകൂടി നോക്കാൻ അവൾ മറന്നില്ല.

വാസു വിന്റെ ഉള്ളിൽ എന്തോ പിടിച്ചുപറന്നു

അവർ രണ്ടാമത്തെ ഡ്രിങ്ക് കഴിച്ചുകൊണ്ടിരുന്നപ്പോഴാണു് പപ്പി കളിച്ചുവന്നതു്. ഒരു ലുങ്കിയും അയഞ്ഞ ഷർട്ടുമാണു് അവൾ ധരിച്ചിരുന്നതു്. ചുറ്റിലും നോക്കി, മണം പിടിച്ചു്, അവൾ പറഞ്ഞു.

"രാവിലെ തുടങ്ങിയോ?"

"അതിനു നിനക്കെന്തുവേണം?" ഖാൻ ചിരിച്ചു.

"എനിക്കോ? എനിക്കുവേണം ഒരു പെഗ്ഗ്." മൂടി അഴിച്ചിട്ടു് കോതിക്കൊണ്ടു് അവൾ പറഞ്ഞു.

രണ്ടാമത്തെ ഡ്രിങ്ക് കഴിഞ്ഞപ്പോൾ വാസു എണീറ്റു. ഉസ്മാൻഖാൻ അടുത്തതൊഴിക്കുകയായിരുന്നു.

"എനിക്കു മതി", വാസു പറഞ്ഞു. "കളിമുറി എവിടെയാണു്?"

"മീനാ", ഖാൻ വിളിച്ചു "കളിമുറി കാട്ടിക്കൊടുക്കൂ."

"വാ ചേട്ടാ." മീന വിളിച്ചു.

അവളെ അനുഗമിച്ചപ്പോൾ അവളുടെ നിതംബചലനം അവന്റെ ഉള്ളിൽ ഏതോ രാഗങ്ങൾ ഉണർത്തി.

ഒരു വലിയ കിടപ്പുമുറിയിലേക്കാണു് അവർ കടന്നതു്. ഒരു ഡബിൾ ബെഡ്ഡും ഒരു സിംഗിൾ ബെഡ്ഡും വാർഡ്രോബും വലിയ നിലക്കണ്ണാടിയും മറ്റുമുള്ള ഒരു വലിയ മുറി.

മീന തിരിഞ്ഞുനോക്കി അവളുടെ കണ്ണുകളിൽനിന്നു് അഗ്നിശിഖകൾ നീണ്ടു അവൾ ചുണ്ടുകടിച്ചുതിരുത്തി. അവളുടെ

ലേഖകരുടെ ശ്രദ്ധയ്ക്കു്

പ്രസിദ്ധീകരണത്തിനായി അയയ്ക്കുന്ന മാറ്റങ്ങൾ കടലാസിന്റെ ഒരു വശത്തുമാത്രമേ എഴുതാവൂ. വിലാസം വ്യക്തമായി എഴുതിയിരിക്കേണ്ടതാണു്. പ്രസിദ്ധീകരണയോഗ്യമല്ലാത്ത മാറ്റങ്ങൾ മടക്കിക്കിട്ടണമെന്നുള്ളവർ സ്റ്റാമ്പൊട്ടിച്ചു് വിലാസമെഴുതിയ കവറുകൾ അയച്ചിരിക്കണം. മാറ്റങ്ങളെ സംബന്ധിച്ചുള്ള ഉത്തരവാദിത്വം ഞങ്ങൾ ഏറ്റെടുക്കുന്നു എന്നു് ഇതിനർത്ഥമില്ല. മാറ്റങ്ങളുടെ കോപ്പികൾ സൂക്ഷിക്കുന്നതായിരിക്കും നന്നു്. മാറ്റങ്ങൾ പത്രാധിപർ മലയാളനാടു്, കൊല്ലം – 13 എന്ന വിലാസത്തിലാണു് അയയ്ക്കുന്നതു്.

കീഴ്ചുണ്ടുകൾ കടിച്ചുകൊണ്ടു് തിരിഞ്ഞു അവളുടെ മുറു് ബ്ലൗസിന്റെ ഉള്ളിൽനിന്നു പുറത്തേക്കു തുളുമ്പിവന്നു. അവൾ അവന്റെ തൊട്ടടുത്തായിരുന്നു. അവളിൽനിന്നു് ഏതോ അപരിചിത സൗരഭ്യം പ്രസരിച്ചു അതു് അവനിലേക്കു തുളഞ്ഞുകയറി.

സന്ധിബന്ധങ്ങളിൽ വല്ലാത്ത മുറുക്കം അനുഭവപ്പെട്ട വാസുവിനു്. അവൻ പെട്ടെന്നു് ഒരു സിഗരറ്റ് കൊളുത്തി.

മീന വശ്യമായി ചിരിച്ചു.

"ഈ വേഷമൊക്കെ മാറണ്ടേ?" അവൾ തിരക്കി.

"ങൂം. വേണം."

"എന്നാലവിടെ ഇരിക്കു്." അവൾ അവനെ ഒരു കിടക്കയിൽ പിടിച്ചിരുത്തി.

അവളുടെ സ്പർശം അവനെ ആകെ വിഷമിപ്പിച്ചുകളഞ്ഞു.

അവൾ ഷൂസിന്റെ ലേസഴിക്കാൻതുടങ്ങിയപ്പോൾ അവൻ പറഞ്ഞു. "ഞാനഴിച്ചോളാം"

"എന്നാൽ എളുപ്പം ആട്ടെ." അവൾ എണീറ്റു് വാർഡ്രോബിനടുത്തേക്കു നടന്നു.

അവൾ എണീറ്റുപോയപ്പോൾ വാസുവിനു് എന്തുകൊണ്ടോ നിരാശതോന്നി, അവൻ കനിഞ്ഞു് ഷൂസുകൾ അഴിച്ചുമാറ്റി

മീന വാർഡ്രോബിൽനിന്നു് ഒരു ലുങ്കിയും ഒരു ടവ്വലും എടുത്തുകൊണ്ടുവന്നു.

വാസു ഷർട്ടഴിച്ചു

"കളിമുറി എവിടെ?" അവൻ തിരക്കി

"പാൻറും ബനിയനും ഇട്ടോണ്ടാണോ കളിക്കാൻപോകുന്നതു്?" മീന ചിരിച്ചു! "അതൊക്കെ അഴിച്ചുകളു"

അവളുടെ ചിരി അവനെ വല്ലാതെ ഉലച്ചു.

"അഴിച്ചോളാം," അവൻ പറഞ്ഞു! "കളിമുറി കാണിച്ചുതന്നാൽമതി"

"നമുക്കാണോ?" അവൾ പിന്നെയും ചിരിച്ചു "വാ, കാണിച്ചുതരാം."

അവൾ അവന്റെ കൈയ്യിൽ പിടിച്ചു. അവളുടെ കയ്യിൽനിന്നു സ്വപ്നം കൈവിടാതെ അവൻ അവളെ അനുഗമിച്ചു.

കിടപ്പുമുറിയുടെ ഒരു വാതിൽ തുറന്നതു് കളിമുറിയിലേക്കാണു്.

"സോപ്പുവിടയുണ്ടു്" മീന പറഞ്ഞു! "എന്നാൽ വേഗം കുളിച്ചുവന്നോളൂ. ഞാനങ്ങു പോയേക്കാം."

അവൾ വീണ്ടും ചിരിച്ചു, പിൻവാങ്ങി

വാസു കുളിമുറിയുടെ വാതിലടച്ചു് തുറന്നിട്ടു.

കുളികഴിഞ്ഞു്, മുട്ടും ഇസ്തിരിയും കഴിച്ചു്, വാസു കിടന്നുറങ്ങി. സ്വപ്നങ്ങൾ പോലുമില്ലാത്ത അഗാധമായ, തളർന്ന ഉറക്കത്തിൽനിന്നും അവനെ തൊട്ടുണർത്തിയതു് മീനതന്നെയാണു്. അവൾ കുളിച്ചു് പാവാടയും ബ്ലൗസും മാറിയിരുന്ന അവളുടെ തീക്ഷ്ണഗന്ധം അവനിലേക്കു വീണ്ടും ഇരമ്പിക്കയറി. ആ ഗന്ധം തന്നെ തളർത്തുന്നതുപോലെ വാസുവിനു തോന്നി

"ഊണുകഴിക്കാറായി" അവൾ പറഞ്ഞു

അവൻ എണീറ്റു, മുഖം കഴുകി, ചെന്നപ്പോഴേക്കും ഖാനും പത്നിയും തീൻമേശയിൽ സ്ഥലംപിടിച്ചിരുന്നു. അവരെല്ലാവരും ഒന്നിച്ചു് ഊണുകഴിച്ചു

ഊണുകഴിഞ്ഞു് ഉസ്മാൻഖാൻ പറഞ്ഞു.

"ഞാൻ വീണ്ടും ഉറങ്ങാൻപോകുന്നു. വാസു, നിയും ഉറങ്ങിക്കോ. മാതൃലേ നമ്മൾ പുറപ്പെടുന്നുള്ളു."

ഊണുകഴിഞ്ഞു് വാസു ചെന്നുകിടന്നു. അവനു് ഉറക്കം വന്നില്ല വെറുതെ ഓരോന്നാലോചിച്ചു് അങ്ങനെ കിടന്നപ്പോഴാണു് മീനയുടെ തീക്ഷ്ണസൗരഭ്യം മുറിയിൽ നിറഞ്ഞതു്. അവൾ വാതിൽ ചാരി അവന്റെ കിടക്കയ്ക്കടുത്തേയ്ക്കുവന്നു കിടക്കയിന്മേൽതന്നെ ഇരുന്നു അവളുടെ ശരീരം അവന്റെ ശരീരഭാഗങ്ങളിൽ നേരിയ സമ്മർദ്ദംചെലുത്തുമാറു് സ്പർശിക്കുണ്ടായിരുന്നു വാസു വല്ലാതെ ആയി

"ഉറക്കംവരുന്നില്ലേ ചേട്ടാ?"

"ങൂഹും."

"എന്നാൽ നമുക്കു വർത്തമാനംപറഞ്ഞിരിക്കാം"

അവൾ ഒന്നുകൂടി കയറിയിരുന്നപ്പോൾ അവനെ കൊതിപ്പിച്ച നിതംബം അവന്റെ തുടകളിൽ അമർന്നു. ധമനികളിൽ രക്തം തിളയ്ക്കുന്നതുപോലെ വാസുവിനു തോന്നി. അവൻ തെല്ലുകനംകിടന്നു. പക്ഷേ, അവന്റെ കണ്ണുകൾ അവളുടെ നിറഞ്ഞ മാറത്തും നഗ്നമായ വയറത്തും ഉമ്മവച്ചലഞ്ഞു. ഒരു ദുർബ്ബലനിമിഷത്തിൽ തന്റെ തൊട്ടടുത്തിരിക്കുന്ന ഈ തീജ്വാലയിലേക്കു് തലകുത്തനെ വീണു മരിക്കാൻ, ഈ സൗരഭ്യാഗ്നിയിൽ ചെന്നു വെണ്ണീറാവാൻ അവനു് ആസക്തി ഉണ്ടായി. പക്ഷേ, വാസു കടിഞ്ഞാണിട്ടു.

അന്നു രാത്രി, മഹാനഗരത്തിലേക്കു മടങ്ങവേ, കാറിൽവച്ചു്; ഉസ്മാൻഖാൻ ചോദിച്ചു! "നി ആ മീനാക്ഷിക്കുട്ടിയെ വല്ലതും ചെയ്തോ?"

"ഇല്ല"

"അവൾക്കു സങ്കടമായിക്കാണും" ഉസ്മാൻഖാൻ ചിരിച്ചു "പ്രത്യേകിച്ചു് ഞാനും പപ്പിയുംകൂടി കിടക്കുന്നതു് അവൾ കണ്ടതുകൊണ്ടു്."

വാസു മിണ്ടിയില്ല

ഉസ്മാൻഖാൻ തുടർന്നു! "ഇതൊന്നും തെറ്റല്ല വാസു ഈ സംഘർഷം ഒന്നയഞ്ഞുകിട്ടാനിതൊക്കെവേണം" ഫ്രാസ്മായൊരു നിശ്ശബ്ദതയുടെശേഷം അയൾ ചോദിച്ചു. "അല്ലെങ്കിൽ എന്താണു തെറ്റു്, എന്താണു ശരി?"

അകലെ മഹാനഗരത്തിന്റെ വെളിച്ചങ്ങൾ കണ്ടു.

(തുടരും)

രാജീവനു പ്രത്യേകിച്ചു വ്യാമോഹങ്ങളൊന്നുമുണ്ടായിരുന്നില്ല.

റിസർച്ചിനു ചേരുമ്പോഴും മനസ്സു ശൂന്യം. എന്തായിത്തീരണമെന്ന ആഗ്രഹം മനസ്സിൽ സൂക്ഷിക്കാനും പരാജയപ്പെട്ടപ്പോൾ ആത്മഹത്യയേക്കുറിച്ചു ചിന്തിക്കാനും അയാളിഷ്ടപ്പെട്ടില്ല.

അയാളിടയ്ക്കിടെ ഏറെയകലത്തെ ഓർമ്മിപ്പിക്കാറുണ്ടായിരുന്നു. "രാജീവൻ നിസ്സംഗനാണു". അവനു വ്യാമോഹങ്ങളൊന്നുമില്ല "

ഉദയാസ്തമനങ്ങളുടെ ചെന്നിരോടിയ ആകാശം കുറേ നാൾ മുമ്പുവരെ മൊവേശമായിരുന്നു. എന്തിനുമില്ലേ ആവർത്തനത്തിന്റെ ഒരു വൈരസ്യം.

ചിത്രകാരന്മാരുടെ കോളനിയിൽനിന്നു താമസം മാറിയതോടെ ആവേശം അവസാനിച്ചു

പിന്നെ കുറച്ചധികവും ചുവന്നതുമായ ക്രൈസന്തമുകൾക്കുള്ളിൽ, പാരുഷ്യങ്ങളേയും, മിത്തുകളേയും കട്ടത്ത നിറങ്ങൾകൊണ്ടു ചിത്രീകരിക്കാൻ ശ്രമിച്ചുനോക്കി.

ഭയനീയമായി പരാജയപ്പെട്ടപ്പോൾ, കടൽത്തീരത്തെ വട്ടക്കടകൾക്കുതാഴെ വെയിലിന്റെ വേരോടിയ മണലിൽ അലറുന്ന സമുദ്രത്തിന്റെ ഭീകരമായ താളത്തിനു വേണ്ടി കാതോർത്തുകിടന്നു...

ഫലം മറിച്ചായിരുന്നില്ല വൈരസ്യം അറിഞ്ഞ വെറുപ്പ്.

സമുദ്രത്തിലെ തിരകളൊട്ടുങ്ങിയ നിശ്ചലതയിൽ മുങ്ങിക്കുളിച്ചിരുന്ന ജട്ടിയും ബ്രായും മാത്രം ധരിച്ച ചെറുപ്പക്കാരികളായ ഫിലിപ്പിനികളേയും ചുവന്ന തുടകളുള്ള മദാമ്മമാരെയും നോക്കി ഭൂമിയിൽ കിടന്നതുണ്ട്.

ഇറാൻനാവിനുള്ളിലെ പൊന്തകൾക്കുള്ളിൽ ഒരു ഊർക്കുരിൽപ്പക്ഷിയായി കൂടുകെട്ടിപ്പാർക്കാൻ ഒരാവേശം തോന്നിയിരുന്നുവെങ്കിലും അതു നേരമാണു.

പൊട്ടുന്നതെന്ന അതും അവസാനിച്ചു.

അങ്ങനെയിരിക്കവേയാണു് വരണ്ട പുഴയിൽ ദിവസവും പ്രഭാതമുതൽ പ്രദോഷംവരെ സൂര്യസ്നാനം നടത്തുന്ന ആൽഫ്രഡ് എന്ന അമേരിക്കൻ ഫിലിപ്പിയുമായി പരിചയപ്പെട്ടതു.

ആൽഫ്രഡിനു് അനവധികഥകൾ പറയാനുണ്ടായിരുന്നു. യുവജനങ്ങളുടെ 'എലിനിയേഷൻ', പഴം തലമുറയുടെ ഡോഗ്മാറ്റിക് പ്രിൻസിപ്പിൾസ്, അമേരിക്കയിലെ വ്യവസായവത്കരണത്തിന്റെ അളർച്ച... എല്ലാം ചർച്ചാവിഷയമായി. അശ്രദ്ധമുള്ളിക്കേൾക്കുന്നതിനുള്ള പ്രതിഫലമായി ആൽഫ്രഡിൽനിന്നു കിട്ടിയ റോത്തുമാൻസും, ഭാഗ്യം, ചിക്കുറാവും നിലക്കടലയുമൊക്കെ ചവച്ചിറക്കി. ആകാശത്തിൽ കത്തിനിൽക്കുന്ന സൂര്യനെ നോക്കി തിളച്ചുമണലിലൂടെനടക്കുകയായിരുന്ന കനേനാൾ.

പാദങ്ങളിലൂടെ മുകളിലേക്കു ഉല്പിയിലൂടെ താഴേക്കും അരിച്ചുകയറുന്ന വെയിലിനെ രാജീവനിഷ്ടമായി. ആൽഫ്രഡിന്റെ കഥകൾ കേൾക്കുന്നതിലധികം അവന്റെ കൂടെയുള്ള ഡയാന എന്ന ആ



സ്ട്രേലിയൻ സുന്ദരിയെ ഉപഭോഗിക്കുകയായിരുന്നു ലക്ഷ്യം.

പല ദ്ധ്യാഹ്നങ്ങളിലും തീരത്തെ കുഴഞ്ഞ മണലിൽ കിടന്നു ഡയാനയുടെ മാംസഞ്ചാറികളുടെ ആഴത്തിൽ മുങ്ങിത്തപ്പിക്കുഴിയുമ്പോൾ പലപ്പോഴും പ്രത ജ്ഞയെടുത്തു... ഇനിയിതാവർത്തിക്കില്ല. ശപഥം മുട്ടുന്നു.. പൊട്ടുന്നതന്നെ മടുക്കാതിരുന്നതു് അവളുടെ പല്ലുകൾക്കു നല്ല മൂർച്ചയായിരുന്നു എന്ന കാരണം കൊണ്ടുതന്നെ.

ഉച്ചവെയിലിൽ തിളയ്ക്കുന്ന മണലിൽ കിടന്നു സൂര്യനെ നോക്കുന്ന ആൽഫ്രഡിനു് അങ്ങനെയൊരു പ്രശ്നമായിരുന്നില്ല.

ഒരിക്കൽ ഡയാനയുടെ തുടലുകൾക്കിടയിൽ തിമിർക്കുന്ന കടലിനെ നോക്കിയിരുന്നു ആൽഫ്രഡ് എന്ന എഞ്ചിനിയറിംഗ് പോസ്റ്റ്ഗ്രാഡുവേറ്റു പറഞ്ഞു: മിസ്റ്റർ രാജീവിൻ, യു നോ ഹൗ ഐ ഹേറ്റ് ദീസ് സ്വെഗ്മറാറിക് കോയിഷൻ വിത്ത് ഡയാന... ഷീസ് എ ബിച്ച്."

അമ്പതുമൈനിറ്റുകൾ ചലിച്ചുകഴിഞ്ഞപ്പോൾ ആൽഫ്രഡ് അംഗീകരിക്കുന്ന സ്വഭാവത്തിൽ വിളിച്ചുകൂവി. "സ്റ്റോപ് മി. രാജീവൻ പ്ലീസ് സ്റ്റോപ്പ്". അവൾ മരിച്ചുപോകും."

ഒരാരാധനയോടെ നിറയെ ദന്തക്ഷതങ്ങൾ പടർന്ന മുലകൾ തടവി അവൾ പറഞ്ഞു— ഗ്രീക്ക് മിത്തോളജിയിലെ അപ്പോളോദേവന്റെ സഹോദരി—

"യുവാർ എ കണ്ണിംഗ് ബാസ്റ്റാർഡ്"... ഏ ബ്ലഡി ഗ്രേറ്റ് ഇന്ത്യൻ ഐ സേ... ഓർ ഏ സാഡിസ്റ്റ്"

ആൽഫ്രഡും അതു ശരിവച്ചു.

സത്യമായിരിക്കും... താനൊരു സാഡിസ്റ്റാണു് അതേസമയം തരുന്ന വേദനിപ്പിക്കപ്പെടാൻ രാജീവൻ ഇഷ്ടപ്പെട്ടതുന്നു.

കടലിന്റെ അലറുന്ന ഭീകരതയിൽ നോക്കി എന്തിനെന്നറിയാതെ ഉറക്കെയുറക്കെ ചിരിച്ചു.

അപ്പോൾ ആൽഫ്രഡ് ഡയാനയോടു പറയുന്നതുകേട്ടു: ഭാരതീയർ പണ്ടുതന്നെ ലിംഗപൂജനടത്തുന്നവരാ. ബാസ്റ്റാഡ്സെല്ലാം രാജീവനെപ്പോലെയല്ലേ... ചുമ്മാതല്ല ഇതുപോ ജനപ്പെരുപ്പം."

കുറേച്ചെന്നപ്പോൾ ഡയാനയുടെ സ്വെഗ്മറാറിക് കോയിഷനും മതിയായി. ആവർത്തനവൈരസ്യം തലപൊക്കിത്തുടങ്ങവയാണു് അനേകം ഡോളർ നോട്ടുകൾ മുമ്പിലേക്കു വലിച്ചെറിഞ്ഞു് ആൽഫ്രഡ് അന്ത്യയാത്ര പറഞ്ഞതു്... "പോയി കെടുച്ചു് തുലയ് പഹയാ..."

ഗോവയിലേക്കുള്ള വണ്ടിയിലിരിക്കുമ്പോൾ ഡയാന കാതിൽ വളരെ പതിയെ മന്ത്രിച്ചു.

"ഹൗ വണ്ടർഫുൾ യുത്ത് യു ആർ— ഞാനിതേവരെ നിങ്ങളെപ്പോലുള്ള മറ്റൊരാളെ കണ്ടിട്ടില്ല. അനതൊർ കസിനോവാ."

"യു നോ വേൽഡ്സ് റൗണ്ട്. സോ മീറ്റ് അഗെൻ." സ്കൂൾഫൈനൽ ക്ലാസ്സിലെ അവസാനദിവസങ്ങളിലൊന്നിൽ ഓട്ടോഗ്രാഫിന്റെ വർണ്ണത്താളുകളിലൊന്നിൽ ആരോ വരഞ്ഞിട്ട വാക്കുകൾ അലക്ഷ്യമായി വലിച്ചെറിഞ്ഞു. നിലീന യാണെന്നു തോന്നുന്ന ആ വാക്കുകളുടെ ഉടമസ്ഥ.

നിനക്കുവേണ്ടിപ്രയോഗിക്കാൻ എന്റെ ആവനാഴിയിൽനിന്നു ഒരൊറ്റവാക്കുപോലും പുറത്തുവരാനുണ്ടായിരുന്നില്ല.

"മൂർച്ചയുള്ള പല്ലുകളുള്ള പെൺകുട്ടി നിനക്കു നന്മകൾ നേരുന്നു എന്നോ... നിന്നെ ഒരിക്കലും മറക്കില്ല എന്നോ" ഒക്കെ പറയാമായിരുന്നു... വെറുതെ കൈവിരൽ ദുഃഖം നടിച്ചു... കുറേക്കഴിഞ്ഞപ്പോൾ കടംവാങ്ങിയുപയോഗിച്ച വാക്കുകളുടെ ശൂന്യകതയേർത്തു ചിരിച്ചു.

"മാട്ടോഗ്രാഫൽ എഴുതപ്പെട്ടന്നവയും സ്നേഹിയുടെ നാക്കും ഒരുപോലെയാണു്."

ലോങ്ഫെല്ലോ എന്ന കവിയെ തിരുത്താൻ തോന്നി. ഇനിയും കണ്ടുമുട്ടാംപോ

കഥ: ഉഷാജി, നടേഷ്

ലും. എവിടെ... നിലീന നാലഞ്ചുമക്കളുടെ അമ്മയായിട്ടുണ്ടാവും.

എക്സ്ചേഞ്ച് ബാങ്കിൽനിന്നിറങ്ങി പഞ്ചനക്ഷത്രഹോട്ടലിന്റെ സീലൗഞ്ചിലിരുന്നു് സിരകൾക്കുറവും കത്തിയെരിയുന്ന ജാസിന്റെ ലഹരിയിൽ ഡിന്നർ കഴിച്ചിറങ്ങുമ്പോഴാർത്തു ..

"ചിത്രകാരന്മാർ താമസിക്കുന്ന കോളനിയിലേക്കു നടക്കണം. ഇതാ, രാജീവൻ പണിക്കാരനായി തിരിച്ചുവന്നിരിക്കുന്നു" എന്നു വിളിച്ചുകൂവണം.

ഭിത്തികളിൽ തൂങ്ങിയാടുന്ന കൊളാഷും മയൂറവും അബ്സ്ട്രേക്ടും സ്റ്റിൽലൈഫുമൊക്കെ കണ്ടപ്പോൾ ഓർമ്മകളിൽ തലയുയർത്തുന്ന ഭൂതകാലം.

"ദ ഏക്സ്ട്രാവജൻറ് ഗ്രോത്ത് ഓഫ് ഇപ്രഷനിസ്റ്റ്" ആർട്ട് ഇൻ മോഡേൺ കൾച്ചർ," നീണ്ട തലക്കെട്ടുള്ള പുസ്തകമൊന്നാവാത്ത തീസിസ്. ഗവേഷണവിദ്യാർ



ത്തിനു വിമ്പിളക്കാൻ തോന്നിയില്ല.

താന്ത്രികശില്പങ്ങൾക്കും പൗരാണികാവശ ഉളുമ്പുന്ന ജീവനുള്ള ചിത്രങ്ങൾക്കുമിടയിൽ ഷിമിറാ" ക"ളുമാൻസിന്റെ ലഹരിയുള്ള റം മോന്തുമ്പോൾ ഹരിദാസ" ഓർമ്മിപ്പിച്ചു—"കടൽത്തീരത്ത്" നീയിങ്ങനെ അലഞ്ഞുതിരിഞ്ഞു" ജീവിതം പാഴാക്കുകയാണോ കട്ടുബവും കുടുംബകളുമൊക്കെ നീ വല്ലാതെ മറന്നുപോവുന്നു"

"കുടുംബം മണ്ണാങ്കട്ട!"

ഹരിദാസിനെ കേൾക്കെ അതു പറഞ്ഞെങ്കിലും ഉള്ളിന്റെ ഉള്ളിലെവിടെയോ ഒരു നേർത്ത നീറൽ അനുഭവപ്പെടുന്നു.

ഭാരതത്തിലെ ലിംഗപൂജയെക്കുറിച്ചും രതൃഭ്യാസങ്ങളെപ്പറ്റിയും പഠിപ്പിച്ചുകൊടുത്തതിനു" ആൽഫ്രഡിൽനിന്നു കിട്ടിയ പണത്തിന്റെ ഒരു ഭാഗം വീട്ടിലേയ"ക്കയച്ചു കഴിഞ്ഞുമ്പോഴാണു" "മഹാരാഷ്ട്ര ടൂബ്യൂണിനു"" ഒരു റിപ്പോർട്ടറെ ആവശ്യമുണ്ടെന്നു" ഹരിദാസ" ഓർമ്മിപ്പിച്ചതു".

ലിറ്ററേച്ചറിലോ, ജർണ്ണലിസത്തിലോ ഉള്ള ഒന്നാംകേ"ളാസ്സു" പോസ്റ്റ" ഗ്രാഡ്വേഷൻ.

"ടിബ്യൂണിന്റെ സർക്കുലേഷൻ മാനേജരെ എനിക്കു" അറിയാം. ശ്രമിക്കുന്നതിനു" നിനക്കു വിരോധമൊന്നുമില്ല ല്ലാ..." ഹരിദാസ".

"ബുദ്ധപരം ധനിക സന്താനങ്ങളാണു". എന്നിട്ടും എല്ലാം ഉപേക്ഷിച്ചു" ഇറങ്ങിയിരിക്കുന്നു.

ഓർഡർകൊടുപ്പിനു താഴെ എഴുതിയ ചുരുങ്ങിയ വാക്കുകളും—എനിക്കു സുഖമായിരിക്കുന്നു—ഋതുതന്നെ.

ഹരിദാസ" കിണഞ്ഞുശ്രമിച്ചുവെന്നു തോന്നുന്നു.

കൽക്കട്ടയിൽ ടിബ്യൂണിന്റെ ലേഖകനായി ജോലിനോക്കുമ്പോഴാണു" സിൽവിയാമാനപലിനെ പരിചയപ്പെട്ടതു". ഒരു കോക്ക"ടെയിലിന്റെ മധുരഭാരമായ ഓർമ്മപോലെ.

ഇന്ത്യയിലെ പ്രസിദ്ധമായ ഒരു ആസ"ടിയൻ മരുന്നുകമ്പനിയുടെ ഡയറക്ടറായിരുന്ന അവളുടെ പിതാവു". മൈക്രോബയോളജിയിൽ ഉന്നതബിരുദമുള്ള ഒരു മൈക്രോബാണയാളെന്നുതോന്നി നിരുപദ്രവിയായ ഒരു മൈക്രോബ".

ഓബറോയ" ഹോട്ടലിൽ രണ്ടുദിവസം ഒരുമിച്ചുപോയതേയുള്ളു. അപ്പോഴാണു" ടിബ്യൂണിനെപ്പറ്റിയും ഹരിദാസിനെക്കുറിച്ചുമൊക്കെ സിൽവിയായോടു പറഞ്ഞതു".

ഹൂ ഈസ" ദിസ" ഹരിദാസ", യുവർ ഗേൾഫ്രണ്ട"? ഹരിദാസ" തന്റെ ഗേൾഫ്രണ്ടാണോ എന്നു" - അയാൾക്കു" പൊട്ടിച്ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

ആസ"ടിയൻകമ്പനിയുടെ പബ"ളിക" റിലേഷൻസ" ഓഫീസറായി നിയമനം കിട്ടുമ്പോൾ സിൽവിയാ ഓർമ്മിപ്പിച്ചു. "നമുക്കൊന്നാഘോഷിക്കണം." മറുപടിയൊന്നും പറഞ്ഞില്ല.

ടിബ്യൂണിനു" രാജിക്കത്തു" അയയ"ക്കണം. നന്ദിപറഞ്ഞുകൊണ്ടു" ഹരിദാസിനും എഴുതണം. ഭവാനിപ്പൂരിലെ കമ്പനിയുടെ ഓഫീസിൽവച്ചു നാളെ കാണാമെന്നുപറഞ്ഞു" അയാൾ പോസ്റ്റാഫീസിലേക്കു നടന്നു. "ഞാൻ ഡ്രൈപ്പുചെയ്യാം." ഡിൽപയ എന്താണു പറഞ്ഞതെന്നു" ശ്രദ്ധിക്കാതെ അയാൾ നടന്നു.

രാജീവൻ മറ്റൊരു ലോകത്തായിരുന്നു. ഡയാന എന്ന ആസ"ട്രേലിയൻ സുന്ദരിയേയും സ്പൈ"മറാറിക"കോയിഷനെ വെറുക്കുന്ന ആൽഫ്രഡു" എന്ന എഞ്ചിനീയറിംഗ" പോസ്റ്റ" ഗ്രാഡ്വേറാറിനെയും അയാളോർമ്മിച്ചു.

രണ്ടുപേരും ധനികസന്താനങ്ങളാണു". എന്നിട്ടും എല്ലാം ഉപേക്ഷിച്ചു" ഇറങ്ങിയിരിക്കുന്നു.

"ഈ അനന്തമായ ആകാശത്തിനു കീഴിൽ മനുഷ്യനു" അഭിമാനൽകാൻ പറ്റിയ ഒരൊറ്റ മാളംപോലുമില്ലെന്നാണു" ആൽഫ്രഡിന്റെ മതം. സദാചാരത്തിന്റെ കെട്ടുപാടുകളൊന്നും അയാൾക്കില്ല. അല്ലെങ്കിൽ രാജീവനു" അയാളുടെ മുമ്പിലിട്ടു" ഡയാനയെ ഉപഭോഗിക്കാൻ കഴിയുമായിരുന്നില്ലല്ലോ"

ഗോവയിൽനിന്നു" കേരളത്തിലേക്കു പോകുമെന്നാണു" ഡയാന പറഞ്ഞതു". തിരിച്ചുപോയിട്ടില്ലെങ്കിൽ കോവളത്തോ വിഴിഞ്ഞത്തോ എവിടെയെങ്കിലുമുണ്ടാവും.

പൊടുന്നനെ വിദേശികളുടെ തടിച്ചു മാംസളമായ ശരീരത്തിനില്ലാത്ത പ്രത്യേകത "കളേഡ" ഇന്ത്യൻസ്ത്രീകൾക്കുണ്ടെന്നു കിട്ടി എന്നാരാ"ത്തു" അയാൾക്കതിശയം തോന്നി. "ആനയോളമുപോന്ന തടിയില്ലെങ്കിലെന്തു". ഇന്ത്യാക്കാരുടെ ഞരമ്പുകൾ ഉരുക്കുകൊണ്ടുണ്ടാക്കിയതാണു". പ്രത്യേകിച്ചു" കേളേിയരുടെ " ആൽഫ്രഡിനോടു" വിമ്പിളക്കിയതു" ഇനിയും മറന്നിട്ടില്ല.

അമേരിക്കയിൽ സെക"സിനപ്പറ്റി ക"ളാസ്സുകൾ നടത്തുന്ന ഇന്ത്യൻ സന്യാസിമാരെക്കുറിച്ചു" സിൽവിയ, പറഞ്ഞാണറിഞ്ഞതു". ചിരിക്കാതിരിക്കുന്നതെങ്ങനെ?

ചാർവാകന്റെയും യാജ്ഞവല്ക്യന്റെയും പാരമ്പര്യമുള്ള മുനിമാർ രതിക്രീഡകളെക്കുറിച്ചു" ക"ളാസ്സുകളും പ്രാക"ടിക്കലുകളും നടത്തി. പണമുണ്ടാക്കുന്നു

രാജീവന്റെ വിദേശപ്രതിഷ്ഠകൾ— രാജീവൻ പണംവാങ്ങാൻ മടിക്കുന്നു എന്നമാത്രം.

അമേരിക്കക്കാർ മാത്രമല്ല, നീഗ്രോകളും ജപ്പാൻകാരുമൊക്കെ ആ ക്ള സ്സുകളിൽ ധാരാളമായി പങ്കെടുക്കുന്നുത്രേ.

അമേരിക്കാക്കാരും ആഗ്ലോ-ഇന്ത്യൻസിനെന്നും വിവാഹം എന്ന സെൻസിമെന്റലിസത്തിൽ വലിയ വിശ്വാസമൊന്നുമില്ല അതുകൊണ്ടു" ആക്കും അവരുമായി സ്വതന്ത്രരായി ഇടപഴകും.

എസ". എൻ. കോളേജിൽ എം.എ-ക്കു പഠിക്കുമ്പോഴാണെന്നു തോന്നുന്നു കടപ്പാക്കടവച്ചു" മായാക്കി എന്ന ആംഗ്ലോ ഇന്ത്യൻ യുവതിയെ കണ്ടുമുട്ടുന്നതു".

പ്രസിദ്ധനായ ഒരു ബൈബിൾ പണ്ഡിതന്റെ പേരായിരുന്നു അവളുടെ അമ്മ എന്നാണോർമ്മ— ക്രിസോസ്റ്റം എന്നോ മറ്റോ.

അവൾ മിക്കപ്പോഴും പറയാറുണ്ടായിരുന്ന — വിവാഹം എന്ന കാലഹരണപ്പെട്ട ആശയത്തോട് അവൾക്കും അവളുടെ കൂട്ടുകാരികളിൽ പലർക്കും വലിയ അടുപ്പമൊന്നുമില്ലെന്ന്.

കോഴിക്കോട്ടെ ഒരു കോൾഗേൾസ് സെന്ററിൽനിന്നും സെവൻറിനയൻ പാർക്ക് അവന്യുവിന്റെ പാരമ്പര്യമുള്ള ആംഗ്ലോ ഇന്ത്യൻ യുവതികളെ വലയിട്ടുപിടിക്കുന്ന പ്രസിദ്ധനായ ഒരഡ്വക്കേറ്റ് കരേക്കാലം തന്റെ സുഹൃത്തായിരുന്നു—"അവർക്കും വിവാഹം എന്ന ആശയം പഴഞ്ചനാണെന്നാണ്" അയാൾ പറഞ്ഞതു."

രാജീവനോട്" ഒരാളൊഴികെ "എന്നെ വിവാഹംകഴിക്കണമെന്നു" ആരും പറഞ്ഞില്ല" — ഗിരിജാമേനോൻ എന്ന റിസർച്ച് വിദ്യാർത്ഥിനി— കന്നംകുഴിയിലുള്ള അവളുടെ വീട്ടിൽ ചെല്ലുമ്പോഴൊക്കെ അവളോർമ്മിപ്പിക്കാറുണ്ടായിരുന്നതു" അളിയനാണു".

തമിഴത്തിയോ, ബംഗാളിയോ പെൺകുട്ടികളെയാണും സ്വഭാവമാണെന്നതോന്നൽ, കുറേ ദിവസം അടുത്തിടപഴകിക്കഴിഞ്ഞാൽ "എന്നെ വിവാഹംകഴിക്കണമെന്നു" പറയുക, ഒരിക്കലെങ്കിലും ഒരുമിച്ചു ശയിച്ചിട്ടുണ്ടെങ്കിൽ പറയുകയും വേണ്ട.

ആ വികാരത്തോടുമാത്രമാണു് രാജീവനു് യോജിക്കാതിരിക്കാൻ വ്യാമോഹമുള്ളതു്.

ഇൻഡ്യൻസമയത്തിടപഴകുമ്പോൾ അമേരിക്കക്കാരികൾക്കും ആംഗ്ലോ ഇൻഡ്യൻസിനുമൊന്നും ഗർഭധാരണശേഷിയില്ല— അതൊരു ട്രീസിസ്സു് വിഷയമാണെന്നു് രാജീവനു തോന്നി.

കേസു് ഫസ്റ്റുറിയിൽ മവോക്കി ക്രിസോസ്റ്റത്തിന്റെയും, ഡയാനയുടെയും സിൽവിയാമാനപലിന്റെയുമൊക്കെ പേരും വയസ്സുമൊക്കെയുണ്ടു്. ടിബ്യൂണിനു് രസകരമായ ഒരു ലേഖനം എഴുതി അയച്ചാലോ എന്നു തോന്നാതിരുന്നില്ല ഒരു പുതുമയുണ്ടായിരിക്കുമല്ലോ.

സിൽവിയായോടു ചോദിച്ചുനോക്കി.

"ശരിയാണു്. ഇൻഡ്യക്കാരു പുരുഷന്മാരുമായി രേയിച്ചാൽ അമേരിക്കൻസിനോ ആംഗ്ലോ ഇൻഡ്യൻസിനോ കുട്ടികളുണ്ടാവില്ല പക്ഷേ, അമേരിക്കയിൽമാത്രം പ്രതിവർഷം നാലുലക്ഷത്തിൽപ്പരം അവിഹിതഗർഭങ്ങളുണ്ടെന്നു നിങ്ങൾക്കറിയാമോ. ഇൻഡ്യൻസിനു് ലിംഗപൂജയുടെയും സെക്സിനേറയുമൊക്കെ പാരമ്പര്യമേയുള്ളൂ. ഉൽപ്പാദനശേഷിയില്ല." ചൗരംഗിസ്കയറിലൂടെ പോകുമ്പോൾ ഷെവർലെയിലിരുന്നു് നിരത്തിനിരുവശവും തിങ്ങിയൊഴുകുന്ന ജനസമുദ്രത്തെ ചൂണ്ടി അവൾക്കു കാണിച്ചുകൊടുത്തു.

"നോക്കൂ, ഈ ഇന്ത്യാക്കാരെന്നൊന്നും അമേരിക്കയിൽനിന്നുവരുന്ന ഒട്ടകത്തിന്റെ പാർശ്വപ്പൊടി കലക്കിക്കുടിച്ചുണ്ടായതല്ല. ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ നടത്തിയുമല്ല പി എൽ. 480 മുഖേന ഇങ്ങോട്ടിറക്കുമതിചെയ്തതു് അമരക്കാരുടെ ബീജങ്ങളുമല്ലെന്നു് നിനക്കറിയാമല്ലോ."

ഒമിഗേൺ ഇൻഫർമേഷനലിന്റെ ഇപ്പൊട്ടൻഷിക്കുള്ള ഫോർമാണ്ടുകളടങ്ങിയ കാപ്സ്യൂളുകൾ തിന്നു് ഗർഭംധരിക്കുന്ന ഉസ്ബക്കു് സ്ത്രീകളിൽച്ചിലരേക്കുറിച്ചു് എവിടെയോ വായിച്ചതു് ഓർമ്മിക്കുകയായിരുന്നു രാജീവൻ.

"കടിക്കുന്ന കൊതുകുത്തിൽനിന്നു" ഗർഭംധരിക്കുന്നവരല്ലേ ഭാരതീയ സ്ത്രീകൾ" സിൽവിയാ തിരിച്ചടിച്ചു

സിൽവിയായുടെ തടിച്ച ചുണ്ടുകൾ കടിച്ചുമുറിച്ചു" അയാൾ പറഞ്ഞു. "ഷോയേഴ്സ് ഫാദർ, ബിച്ചു" ദ ഇൻഡോമിറബിൾ എച്ചു് പി ഓഫ് ഇൻഡ്യൻ ഗേം" സിൽവിയാ ചൊടിച്ചു "ഇന്ത്യൻസിനെക്കുറിച്ചു പറയുന്നതിനുമുമ്പു് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ. എന്നാൽ അമേരിക്കൻസിനെക്കുറിച്ചു് നിങ്ങൾ എന്തെല്ലാം പറയുന്നു.

ഉത്തരംമുട്ടുമ്പോൾ രാജീവൻ അവളെ മലയാളത്തിലെ തലതെറിച്ച തെറിവാക്കുകൾകൊണ്ടു് അഭിഷേകിക്കുകയാണു് പതിവു്. അതു് വീണ്ടും ആവർത്തിച്ചു" അവൾ മിഴിച്ചിരിക്കുന്നതു കാണാൻ രാജീവനെന്നും കൗതുകമായിരുന്നു.

ഇത്തവണ അയാളനങ്ങിയില്ല.

സിൽവിയാപ്രോത്തിന്റെ 'കൊളോസിയ'ത്തിലെ വരികൾ അലക്ഷ്യമായി മൂളിക്കൊണ്ടിരുന്നു. പിന്നെ ഏറിയൽ'

പൊടുന്നനെ അയാൾ ഗിരിജയെക്കുറിച്ചോർത്തുപോയി തന്റെ ചിത്രങ്ങളുടെ ഒരു മോഡലായിട്ടുമാത്രമേ അവളെ കാണാനാഗ്രഹിച്ചിട്ടുള്ളൂ നീണ്ടനാസികയും ഉയർന്ന നിതംബവും കട്ടിയായ മാംസഞൊറികളും ഉരുണ്ടുകൊഴുത്ത മുലകളുമുള്ള ഒരു മോഡൽ

നാണം എന്ന വികാരം രക്തത്തിൽപ്പോലും അലിഞ്ഞുചേർന്നിട്ടുള്ള അവളെ ഒരു ഭയപ്പാടോടുകൂടി മാത്രമേ രാജീവനു് ഓർമ്മിക്കാൻ കഴിയുന്നുള്ളൂ.

ഒരു ബ്രാഹ്മണപ്പെൺകിടാവു് ആളൊഴിഞ്ഞ ഒരു മുലയിൽവച്ചു് ഒന്നു ചുംബിച്ചതിനു് പ്രൊഫെസ്സറോടു പറയുമെന്നു് ഭീഷണിപ്പെടുത്തി.

കൊനാരക്കിലേയും ഖജുരാഹോയിലേയും നഗ്നശില്പങ്ങളുടേതു മാതിരി ഉയർന്ന മാംസഞൊറികളുള്ള ഗിരിജാമേനോൻ എന്ന രണ്ടപ്പു് അവൾക്കു് വികാരമൊന്നുണ്ടായിരുന്നെന്നു തോന്നുന്നില്ല

റിഥമാണോ...?

എന്തു റിഥം...? റിസേർച്ചു് സ്റ്റുഡൻറ് നു് "റിഥം പിടേഡ്" എന്നാലെന്താണെന്നു് അറിയില്ലത്രേ.

രാജീവനു് വിദേശപ്പെൺകുട്ടികളെ ഇഷ്ടപ്പെടുന്നതും അതുകൊണ്ടു മാത്രമാണു"— ഒന്നമറിയേണ്ട കോൺടാസെപ്റ്റിവുകൾ തേടി എങ്ങും പോവേണ്ട. യെമില്ലാത്ത പാസ്യകളല്ല

രഹസ്യമായി രാജീവൻ നിംഫോമേനിയുടെ ഒരാരാധകനായിരുന്നു

പി ആർ ഒ ആയതിനുശേഷം മിക്ക സമയവും സിൽവിയാ അടുത്തുണ്ടാവും. ഒരിക്കൽ അയാൾ മാത്രം താമസിക്കുന്ന ഫ്ളാറ്റിൽവച്ചു് സിൽവിയായുടെ ഒരു 'ന്യൂഡ്" വരഞ്ഞുകൊടുത്തതിനു് പ്രതിഫലമായി അവൾ തണ്ടുകുപ്പി ഇറക്കുമതി ചെയ്ത ഷാംപെയ്നാണു് തന്നതു"...

കുടിച്ചുമദിക്കുമ്പോൾ അവൾ ചോദിക്കുന്നതു കേട്ടു

"പ്രെയർസ് യേഴ്സ് ഗിരിജാ...ആർയു ഗോയിംഗ് ടു ഗെറ്റ് മാരേഡ്?"

"നെവർ നെവർ സിൽവി ഐ കാൻട് സഫർ പുവർ ഇന്ത്യൻ ഗേൾസ് ആസ് ലോംഗ് ആസ് ദേർ റിലേറ്റീവ്സ് ആർ ലൈവിംഗ് ഇസ് സീറോ ഓർ മൈനസ്" പറഞ്ഞുവെന്നാണോർമ്മ

ഒരിക്കൽ ഗിരിജയോടു് അവളുടെ ചിത്രം വരയ്ക്കുന്നതിനെപ്പറ്റി പറഞ്ഞപ്പോൾ അവൾ എതിർത്തു. എല്ലാവരും അറിയുമത്രേ.

പെൺകുട്ടികളുടെ നാണം രാജീവനു് സഹിക്കാൻ കഴിയുന്നില്ല

സിൽവിയയെ നോക്കൂ നാണമോ ഭീതിയോ ഒന്നുമില്ല ഗിരിജയെ വിവാഹം കഴിക്കുന്നുണ്ടോ എന്നു് തെല്ലും അസൂയകലരാത്ത സ്വരത്തിൽ ചോദിക്കുന്നു

ഗിരിജയോ നാലിനുയേയോ ഒക്കെക്കൂടെ കൊണ്ടു നടക്കുന്നതിൽ സിൽവിയാ

ഒരു വിരോധവുമുണ്ടാവാൻ പോകുന്നില്ല.

സിൽവിയാ ഒരു മദ്ധ്യാഹ്നത്തിൽ ജർമ്മനിയിലെ ബഹുഭർതൃത്വനിയമത്തെക്കുറിച്ചു സംസാരിച്ചു. അതേപോലെ ബഹുഭാര്യാത്വവും വരണമത്രേ. സസ്യങ്ങളുടെയും ജന്തുക്കളുടെയുമൊക്കെ ഇടയിലുമില്ല, പോളിയാൻഡ്രിയും, പോളിഗെമിയുമൊക്കെ,” ആവേശത്തോടെ അവൾ ചോദിക്കുന്നു.

സിൽവിയായെവിടെയ്ക്കു നിനക്കു യൂനിവേർസിറ്റിയിലേക്കു പോരാൻ തോന്നിയതെന്തുകൊണ്ടാണെ—” മനസ്സു ഇടയ്ക്കിടെ ശല്യം ചെയ്യുന്നു.

സിൽവിയാ വിവാഹിതയാവാൻ പോകുന്നു. വരൻ ഒരു ആസ്ട്രിയൻ എഞ്ചിനീയറാണത്രേ. മൈക്രോബിനും സിൽവിയയുടേയും പ്രത്യേകം പ്രത്യേകമുള്ള ക്ഷണക്കത്തു മേശപ്പുറത്തുകിടക്കുന്നു. രാജീവനു നേരിയ ദുഃഖം തോന്നി..... എന്നാലും സിൽവിയാ ഞാൻ നിന്നെ എത്രമാത്രം ഇഷ്ടപ്പെടുന്നുവെന്നോ നിന്നക്കാളധികം നിന്റെ ക്ലാസലില്ലായ്മയെ

രാജീവൻ ഊർക്കരിൽ പക്ഷികളെയും ചെങ്കീരികളെയും ഇഷ്ടപ്പെടുന്നു. പ്രാവിൻമാംസവും യോഫിം ബിൻ മരത്തോലും ഇഷ്ടപ്പെടുന്നു...

മേശപ്പുറത്തു കിടന്ന കത്തു് അയാൾ തുണ്ടുതുണ്ടായി വലിച്ചുകീറി. “വിവാഹമാണത്രേ സാദ്ധ്യമല്ല” ആരോടെന്നില്ലാതെ അയാൾ അലറി.

പുതപ്പിനടിയിൽ അയാളുടെ നഗ്നശരീരം കെട്ടിപ്പിടിച്ചു കൊണ്ടു കിടന്ന അവളെ അവൻ വരഞ്ഞുമുറുക്കി അവളുടെ കാതിൽ മന്ത്രിച്ചു... “ഡിയർ സിൽവി, ഡുയു നോ ഹൗ ഐ ലവ് യു...”

ഒരു ഭ്രാന്തിയെപ്പോലെ ഗിരിജ അയാളെ തുറിച്ചുനോക്കി.

രാജീവൻ അപ്പോഴും വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു.

ക്ഷീണിച്ചുറങ്ങിയ തല ചീകിക്കൊണ്ടിരുന്നപ്പോൾ മാത്രമാണു് തീർച്ചയായും അന്നു ഷേവുചെയ്യേണ്ടിയിരിക്കുന്നു എന്നു തോന്നിയതു്. രാത്രി വളരെച്ചെന്നതിനു ശേഷമാണു് ഇന്നലെ ഉറങ്ങാനെത്തിയതെന്നു് ഓർത്തു. അതുകൊണ്ടാകാം പതിവിനു വിപരീതമായി ഇന്നു മൈക്കി എഴുന്നേറ്റതും.

ഷേവുചെയ്യാൻ ആരംഭിച്ചപ്പോൾത്തന്നെ കാളിംഗ്ബെൽ കേട്ടു. കാർഷെഡിന്റെ താക്കോലെടുത്തു ഡ്രൈവറെ ഏല്പിക്കുമ്പോൾ മുഖം നിറയെ ക്രീം ഉണ്ടായിരുന്നതുകൊണ്ടാകണം, ഡ്രൈവറുടെ മുഖത്തു് ഒരു മന്ദഹാസം തെളിഞ്ഞു.

ഭാര്യയെ നാട്ടിൽ പ്രസവത്തിനു് അയച്ചതിനുശേഷം ദിനചര്യകൾക്കു മാറ്റംവരുത്തുന്നതു് ശ്രദ്ധിച്ചു അവൾ പോയതിനു ശേഷം ശരിക്കൊരുനേരംപോലും നിറയെ രുചിയോടെ ഊണു കഴിച്ചിട്ടില്ലെന്ന സത്യം ഓർമ്മിച്ചു. അവളുണ്ടായിരുന്നെങ്കിൽ ഈ സമയത്തു് ഡ്രസ്സിങ്ങ് കഴിഞ്ഞു് കറഞ്ഞ സ്റ്റീൽ കറങ്ങുന്ന ഫാനിനുകീഴിൽ പത്രവും വായിച്ചു കാത്തിരിക്കാറായിരുന്നു പത്തു്. ബ്രേക്ക്ഫാസ്റ്റു് ഡൈനിങ്ങ് ടേബിളിലാകുമ്പോൾ വന്നു വിളിക്കുന്നതുവരെ

കഥ: കെയൽ ആസ്സാം

പത്രത്തിലൂടെ കണ്ണോടിക്കും. ഇടക്കിടെ ഡ്രൈവർ കാറുതുടക്കുന്നതും, മിനിമോൾ ഡ്രൈവറെ ശല്യപ്പെടുത്തുന്നതും നോക്കിയിരിക്കും.

ഓഫീസിലേക്കു പുറപ്പെടേണ്ട സമയമായെന്നു മനസ്സിലായപ്പോൾ, കാലത്തു് ഹോട്ടലിൽനിന്നും ഒന്നും കഴിക്കേണ്ടെന്നു തീരുമാനിച്ചു ഫ്രിഡ്ജു് തുറന്നുനോക്കി നാലഞ്ചു പീസു ബ്രഡ്ഡും അൽപം ബട്ടറും എടുത്തു മേശമേൽവെച്ചപ്പോൾ ഡ്രൈവർ സഹായത്തിനെത്തി. ഫ്രിഡ്ജിനകത്തേക്കു ഡ്രൈവറുടെ കണ്ണുകൾ ഇഴുകിച്ചെല്ലുന്നതു കണ്ടപ്പോൾ അതുചെട്ടന്നടച്ചു. അതിനകത്തു് നാലഞ്ചു

മറിയാമ്മയുടെ ഭർത്താവു്

കുട്ടകളും കുറച്ചു ബ്രഡ്ഡും ഒഴിക്കയുള്ള സ്ഥലമെല്ലാം കയ്യടക്കിയിരിക്കുന്നതു് വിസ്കിക്കുപ്പികളാണു്. രണ്ടു മൂന്നു മാസത്തിനകം ഭാര്യ സ്ഥലത്തെത്തിയാൽ ഡ്രൈവറെ ക്ലോസുചെയ്യുമെന്നും കള്ളി വെളിച്ചത്താവുമെന്നും എനിക്കറിയാം.

“മോഹൻസിങ്ങ്—മേം സാബു് കൊ മത്തു് ബോൽനാ.”

രണ്ടു കുട്ടകളുമായി മോഹൻസിങ്ങ് അടുക്കളയിലേക്കു വലിഞ്ഞപ്പോൾ, ഫ്രിഡ്ജിലെ ഐസ്കിറ്റിൽ മരവിച്ചിരുന്ന ബിയർകുപ്പി പുറത്തെടുത്തു തണുത്ത പ്രഭാതത്തിൽ മരവിച്ച ബിയർ കുടിച്ചപ്പോൾ പതിവുള്ള ഉന്മേഷം തിരിച്ചുകിട്ടി.

ഓഫീസിലേക്കു തിരിക്കാൻനേരത്തു ഫോൺ ശബ്ദിച്ചു.

“ഹലോ മി. ദാസ്സ്”

ശബ്ദം കേട്ടപ്പോൾത്തന്നെ ആളെ മനസ്സിലായി. എണ്ണക്കമ്പനിയിലെ ഉയന്ന മലയാളി ഉദ്യോഗസ്ഥൻ കുമാറാണു്. ക

ല്ലുരിയുടെ നിറമുള്ള കുമാർ

"നിനക്കിന്നു ലീവെടുക്കാമോ?"

"കാര്യം?"

"നമുക്കിന്നു" "ഖാസിഹിൽ" സൊക്കെ ഒന്നു ചുറ്റിയടിക്കാം. നിനക്കു കാറുണ്ടല്ലോ?"

തിരിഞ്ഞുനോക്കിയപ്പോൾ മോഹൻ സിങ്ങ് ചായ ഗ്ലാസ്സിലേക്കു പകരുന്നതോടൊപ്പം ടെലിഫോൺ സംഭാഷണം ശ്രദ്ധിക്കുന്നുണ്ടെന്നു മനസ്സിലായി. ഏതായാലും ലീവെടുക്കാൻ തീരുമാനിച്ചു

"കാറു വർക്ഷോപ്പിലാണല്ലോ. ബസ്സിൽ പോകാം. ഓക്കെ ഫൈനാ?"

ചായകുടിക്കുന്നതിനിടയിൽ മോഹൻ സിങ്ങ് ഓർമ്മിപ്പിച്ചു.

"സാബ്ജി" "ഉം"

"കമാർസാബ്ജി ഓക്കെ ആദ്മീം നഹീം"

"മോഹൻ"—പേരുള്ള ശബ്ദത്തിൽ താക്കീതു ചെയ്തു.

കുമാർ അല്പം പിശുക്കനാണെന്നു് എല്ലാവർക്കുമറിയാം. നാല്പതു വയസ്സു പ്രായമുണ്ടെന്നു് അവകാശപ്പെടുന്നുണ്ടെങ്കിലും, കാഴ്ചയിൽ പുള്ളിക്കാരൻ മെരുപ്പാണു്. നാട്ടിൽ അല്പം വസ്തുക്കൾ സമ്പാദിച്ചു് ഭാര്യയേയും മക്കളേയും കാവലേല്പിച്ചു് കുമാർ ഇങ്ങകലെ മറുകര കഴിയുകയാണു്. കൊല്ലത്തിലൊരിക്കൽ വീട്ടിൽപോകും, അത്രമാത്രം. മൂന്നു മാസത്തിലൊരിക്കൽ വീട്ടവേലക്കാരിയെ മാറ്റിയെടുക്കൽ അയാളുടെ ഒരു പതിവാണത്രേ. ഒഴിവുകിട്ടുമ്പോഴെല്ലാം വീട്ടു പൂട്ടിയിട്ടു് മലമുകളിലെ സുഖവാസകേന്ദ്രങ്ങളിൽ ചുറ്റിയടിക്കും.

ഓഫീസിലേക്കു ഫോൺ ചെയ്തു് അന്നു ലീവായിരിക്കുമെന്നു് അറിയിച്ചു. മോഹൻസിങ്ങിനോടു് കാറു് വർക്ഷോപ്പിൽ കൊണ്ടുപോയി വേണ്ട അറ്റകുറ്റപ്പണികൾ ചെയ്യാൻ ഏർപ്പാടു ചെയ്തു

ഭാര്യ നാട്ടിൽനിന്നും എത്തുമ്പോൾ മോഹൻസിങ്ങിനെ പറഞ്ഞുവിടേണ്ടിവരും, അയാൾ മനസ്സിലോർത്തു. ഭാര്യ പോയതിൽപിന്നെ അവളുടെ ഏജന്റുപോലെയാണു് അവൻറെ പെരുമാറ്റവും നോട്ടവും, അവളുടെ ചോദ്യങ്ങൾക്കു സിങ്ങു് ശരിയുത്തരം കൊടുക്കും. അവളെ എയർപോർട്ടിൽ കാറിൽ കൊണ്ടുചെന്നിറക്കിയപ്പോൾ സിങ്ങിനു് പത്തുരൂപാനോട്ടു് നീട്ടുന്നതും അവൻ വാങ്ങുന്നതും കണ്ടപ്പോൾ അതിശയംതോന്നി. സിങ്ങിന്റെ തോളിൽനിന്നും ഇറങ്ങാൻ മടിച്ചു് വാശിയിൽ കരയുന്ന മകളെ അല്പം ബലമായിത്തന്നെ എടുത്തു

കൃത്യമായിപറഞ്ഞാൽ അതേ എയർപോർട്ടിൽനിന്നും ഒരു കൊല്ലം മുമ്പാണു് മോഹൻസിങ്ങു് ഞങ്ങളെ ഡ്രൈവുചെയ്തു് ഇവിടെ കൊണ്ടുവന്നതു്. ആദ്യമാദ്യം മിനിമോൾക്കു് സിങ്ങിനെ പേടിയായിരുന്നു. ക്രമേണ അവൾ ഇണങ്ങി ഒരു കൊല്ലത്തിനകംതന്നെ ഭാര്യയക്കാൾ ഭംഗിയായി ഹിന്ദിപറയാനും മിനിമോൾ പഠിച്ചു.

നിമിഷങ്ങൾക്കകം മോഹൻസിങ്ങിന്റെ കൈക്കുള്ളിൽ വന്നിറങ്ങി. അന്നത്തെ മെയിലിൽ വന്ന സ്വകാര്യക്കുറ്റങ്ങൾ നീട്ടി

"ഘർ സെ കോയി ചിട്ടി ഫൈക്യാ സാബ്ജി?"

സുപരിചിതമായ കൈപ്പട കണ്ടപ്പോൾ ധൃതിയിൽ ആ കത്തുമാത്രം തുറന്നുനോക്കി ഓടിച്ചുവായിച്ചിട്ടു് കത്തു ടീപ്പോയിൽ വെച്ചപ്പോഴും മോഹൻസിങ്ങു് വാതിൽപ്പടിക്കൽത്തന്നെ നില്പുണ്ടായിരുന്നു.

"കുഛ്സാബ്ജി കൈസി ഹൈ"

"മീനി..." "ഠീക് ഹൈ"

"പെട്ടെന്നു കയറിവന്ന കുമാറുമായുള്ള" യാത്ര തിരിച്ചുപോൾ മോഹൻസിങ്ങിനു വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു. ഒട്ടും പ്രസന്നമല്ലാത്ത അവന്റെ മുഖം ബസ്സ് സ്റ്റാൻഡിൽ എത്തിയപ്പോഴും മനസ്സിലുണ്ടായിരുന്നു.

ഡീലക്സ്സുബസ്സിന്റെ ഏറ്റവും മുന്നിലെ സീറ്റിൽത്തന്നെ കയറ്റിപ്പറ്റി സംസാരപ്രിയനായിരുന്ന കുമാർ പലതും വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നു. മലമുകളിലെ സുഖവാസകേന്ദ്രത്തെപ്പറ്റിയും, ഖാസി പെൺകുട്ടികളെപ്പറ്റിയും കുമാർ വിവരിച്ചുകൊണ്ടിരുന്നു.

ഭാര്യയും മീനിയുമൊത്തു് നാലഞ്ചുമാസങ്ങൾക്കുമുമ്പു് ഈ റൂട്ടിൽ യാത്രചെയ്തതു് അയാളോർത്തു. മലമുകളിലെ തണുപ്പു സഹിക്കാനുള്ള കരുത്തു് അവൾക്കില്ലായിരുന്നു. അതുകൊണ്ടു് പെട്ടെന്നു മടങ്ങേണ്ടിവന്നു. മയിൽപ്പീലികൊണ്ടുണ്ടാക്കിയ രണ്ടു വീശറിയും, രണ്ടുകുപ്പി "ചിറാപ്പുഞ്ചി" തേനും മാത്രം വാങ്ങി.

ഒന്നരണ്ടു ചെറിയ മലകൾ കയറിയപ്പോഴേക്കും കാലാവസ്ഥയിൽ പ്രകടമായ മാറ്റം അനുഭവപ്പെട്ട ജാലകത്തിലൂടെ വന്ന കാറ്റിനു് തണുപ്പേറിക്കൊണ്ടിരുന്നു. കുമാർ സ്യൂട്ട്കേസ്സിൽനിന്നു് മഫ്ളർ എടുത്തു കഴുത്തിൽച്ചുറ്റി. ചൈനാ—ബർമ്മാ അതിർത്തികളിലുള്ള കുന്നിൻപ്രദേശങ്ങളിലെ ആപ്പിൾ നിറയുള്ള ആദിവാസി പെൺകിടാങ്ങളെപ്പറ്റിയും, അവരെ മാർക്കറ്റിലിറക്കുന്ന പാണിഭക്കാരെപ്പറ്റിയും കുമാർ നിർത്താതെ സംസാരിക്കുകയായിരുന്നു.

"നീ കേൾക്കുന്നുണ്ടോ?"

പുറത്തേക്കു നോക്കിക്കൊണ്ടിരുന്ന എന്നെ കുമാർ തൊട്ടുവിളിച്ചു

"ചിലപ്പോഴൊക്കെ ബ്രൗൺ" സ്കിൻ ആയിരിക്കും.

പക്ഷേ ഒരക്ഷരം മിണ്ടാനൊക്കില്ല."

"ഉം?"

"അവറാകും" നമ്മൾക്കറിയാവുന്നരുഭാഷയും അറിയില്ല. ഞാൻ ഊറിച്ചിരിച്ചു,

മലമുകളിലേക്കുള്ള വളഞ്ഞുപുളഞ്ഞ പാതയിലൂടെ സഞ്ചരിക്കുമ്പോൾ ചിലസ്ത്രീകൾ ചുമർപോലുള്ള കുന്നിന്റെ പുറകിലെ മാപ്പിൽക്കിടന്നുറങ്ങുന്ന കുട്ടിയുടെ കൈകൾ അവളുടെ ചലനത്തിനൊപ്പം ആടിക്കളിക്കുന്നതു നോക്കിയിരുന്നു.

പെട്ടെന്നു മീനിമോളേയും അവളുടെ അമ്മയേയും ഓർമ്മവന്നു. ഒപ്പം മനസ്സിലൊരു കുറ്റബോധവും.

"മൂന്നുമാസം പെട്ടെന്നങ്ങുപോകും. ഒരു മോനുണ്ടാവാൻ പ്രാർത്ഥിക്കൂ." — പോകാൻനേരത്തു് അവൾ പറഞ്ഞു. ഞാൻ ചിരിച്ചു. അളകങ്ങൾ ഒതുക്കിക്കൊടുത്തു. കുട്ടത്തിൽ ഒരു മുത്തവും.

ഇറങ്ങേണ്ട സ്ഥലമെത്തിയതറിഞ്ഞില്ല. കുമാർ വിളിച്ചപ്പോൾ മാത്രമാണു് ഉണർന്നതു്. സീറ്റുകളിലൂടെ അരിച്ചുകയറുന്ന തണുപ്പിനെ അവഗണിച്ചു് വൃത്തിയും വെടിപ്പുള്ള സിറ്റിയിലൂടെ ടാക്സി സ്റ്റാൻറിലേക്കു നടക്കുമ്പോൾ കുമാർ പറഞ്ഞു.

"നമുക്കു് ഒരു ചെറിയ ഹോട്ടലാണു് നല്ലതു്," ടാക്സിയിൽ കയറിയിരുന്നു് അവളുടെത്ത പ്രമുഖ ഹോട്ടലിന്റെ പേരു പറഞ്ഞപ്പോൾ കുമാർ എതിർത്തു.

"ഇവിടെയെവിടെയെങ്കിലും റൂം നോക്കാം. ആൻറ് ദാറ്റ് വുഡ് ബി ചീപ്പർ ആൻറ്"..."

"നോ മി. കുമാർ, വി ആർ സപ്പോസ്ഡ് ടു ബി ജൻറിൽമെൻ..."

ടാക്സിഡ്രൈവർ തിരിഞ്ഞുനോക്കിയപ്പോൾ ജാള്യതതോന്നി. പിന്നീടു് ഹോട്ടലിലെത്തുന്നതുവരെ ആദ്യഭാഷകൾ ഉപയോഗിച്ചില്ല

ഹോട്ടൽമുറിക്കകത്തു് നിലത്തു വിരിച്ചിരുന്ന വിലകൂടിയ കാർപെറ്റിൽ അലക്ഷ്യമായി സിഗാറെറിഞ്ഞ ചാരം കണ്ടുഞ്ഞിട്ടുന്ന കുമാറിനോടു് ഈർഷ്യതോന്നിയെങ്കിലും ഒന്നും പറഞ്ഞില്ല. റൂം ഹീറർ ശരിയാക്കി പുറത്തേക്കിറങ്ങിയ ബോയിയെ വിളിച്ചു് കുമാർ എന്തോ എനിക്കറിയാത്ത ഭാഷയിൽ സംസാരിക്കുന്നതും, അവനു് "അഡ്വാൻസ് ടിപ്പ്" കൊടുക്കുന്നതും ശ്രദ്ധിച്ചു ബാറിൽ നല്ല തിരക്കായിരുന്നു. മേശകളുടെയിടയിൽ ഒഴിവില്ലാത്തതിനാൽ ഉയരംകൂടിയ കറങ്ങുന്ന ബാർ ചെയറിൽത്തന്നെ കയറിപ്പറ്റേണ്ടിവന്നു. നല്ലതിരക്കായിരുന്നിട്ടും പൊതുവെ നിശ്ശബ്ദമായിരുന്ന അന്തരീക്ഷം. ഉയരംകൂടിയ മച്ചിൽ അങ്ങിങ്ങായി തൂക്കിയിട്ടിരുന്ന ആലക്തികദീപങ്ങൾക്കു് മങ്ങിയ പ്രകാശം മാത്രം. ചുറ്റുവെള്ളം കലത്തിയ ആദ്യത്തെ പെഗ്ഗ് അകത്തുചെന്നപ്പോൾ തണുപ്പിനൊരു അയവുതോന്നി. കുമാറിന്റെ അടുത്ത ചെയറിൽ വന്നിരുന്ന മദ്ധ്യവയസ്ക്ക, അല്പം ലഹരിയുടെ സുഖത്തിൽ, ബാർമാനേജരോടു് എന്തൊക്കെയോ പറഞ്ഞു പയിയെ ചിരിക്കുന്നതു് നോക്കിയിരുന്നു.

സിഗാറു കത്തിക്കുന്നതിനിടയിൽ കുമാറിന്റെ മിഴികൾ അല്പം അകലെയിരിക്കുന്ന ഒരു ഖാസിപ്പെൺകുട്ടിയുടെ മിനുമിനുത്ത കാൽവണ്ണകളിലൂടെ അരിച്ചുകയറുന്നതു് വെറുപ്പോടെ നോക്കിയിരുന്നു. അവളുടെ കാമുകൻറെ കൺമുമ്പാളകൾ തടിച്ചുവീർത്തിരുന്നു.

രണ്ടാമത്തെ പെഗ്ഗ് വീഴുങ്ങി ഒരു സിഗാറുകത്തിച്ചു് കുമാർ ബാറിനു പുറ

ത്തേക്കുപോയി.

ഭാര്യയേക്കൂടെ അല്പം വിസ്കികുടിപ്പിച്ചു ശീലിപ്പിച്ചുനോക്കാൻ താൻനടത്തിയശ്രമങ്ങളെല്ലാം പാഴായിപ്പോയത് അയാളോർത്തു. നിർബ്ബന്ധിപ്പിച്ചു അല്പം കൊടുത്താൽപോലും അവൾ ശർദ്ദിച്ചു വശംകേടാവും. പ്രധാനപ്പെട്ട പാർട്ടിയിലൊക്കെ പങ്കെടുക്കുമ്പോൾ അല്പം കഴിച്ചില്ലെങ്കിൽ കുറച്ചിലാണെന്ന ധാരണ അവൾക്കില്ല. വീട്ടിലെത്തിയാൽ അല്പം വഴക്കും കരച്ചിലും അവൾ ഒഴിവാക്കാറുമില്ല.

കുമാർ തോളിൽ തട്ടിയപ്പോഴാണ് ചിന്തയിൽനിന്നും ഉണർന്നത്. മദ്യത്തിന്റെ നാറ്റത്തോടെ കുമാർ ചെവിയിൽ പറഞ്ഞ വാർത്തകേട്ടപ്പോൾ സന്തോഷം തോന്നി. പെട്ടെന്നു കുമാർ പൊട്ടിച്ചിരിച്ചപ്പോൾ വെറുപ്പും തോന്നി. കാരണം, അത്തരമൊരുകനത്തചിരി ആ ബാറിന്റെരുന്തസ്സിനു ചേർന്നതല്ലെന്നു് എനിക്കുതോന്നി.

ബാറിൽനിന്നും പുറത്തുകടന്നപ്പോൾ മോഹൻസിങ്ങു് വരാന്തയിൽ നില്ക്കുന്നതുകണ്ടു. പെട്ടെന്നു അരിശം തോന്നി.

"ക്യാ ഹുവാ?"

എന്റെ ശബ്ദം പതിവിലേറെ ദേഷ്യത്തിലായിരുന്നു. മോഹൻസിങ്ങിന്റെ മുഖത്തുനിന്നുമാസ്സം എന്നെചൊടിപ്പിച്ചു.

"ടെലിഗ്രാം"

ധൃതിയിൽടെലി ഗ്രാമിലൂടെകണ്ണോടിച്ചു.

"കുമാർ— എനിക്കൊരു ആൺകുഞ്ഞു പിറന്നിരിക്കുന്നു."

"കൺഗ്രാജുലേഷൻസു്. നമുക്കു ശരിക്കുങ്ങു് ആഘോഷിച്ചുകളയാം"

"ലെറ്റസു് ഡ്രോപ്പു് ദ ഡേയ്സു് പ്രോഗ്രാം മി. കുമാർ"

കുമാറിന്റെ തടസ്സവാദങ്ങൾ കേൾക്കാൻപോലും ക്ഷമയുണ്ടായിരുന്നില്ല. സൂട്ട്കേസ്സു് എടുക്കാൻ മുറിയിലേക്കു പാഞ്ഞുകയറിയപ്പോൾ, മിഴികളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ചായംതേക്കാത്ത ചുമന്ന ചുണ്ടുകളുള്ള ഖാസിപെൺകുട്ടിയുടെ വശ്യതയുള്ള ചിരി.

മലമുകളിലെ തണുത്തുരുവിച്ച അന്തരീക്ഷത്തിൽനിന്നും വളഞ്ഞുപുളഞ്ഞ വഴികളിലൂടെ കാർ പാഞ്ഞുകൊണ്ടിരിക്കുമ്പോൾ, മോഹൻസിങ്ങു് കേട്ടുമറന്ന ഒരു ഹിന്ദിപ്പാട്ടിന്റെ ഈരടികൾ മൂളുന്നുണ്ടായിരുന്നു.

∧∧

അനുവിന്റെകഥ 3

എസ്. ബി.

ആൻറണി പ്രത്യേകിച്ചൊരു ഭാവഭേദവുമില്ലാതെയാണു് അനുവിന്റെ കഥ അവതരിപ്പിച്ചതു്. "അപ്പൻ ചെയ്ത നല്ലതിനേറെയും ചീത്തയുടേയും പങ്കു് ഞാൻകൂടി അനുഭവിച്ചല്ലേ പറ്റൂ. അന്നു എന്റെ സ്വന്തമായതങ്ങനെയാണു്. അടുത്തമാസം അവളുടെ കല്യാണമാണു്. ഇനിയൊരിക്കലും ഞാനവളെ കാണുകയില്ല. ഇന്നലത്തേതു് എന്നിക്കുവേണ്ടിയുള്ള അവസാനത്തെ രാത്രിയായിരുന്നു ... മോനേ ഇത്ര നല്ല ഒരു പെണ്ണിനെ ഞാൻ കണ്ടിട്ടേയില്ല ഞാനവളെ നശിപ്പിച്ചു. എനിക്കവളെ പരിശുദ്ധയായി ജീവിക്കാൻ അനുവദിക്കാമായിരുന്നു. പക്ഷേ സൗന്ദര്യവും മാദകത്വവുമുള്ള എല്ലാം സ്വന്തമാക്കാനോടിനടന്ന എന്റെ അപ്പന്റെ പ്രിയപ്പെട്ട പുത്രനല്ലേ ഞാൻ... എനിക്കതിനു കഴിയുമോ?"

ആൻറണി കുറേസമയം സിഗററ്റു പുകച്ചു ചിന്താമഗ്നനായിരുന്നു. അവൻ ഒരു നെടുവീർപ്പിട്ടതു് ഞാനാദ്യമായി കാണുകയാണു്. അനുവിനെക്കുറിച്ചു് ആൻറണി ആലോചിക്കയാവുമോ? ഒരിക്കലുമില്ല. നൂറുകണക്കിനു് തുമ്പപ്പൂക്കളെ കശക്കിയെറിഞ്ഞ, എല്ലാം നോട്ടംകെട്ടകൾക്കുമുമ്പിൽ നൃത്തംചെയ്ത തളരുമെന്നറിഞ്ഞുവിശ്വസിക്കുന്ന ആൻറണിയുടെ ജീവിതത്തിലതു സംഭവിക്കുകയില്ല. "നിനക്കറിയാമോ അനുവിന്റെ കല്യാണച്ചിലവു് മുഴുവൻ കമ്പനിയിൽനിന്നായിരിക്കും. അപ്പന്റെ അഭിലാഷങ്ങളിലൊന്നാണതു്. നിനക്കു് അവളെക്കുറിച്ചു് എന്താണഭിപ്രായം?" അടുത്തമാസത്തിൽ മറ്റൊരാളിന്റെ ഭാര്യയായിത്തീരുന്ന ഒരു പെൺകുട്ടി അവൾ ഇന്നലെ രാത്രി എനിക്കുവേണ്ടി എല്ലാം പങ്കുവച്ചുവെങ്കിലും, ആ സുഖത്തിൽ കണ്ണീരിന്റെ ചുവയുണ്ടായിരുന്നു. അവൾ എനിക്കത്ഭുതമായിരുന്നു. അവളുടെ സൗന്ദര്യത്തിന്റെ അലകൾ എന്നും എന്റെ ശരീരത്തേയും മനസ്സിനേയും കോരിത്തരിപ്പിക്കും ജീവിതത്തിലൊരിക്കലും എനിക്കു് മനസ്സിലാക്കാൻ കഴിയാത്ത ഒരത്ഭുതപ്രതിഭാസമാണവൾ. ജീവിതത്തിലെ എന്നെക്കുമുള്ള ചോദ്യചിഹ്നമാണവൾ. ദുരൂഹതയെക്കുറിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കുള്ള ഉത്തരമാണവൾ. അവളെക്കുറിച്ചെന്താണു് പറയുക?" എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഒരനുഭവമായിരുന്നെടാ അവൾ..." എന്റെ മറുപടികേട്ടു് ആൻറണി അലക്ഷ്യമായി ചിരിച്ചു. വർഷങ്ങളായി തന്റെ പ്രിയപ്പെട്ട സുഹൃത്താണു് ആൻറണി എന്തുകാര്യവും നിസ്സാരമായി തള്ളിക്കളയാൻ ലക്ഷങ്ങളുടെ അധിപനായ അവനു് കഴിയും. പക്ഷേ തനിക്കോ? "അവളെ അപൂർവ്വം ചില അവസരങ്ങളിൽ മാത്രമേ ഞാൻ ഉപയോഗിച്ചിട്ടുള്ളു. ഒരു ഹോട്ടൽ മുറിയിൽ അനുവിന്റെ ആദ്യദിവസമായിരുന്ന ഇന്നലെ ... ഒരുപക്ഷേ നിനക്കിതു് വിശ്വസിക്കാൻ പ്രയാസമായിരിക്കും. ചാക്കോമാപ്പിളയോടു ചോദിക്കു ..."

മദ്യത്തിലെ ലഹരി ബോധതലങ്ങളെ മയക്കിത്തുടങ്ങിയപ്പോഴാണു് ആൻറണി ആ അപൂർവ്വസുന്ദരിയുടെ കഥ പറയാൻ തുടങ്ങിയതു്. മുറിഞ്ഞുമുറിഞ്ഞുപോകുന്ന വാക്കുകളിലും വാചകങ്ങളിലും അവൻ ആ കഥ പറയുമ്പോൾ ഞാനാമുഖത്തേക്കു് നോക്കി. ഏതോ ഒരു വിനോദശകലം പറയുന്നതാവുമെ അവിടെ കണ്ടുള്ളു. ഞാൻ കൂടി ഈ കണ്ണീരിന്റെ പങ്കു് നേടിയല്ലോ എന്ന ദുഃഖം എന്റെ മനസ്സിലുയർന്നു. കഥ പൂർത്തിയാക്കി മറ്റു് അനുമാരുടെ കഥകളിലേക്കവൻ തിരിഞ്ഞു. "ഈ പെണ്ണു് ജീവിക്കാൻ പഠിച്ചിട്ടില്ലെടാ. ഇന്നു രാത്രി വരുന്ന പെണ്ണിനെ കണ്ടോളൂ..." ആൻറണി പോയിക്കഴിഞ്ഞപ്പോൾ അനുവിന്റെ തേങ്ങൽ എന്റെ മുറിയിൽ നിറഞ്ഞുനിന്നു. ഈ വിങ്ങിപ്പൊട്ടൽ എന്നും, എന്റെ കാർമ്മകളിൽ തരയടിച്ചുനില്ലുമോ? ചാക്കോമാപ്പിളയാണു് ആൻറണി അലക്ഷ്യമായി, അവ്യക്തമായി ചിത്രീകരിച്ച അനുവിന്റെ കഥ പൂർത്തിയാക്കിയതു്. ചാക്കോമാപ്പിളയുടെ ശബ്ദത്തിൽ പതിച്ചിട്ടുണ്ടായിരുന്ന അച്ഛനേയും മകനേയും എല്ലാ പാപകർമ്മങ്ങൾക്കും കൂട്ടുനിന്നതിന്റെ കുറ്റബോധമാണോ? അതോ അനുവിനോടു് തോന്നിയ പ്രത്യേക സഹാനുഭൂതിയോ? കഥ പറഞ്ഞുമുറിഞ്ഞുപോകുമ്പോൾ ചാക്കോമാപ്പിളയുടെ കണ്ണുകൾ നിറയുന്നതുപോലെ എനിക്കുതോന്നി. അനുവിന്റെ കഥ – അതു ഞാൻതന്നെ പറയാം...

∧

ആൻറണിയുടെ അച്ഛൻ ലോനപ്പൻ മുതലാളിയു് അടുപ്പിലും കുടുമ്പുകം

മറും വീട്ടതോറും കയറിയിറങ്ങി വാങ്ങി പട്ടണത്തിൽ കൊണ്ടുപോയി വില്ക്കുന്ന ജോലിയായിരുന്നു ആദ്യം. അദ്ദേഹം ഉയർന്നപൊങ്ങിയതു് അപ്രതീക്ഷിതമായിട്ടാണു് ആറേഴു് വർഷങ്ങൾക്കുള്ളിൽ തൃശ്ശൂരിലെ ഏറ്റവും വലിയ പണക്കാരുടെ പട്ടികയിൽ ലോനപ്പനും ഉൾപ്പെട്ടു. നൂറും ഇരുനൂറും രൂപ കടംവാങ്ങി കച്ചവടംചെയ്യുന്നകാലംതൊട്ടു് ചാക്കോമാപ്പിള ലോനപ്പനു മുതലാളിയുടെ ആശ്രിതനായിരുന്നു. ലോനപ്പൻമുതലാളിയുടെ പെഴ്സണൽ സ്റ്റാഫിലെ ഒരു കുർക്കായിരുന്ന കേശവൻ. കേശവന്റെ ഭാര്യയുടെ പേരു ഭാർഗ്ഗവിയെന്നാണു്. ഒരേഒരു മകളേയുള്ള ആ മകളുടെ പേരാണു് അനു. അവളുടെനിന്നും കിട്ടുന്ന ശമ്പളംകൊണ്ടു് ആ കുടുംബം ഒരുവിധം കഴിഞ്ഞുപോന്നു. ഭാർഗ്ഗവിക്കു് അസാധാരണമായ സൗന്ദര്യമൊന്നമില്ലായിരുന്നെങ്കിലും ആരെയും ആകർഷിക്കുന്ന മാദകത്വമുണ്ടായിരുന്നു. കൂർത്ത മുനകൾ നഷ്ടപ്പെടാത്ത, പിടിയിലൊതുങ്ങാത്ത മുലകളും, തടിച്ചു ചുകന്ന ചുണ്ടുകളും കാമം കത്തുന്ന നയനങ്ങളും മുട്ടോളമെത്തുന്ന സമൃദ്ധമായ മുടിയും അവരുടെ ശരീരത്തിനു് അതിരുകവിഞ്ഞ മാദകത്വം നൽകിയിരുന്നു. ഭാർഗ്ഗവിയുടെ എഴുപ്പുഴം യൗവനം വസ്സുന്ന മലപോലുള്ള നിതംബഭാഗങ്ങൾ തൃശ്ശൂരിലെ അക്കാലത്തെ എല്ലാപ്രായത്തിലുള്ള പുരുഷന്മാർക്കും ഭ്രാന്തു പകർന്നുനൽകുന്നതായിരുന്നു.

ലോനപ്പൻമുതലാളിയെ ആകർഷിച്ചതു് ഭാർഗ്ഗവിയിലെ ഈ ശരീരസൗഭാഗ്യങ്ങളായിരിക്കാം. ഭാർഗ്ഗവി ഭർത്താവോടൊത്തു് ഒരിക്കൽ മുതലാളിയുടെ വീട്ടിൽ ചെന്നു. ഭാർഗ്ഗവിയുടെ അനിയത്തിരാധയുടെകല്യാണം പറയാനായിരുന്നു അതു്. ചാക്കോമാപ്പിളയുമുണ്ടായിരുന്നു. മുതലാളി കേശവനോടും ഭാര്യയോടും വാതോരാതെ ഏറെനേരം സംസാരിച്ചു. വീട്ടിൽ വച്ചു് ഇരുപതിലധികം ആളോടും മുതലാളി സംസാരിച്ചിട്ടില്ലെന്നാണു് ചാക്കോമാപ്പിള പറയുന്നതു്. ഭാർഗ്ഗവിയെന്ന മാദകത്തിടമ്പു് ഗേറ്റുകടന്നു പോകുന്നതുവരെ ലോനപ്പൻമുതലാളി കണ്ണിമയ്ക്കാതെ നോക്കിയിരുന്നു. അവർ പോയിക്കഴിഞ്ഞപ്പോൾ മധുരമായി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു "എടാ ചാക്കോ അവളു സാധനം കൊള്ളാമല്ലോടാ..." മുതലാളി അകത്തേയ്ക്കുപോയി. ചാക്കോമാപ്പിള അന്നു് ഒന്നേ പറഞ്ഞുള്ളൂ. മുതലാളിയുടെ ഇഷ്ടക്കാരികളുടെ ലിസ്റ്റിൽ ഒന്നുകൂടി!

കേശവനു് ഓഫീസിൽ സംബന്ധിച്ച യാത്രകൾക്കുപുറമേ ലോനപ്പൻമുതലാളിയുടെ യാത്രകൾ കൂടിവന്നു. ആദ്യമൊക്കെ ഭാർഗ്ഗവി എതിർത്തുനോക്കി. ചാക്കോമാപ്പിള ഭീഷണിപ്പെടുത്തി. അവർ ചാക്കോമാപ്പിളയെ ഫൂ എന്നാട്ടി വീട്ടിനുപുറത്താക്കി. ലോനപ്പൻ മുതലാളി ജീവിതത്തിലാദ്യമായി പണത്തിനേറെ വിലയില്ലായ്മ അറിഞ്ഞു. ഒടുവിൽ ആ ക്രൂരകൃത്യം ചെയ്യാൻതന്നെ തീരുമാനിച്ചു. ചാക്കോമാപ്പിള ഉപദേശിച്ചുനോക്കി മുതലാളി ഒന്നും കേൾക്കാൻ തയ്യാറായിരുന്നില്ല. കാരണം ഭാർഗ്ഗവി അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ ലഹരിയായിരുന്നു. കേശവനെ മദ്രാസിലയച്ചിട്ടാണു് മുതലാളി തന്റെ രാത്രിക്കു് വഴിയൊരുക്കിയതു്. ആ രാത്രി ഇന്നും ഞെട്ടലോടും കണ്ണുനീരോടുമാണു് ചാക്കോമാപ്പിള ഓർക്കുന്നതു്. "ചാക്കോ എത്രവന്നാലു നീയിവിടെ മലപോലെ നിന്നാ. എത്രവന്നാലും ഞാനുണ്ടു്" ചാക്കോ മലപോലെ നിന്നു. പക്ഷേ ആ മല കത്തിക്കാളുകയായിരുന്നു "എന്റെ പൊന്നുമുതലാളി എന്നെ നശിപ്പിക്കല്ലു ഞാൻ പാവമാണു്"... അയ്യോ പൊന്നുമുതലാളി..." ആ അപേക്ഷ ഒരലർച്ചയായി. ആ അലർച്ച പെട്ടെന്നു് നിന്നു. അരമുക്കാൽ മണിക്കൂറിനുശേഷം ചാക്കോമാപ്പിള ഒരു തേങ്ങൽകേട്ടു "പാടാ ചാക്കോ പോകാം". ചാക്കോ ഒന്നു സമ്മതിച്ചു എന്നും അനുസരിക്കാനല്ലെ ചാക്കോ പഠിച്ചിട്ടുള്ളൂ, ഇന്നും. പക്ഷേ അന്നു് ആ വീട്ടിലെ മുൻവശത്തെ മുറിയിൽനിന്നുയർന്ന തേങ്ങൽ ഇന്നും ഒരു പേടിസ്വപ്നമായി ചാക്കോമാപ്പിളയുടെ ഓർമ്മകളിലുണ്ടു്.

കേശവന്റെ പെട്ടെന്നുള്ള ഉദ്യോഗക്കയറ്റത്തിലും മറ്റും മറ്റുള്ളവരിക്കാർ അസൂയാലുക്കളായി. വർഷങ്ങളോളം ഭരിച്ചായി സൂക്ഷിച്ചിരുന്ന രഹസ്യം പുറത്തായി ഭാർഗ്ഗവിക്കു് പുറത്തിറങ്ങാൻവയ്യാതായി കേശവൻ ഭാർഗ്ഗവിയോടു മിണ്ടാതായിട്ടു് മാസങ്ങളായി, ഒരുദിവസം യാദൃച്ഛികമായി മുതലാളി ഭാർഗ്ഗവിയുടെ കിടപ്പറയിൽനിന്നും പുറത്തേക്കുവരുന്നതു കണ്ടു "മറന്നേക്കു കേശവ, അങ്ങിനെ വന്നുപോയി" വെട്ടിക്കൊല്ലണമെന്നായിരുന്നു മനസ്സിൽ. പക്ഷേ സ്നേഹപൂർവ്വമുള്ള ആ ഏറുപറച്ചിലിനുമുന്നിൽ ഒന്നും പറയാൻ കഴിയാതെ മൂകനായിപ്പോയി. ആ വീടുകത്തു കേശവനെ തകർത്തു ഒടുവിൽ ഒരുദിവസം തന്റെ എല്ലാമായ ഓമനമകൾ അനുവിനെ മുത്തമിട്ടുകൊണ്ടുറങ്ങിയ കേശവൻ പിന്നെ ഉണർന്നില്ല. ഭാർഗ്ഗവി അന്തംവിട്ടനിന്ന ശൂന്യമായ വഴിത്താരപക്ഷേ ലോനപ്പൻമുതലാളി തന്റെ മറ്റു ഇഷ്ടക്കാരികളെപ്പോലെ ഭാർഗ്ഗവിയെ കൈവെടിഞ്ഞില്ല. ഭാർഗ്ഗവിയുടെ ശരീരസമ്പത്തു് അതു വീലപ്പെട്ടതായിരുന്നിരിക്കാം. കേശവന്റെ മരണശേഷം ഭാർഗ്ഗവിയുടെ വീട്ടിലെ എല്ലാ ചിലവുകളും നടത്തുന്നതു് ലോനപ്പൻമുതലാളിയാണു്. ഈ ബന്ധം നാട്ടിൽ പാട്ടായി. വീട്ടിനുള്ളിലെ സമാധാനം നഷ്ടപ്പെട്ടപ്പോൾ, സഹധർമ്മിണിയുടെ കണ്ണുനീർ ഒരിക്കലും വറ്റാതെയായപ്പോൾ ലോനപ്പൻമുതലാളി പറഞ്ഞു. "ഇല്ല ഞാനിനി കൊച്ചുമാളികേലു് പോവുകയില്ല കുഞ്ഞേലി. ഇതു സത്യം. നീയിനിയെങ്കിലും കണ്ണുതുടയ്ക്കു് എന്നിട്ടൊന്നു് ചിരിക്കു്". ലോനപ്പൻമുതലാളിയുടെ ഭാര്യ മാസങ്ങൾക്കുശേഷം ചിരിച്ചു ആ ചിരി കണ്ണീരായിമാറാൻ ലോനപ്പൻമുതലാളി കാരണമുണ്ടാക്കിയിട്ടില്ല. മുതലാളിക്കു് പിന്നെ വന്ന മാറ്റം പറഞ്ഞറിയിക്കാനൊക്കുകയില്ല. പിന്നെ ഒരു സന്യാസിയുടെ കട്ടായിരുന്ന മാസംതോറും രൂപ കൊണ്ടു കൊടുക്കുമ്പോൾ കണ്ണുകൾ തുടച്ചുകൊണ്ടു് ഭാർഗ്ഗവിക്കൊച്ചു് ചോദിക്കും മുതലാളിക്കു് സുഖമാണോന്നു്..." ഭാർഗ്ഗവിയെക്കുറിച്ചു്. അവരുടെ മനസ്സിനെക്കുറിച്ചു് ചാക്കോമാപ്പിളയുടെ ഈ വാക്കുകൾ പൂർണ്ണമായി മനസ്സിലാക്കാൻ കഴിയും.

△

ലോനപ്പൻ മുതലാളിയുടെ മരണം വളരെ പെട്ടെന്നായിരുന്നു. ഒരു ബുധനാഴ്ച ഉച്ചക്കു് ചാക്കോ മാപ്പിളയെ വിളിച്ചു് മുതലാളി പറഞ്ഞു. "ചാക്കോ എനിക്കെന്തോ ഒരു വല്ലായ്ക. വാ വീട്ടിലേക്കു പോകാം." വീട്ടിൽ ചെല്ലുന്നതുവരെ അദ്ദേഹം ശ്വാസംവിടാൻ ബുദ്ധിമുട്ടുന്നുണ്ടായിരുന്നു. സാധാരണമല്ലാത്തതുപോലെ മുതലാളി കിടപ്പറയിലേക്കാണു് പോയതു് ചാക്കോ പുറത്തുനിന്നു. കാറേക്കഴിഞ്ഞു് ഒരു വാല്യക്കാരി വന്നു പറഞ്ഞു "ചാക്കോ മാപ്പിളയെ മുതലാളി വിളിക്കുന്നു." ചാക്കോമാപ്പിള കിടപ്പറയുടെ വാതിൽപ്പടിയിൽ നിന്നു "ഇങ്ങു കേറിവാടോ" ആദ്യമൊന്നും ചാക്കോ അനങ്ങിയില്ല. ഒടുവിൽ ആ വിശാലമായ മുറിക്കുള്ളിലേക്കു കടന്നു. മുപ്പത്തിരണ്ടു വർഷങ്ങൾക്കുള്ളിൽ മുതലാളിയുടെ കിടപ്പറയിൽ ചാക്കോ ആദ്യമായി കടക്കുകയായിരുന്നു. കുഞ്ഞേലിയമ്മയെ എന്തോ ആവശ്യത്തിനായി പറഞ്ഞയച്ചതിനുശേഷം രഹസ്യമായി ഇങ്ങനെ പറഞ്ഞു. "ഇനി അധികനാൾ ഞാനുണ്ടെന്നു തോന്നുന്നില്ല. ആൻറണി അവനു് ഒന്നും അറിയില്ല. എന്നെപ്പോലെ അവനേയും നോക്കിക്കൊള്ളണം. അവനെന്തെങ്കിലും രഹസ്യങ്ങളുണ്ടെങ്കിലു് എന്റെ രഹസ്യങ്ങളെ സൂക്ഷിച്ചതുപോലെ..." അതു് പൂർത്തിയാക്കുന്നതിനു് മുമ്പു് ചാക്കോ മാപ്പിള പൊട്ടിക്കരഞ്ഞു മുതലാളിയും. നാലു ദിവസം അതേ കിടപ്പു കിടന്നു. അഞ്ചാംദിവസം രാവിലെ കഞ്ഞികൊണ്ടുചെന്ന കുഞ്ഞേലിയമ്മ കാണുന്നതു ശ്വാസംവിടാൻ പ്രയാസപ്പെടുന്ന മുതലാളിയെയാണു്. "എന്റെ കുഞ്ഞേലി..." അതു് ലോനപ്പൻമുതലാളിയുടെ നാവിൽനിന്നുതിർന്നവിണ അവസാനത്തെ വാക്കുകളായിരുന്നു.

△

മരിക്കുന്നതിനു് രണ്ടുദിവസം മുമ്പു് ലോനപ്പൻമുതലാളി മകനോടു് പല കാര്യങ്ങളും രഹസ്യമായി ചർച്ചചെയ്തു ഒടുവിൽ ഓഫീസിൽ നിന്നു് ഒരു ഫയലെടുപ്പിച്ചു് അതു് ആൻറണിയുടെ കയ്യിൽ വച്ചിട്ടു് ഇങ്ങനെ പറഞ്ഞു "എന്റെ ജീവിതത്തിലെ രഹസ്യങ്ങളിൽ പ്രധാനപ്പെട്ടതെല്ലാം ഈ ഫയലിലുണ്ടു്. എന്റെ എല്ലാ സമ്പത്തുക്കളോടൊപ്പം ഇതും ഞാൻ എന്റെ മോനു് നല്കുന്നു. ഈ ഫയലിൽ ചിതറിക്കിടക്കുന്ന അക്കങ്ങളേ

(ശേഷം 63–ൽ)

സിനിമ

എം.

നല്ല ഒരു തിരക്കഥയിൽനിന്നു് ഏതൊരു സംവിധായകനും ഭൂപ്രീകരമായ ഒരു ചിത്രമുണ്ടാക്കാം. മോശപ്പെട്ട ഒരു തിരക്കഥയിൽനിന്നു് നല്ല ഒരു ചിത്രമുണ്ടാക്കാൻ ഭാവനാസമ്പന്നനായ ഒരു സംവിധായകനേ കഴിയൂ. അടൂർ ഗോപാലകൃഷ്ണൻ, അരവിന്ദൻ, എം. ടി, ബക്കർ എന്നിവരെഴുച്ചുള്ള സംവിധായകരിൽ പ്രശസ്തിയിലേക്കുയർന്നവരെല്ലാം മലയാളത്തിൽ വേരുന്നിക്കഴിഞ്ഞിരിക്കുന്നു. സ്വയംവരം, നിർമ്മാല്യം, ഉത്തരായണം, കൊടിയേറ്റം, കാഞ്ചനസീത, കബനീനദിചുവന്നപ്പോൾ, ചുവന്നവിത്തുകൾ തോംപ്രമൈസിനു് തയ്യാറാകാത്ത മലയാളത്തിലെ നാളിതുവരെയുണ്ടായിട്ടുള്ള ഏറ്റവും മികച്ച ചിത്രങ്ങളാണല്ലോ ഇവ. ഈ ചിത്രങ്ങൾ ഈ വിശ്വാസം സ്ഥിരീകരിക്കുന്നു. ഈ വിശ്വാസത്തെ തകർക്കുവാൻ കഴിവുള്ള പ്രതിഭാശാലികൾ നമ്മുടെ സംവിധായകരിലുണ്ടോ? ഇനിയുണ്ടാവുമെന്നു് നമുക്കു് പ്രതീക്ഷിക്കാമോ?

ആരാണു് സംവിധായകൻ

പ്രയാണം, രതിനിർവ്വേദം എന്നീ ചിത്രങ്ങളിൽ ഭരതൻ പ്രേക്ഷകരെ മോഹിപ്പിച്ചു അവരുടെ മുഴുവനായ പ്രശംസയും പിടിച്ചുപറ്റി. ഉടനെ പോസ്റ്ററുകളിലും പത്രപരസ്യങ്ങളിലും സംവിധായകൻ

ചലച്ചിത്രതാരങ്ങൾ, അപവാദങ്ങൾ

തിരക്കഥയുടെ മെച്ചം കൊണ്ടു് രക്ഷപ്പെട്ടവരാണു്. ഭരതനും, കെ. ജി. ജോർജ്ജും ശങ്കരൻനായരുമെല്ലാം. അവരുടെ ഏറ്റവും പുതിയ ചിത്രങ്ങളിൽ ശശികുമാറിനേയോ ഹരിഹരനേയോ നിലവാരത്തിലേക്കു് താഴ്ന്നു പോകുന്നു എന്നു വ്യക്തമായി തിരക്കഥാകൃത്തു് പ്രശസ്തനായാൽ അദ്ദേഹമെഴുതുന്നതെല്ലാം അംഗീകരിക്കണമെന്നുണ്ടോ? അംഗീകരിച്ചു മതിയാവൂ എന്ന ഒരു ധാരണ ഇവിടെ പരന്നതു് സംവിധായകനു് തന്റേതായ വ്യക്തിത്വം കാണ്ടുസൂക്ഷിക്കാൻ കഴിയാത്തതുകൊണ്ടാണു്. വിദേശങ്ങളിലേതുപോലെ സംവിധായകന്റേതായ സ്ക്രിപ്റ്റ് എന്നാണാവോ ഇവിടെ നിലവിൽ വരിക. തിരക്കഥ, സംഭാഷണം എന്നിവ സംവിധായകന്റേതു തന്നെയായെങ്കിലേ നല്ല ചിത്രങ്ങളുണ്ടാവാൻ സാദ്ധ്യതയുള്ളൂ എന്നതൊരായോ ശരിയായോ ഉള്ള വിശ്വാസം മലയാളത്തിൽ വേരുന്നിക്കഴിഞ്ഞിരിക്കുന്നു. സ്വയംവരം, നിർമ്മാല്യം, ഉത്തരായണം, കൊടിയേറ്റം, കാഞ്ചനസീത, കബനീനദിചുവന്നപ്പോൾ, ചുവന്നവിത്തുകൾ തോംപ്രമൈസിനു് തയ്യാറാകാത്ത മലയാളത്തിലെ നാളിതുവരെയുണ്ടായിട്ടുള്ള ഏറ്റവും മികച്ച ചിത്രങ്ങളാണല്ലോ ഇവ. ഈ ചിത്രങ്ങൾ ഈ വിശ്വാസം സ്ഥിരീകരിക്കുന്നു. ഈ വിശ്വാസത്തെ തകർക്കുവാൻ കഴിവുള്ള പ്രതിഭാശാലികൾ നമ്മുടെ സംവിധായകരിലുണ്ടോ? ഇനിയുണ്ടാവുമെന്നു് നമുക്കു് പ്രതീക്ഷിക്കാമോ?

ഭരതൻ എന്നു പേരുകണ്ടാൽ ആസ്വാദകർ തീയേറ്ററുകളിലേക്കു് ഇരച്ചുകയറുമെന്നു് തീർച്ചയായി. മഞ്ഞിലാസ് തങ്ങളുടെ പുതിയ ചിത്രം സംവിധാനം ചെയ്യാൻ ഭരതനെത്തന്നെ തീരുമാനിച്ചതും അതുകൊണ്ടുതന്നെയാവണം. പക്ഷേ, മഞ്ഞിലാസിന്റെ "അണിയറ" ദയനീയമായി പരാജയപ്പെട്ടു. "പ്രയാണവും ഉത്തരായനവുമെന്നും രതിനിർവ്വേദവും സംവിധാനംചെയ്ത ഭരതൻ ഇതു തന്നെയോ?" കാണികൾ സംശയിച്ചു തിരക്കഥയേയും സംഭാഷണത്തെയും കുറിച്ചു് വ്യക്തമായ ഒരു ധാരണ സംവിധായകനുണ്ടാകണമല്ലോ. ആ ധാരണ അശ്ലേഷം ഭരതനില്ലായിപ്പോയി എന്നതല്ലേ അണിയറയുടെ പരാജയം തിരക്കഥയേയും സംഭാഷണത്തെയും കുറിച്ചു് വ്യക്തമായ ധാരണയില്ലാത്ത ഒരാളെ സംവിധായകനെന്നു വിളിക്കാമോ?

പരാജയങ്ങളിലും വ്യക്തിത്വം വേണ്ടേ?

പ്രയാണം, ഇതാ ഇവിടെവരെ, രതിനിർവ്വേദം, എന്നീ ചിത്രങ്ങളെടുത്തിരിക്കുന്നതിലൂടെ പത്മരാജൻ ചലച്ചിത്രാസ്വാദകരുടെ ശ്രദ്ധ പിടിച്ചുപറ്റി. എം. ടി. ക്കു ശേഷം ലക്ഷണമൊത്ത തിരക്കഥ രചിക്കാൻ ഒരാളുണ്ടാവുന്നു—എന്നെല്ലാവരും വിശ്വസിച്ചു. പക്ഷേ, അമൃതത്തിനു് തിരക്കഥാകൃത്തുണ്ടാക്കിയപ്പോൾ കാഴ്ചക്കാരുടെ വിശ്വാസം അപ്പാടെ തകർന്നു. സൂത്രത്തിൽ ഒരു രാത്രിയുടെ പരാജയം മുഴുവൻ തിരക്കഥയുടേയും സംഭാഷണത്തിന്റെയും വൈകല്യങ്ങളാണു്. എവിടെയാണു് തകരാറു്? എത്ര നല്ല ഒരു തിരക്കഥ. അപ്രഗത്ഭനായ ഒരു സംവിധായകനു് തീണ്ടും മോശപ്പെട്ട ഒരു ചിത്രമുണ്ടാക്കാൻ കഴിയും എന്ന വിശ്വാസം ഇവിടെ പൊട്ടിമുളച്ചതാണോ? തിരക്കഥയും സംവിധാനവും ഒരേപോലെ ദയനീയമായി പരാജയപ്പെട്ടാൽ കാണികൾ എന്തു തീരുമാനിക്കണം ആസ്വാദകരുടെ ശ്രദ്ധ പിടിച്ചുപറ്റിയ തങ്ങളുടെ കഴിഞ്ഞ ചിത്രങ്ങളിലെ പ്രതിഭാവിലാസങ്ങളുടെ നേരിയൊരു മുദ്രയെങ്കിലും ഈ പരാജയപ്പെട്ട ചിത്രങ്ങളിൽ പതിപ്പിക്കാൻ കഴിയാഞ്ഞതെന്തുകൊണ്ടാണു്?

നിറകുടം തുളുമ്പാതിരിക്കണമോ?

പുതിയ സിനിമയുടെ വളർച്ചയ്ക്കും വികാസത്തിനും സഹായിച്ചവരിൽ ഭൂരിഭാഗവും തങ്ങളുടെ ആദ്യചിത്രംകൊണ്ടുതന്നെ പ്രശസ്തിയിലേക്കുയർന്നവരാണു്. അരവിന്ദൻ, എം.ടി, ബക്കർ, അടൂർ ഗോപാലകൃഷ്ണൻ, കെ. ജി. ജോർജ്ജു്. ഇവരിൽ എം. ടി—യൊഴിച്ചു് ബാക്കിയെല്ലാവരും അവരുടെ രണ്ടാമത്തെ കലാസൃഷ്ടിക്കു് രൂപംകൊടുത്തവരാണു്. കെ. ജി. ജോർജ്ജു് ഒഴിച്ചുള്ളവരെല്ലാം അവരുടെ വ്യക്തിത്വത്തെ ഒന്നുകൂടി ശക്തിപ്പെടുത്തി അവരുടെ ഭാവനാസമ്പന്നതയുടേയും പുരോഗമനോന്മുഖതയുടേയും ആഴവും പരപ്പും വ്യക്തമാക്കി സ്വപ്നാടനത്തിൽ മലയാളത്തിൽ ഒരു സംവിധായകൻകൂടി വരുന്നു എന്നു നമ്മെ വ്യാമോഹിപ്പിച്ച ജോർജ്ജു് വ്യാമോഹത്തിൽ അതു് വെറും ഒരു വ്യാമോഹമാത്രമാണെന്നു തെളിയിച്ചു. വ്യാമോഹത്തിൽ ശശികുമാറിനേയോ, ഹരിഹരനേയോ കടത്തിവെട്ടാൻ അദ്ദേഹത്തിനു് കഴിഞ്ഞില്ല എന്നു പറഞ്ഞാൽ ആ സ്വപ്നാടനക്കാരന്റെ പരാജയം എത്രയെന്നു് ബോദ്ധ്യമാകുമല്ലോ. പ്രസ്താവനകളിൽനിന്നും അഭിമുഖസംഭാഷണങ്ങളിൽനിന്നും കഴിവതും ഒഴിഞ്ഞുനിൽക്കാൻ ശ്രമിക്കുന്നവരാണു് ജോർജ്ജു് ഒഴിച്ചുള്ള സംവിധായകർ. സ്വപ്നാടനത്തിനും വ്യാമോഹത്തിനുമിടയ്ക്കുള്ള കാലഘട്ടത്തിൽ വാതോരാതെ സംസാരിക്കുകയായിരുന്ന ജോർജ്ജു്. പറഞ്ഞതു പലതും വിഡ്ഢിത്തത്തെക്കാളധികം അറിവില്ലായ്മയായിരുന്നു എന്നതാണു് സത്യം. വ്യാമോഹത്തിനു് ഒരാമുഖമായിട്ടായിരിക്കുമോ ആ പ്രസ്താവനകളും അഭിമുഖസംഭാഷണങ്ങളും. നിറകുടം തുളുമ്പുമെന്നോ തുളുമ്പുകയില്ലെന്നോ ഏതാണു് ചലച്ചിത്രാസ്വാദകർ തങ്ങളുടെ വിശ്വാസങ്ങളിൽ എഴുതിവെക്കേണ്ടതു്?

അലങ്കാരങ്ങൾ, പ്രശ്നങ്ങൾ

ആ ജീവിതം ഒരു മരണമാണോ?

അടുത്തകാലത്തു് മലയാളത്തിലെ പ്രസിദ്ധനായ സംവിധായകനുമായി ഏതാനും മണിക്കൂർ എനിക്കു സംസാരിക്കാനിടയായി. അദ്ദേഹത്തിന്റെ പല ചിത്രങ്ങളെക്കുറിച്ചും ഞങ്ങൾ സംസാരിച്ചു. ഏറ്റവും ഒടുവിൽ പുറത്തിറങ്ങിയ ചിത്രത്തിൽ കഥാനായകനും നായികയും പൊ

ട്ടിച്ചിരിക്കുന്ന ഒരു രംഗത്തെക്കുറിച്ച് ഞാൻ എടുത്തു പറഞ്ഞു. ആ രംഗം ഏറെ കൃത്രിമമായിപ്പോയിയെന്നും കാണികൾ ആ ചരിയിൽ പങ്കുചേരാതെ ഷൂളടിക്കുകയും കൂവുകയുമായിരുന്നുവെന്നും ഞാൻ പറഞ്ഞു. "താങ്കൾ ഇക്കാര്യം ഷൂട്ടിംഗ് സമയത്തു് ശ്രദ്ധിച്ചില്ലെ?" ആ ഒരു രംഗത്തിനുവേണ്ടി ആറേഴു ടേക്കെടുത്തുവെന്നും തുടർന്നു കൂട്ടത്തലടുക്കുന്നതുകൊണ്ടു് പ്രയോജനമില്ലാത്തതുകൊണ്ടു് എടുത്തവയിൽ ഭേദമായതു് തെരഞ്ഞെടുത്തുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എന്നിട്ടദ്ദേഹം ഇപ്രകാരം തുടർന്നു:

"എന്റെ പുതിയ ചിത്രത്തിന്റെ ഷൂട്ടിംഗ് കഴിഞ്ഞു. താങ്കൾ സൂചിപ്പിച്ച ചിരിയിലെ പങ്കാളികളായ നടനും നടിയുമാണു് ഈ ചിത്രത്തിലും ഒരു ദിവസം വിശ്രമവേളയിൽ മറ്റു താരങ്ങളും സാങ്കേതികവിദഗ്ദ്ധരുമൊന്നിച്ചു് വെടിപറഞ്ഞു രസിക്കുന്ന രംഗം ഞാൻ കണ്ടു. സ്റ്റിൽ ഫോട്ടോഗ്രാഫറോടു് അവരുടെ ചിരി, ഹൃദയം മറന്ന ചിരി, പ്പിയെടുക്കുവാൻ ഞാനാവശ്യപ്പെട്ടു. അയാൾ ഭംഗിയായി അതു് ഒപ്പിയെടുത്തും ക്യാമറയുടേയും പ്രകാശത്തിന്റേയും മുന്നിൽ അവർ എല്ലാകൊണ്ടു് ഹൃദയം മറന്നു് ചിരിക്കാൻ മറന്നുപോകുന്നു? ഞാനവരോടു് ചോദിച്ചു ഞാൻ ഭംഗിയായി ചെയ്യുന്നുണ്ടല്ലോ എന്നായിരുന്നു അവരുടെ മറുപടി." അദ്ദേഹം ആ ഫോട്ടോ എന്നെ കാണിച്ചു ഹൃദയംതുറന്നുള്ള ചിരി സിനിമയിൽ അഭിനേതാക്കൾ ജീവിക്കുന്നു എന്നു പറയാറുണ്ടല്ലേ? ആ ജീവിതം ഒരു മരണമാണോ?

ആരെവേണം നിങ്ങൾ തീരുമാനിക്കൂ

പല പുതുമകൾക്കും കളമൊരുക്കുന്ന വേദിയാണു് ചലച്ചിത്രരംഗം. പുതിയ കുപ്പിയിൽ പഴയ വീഞ്ഞാണെന്നതാണു് സത്യമെങ്കിലും ആ പുതുമകൾക്കു് കാണികൾ നൽകുന്ന പ്രാധാന്യം ചെറുതല്ല. സുജാത എന്ന ചിത്രമെടുത്ത ഗൃഹലക്ഷ്മി പ്രൊഡക്ഷൻസു് ഇതാ ഏറ്റവും പുതിയ പുതുമയ്ക്കു് രൂപം നൽകിയിരിക്കുന്നു. മലയാളനാട്ടു് വാരികയിൽ പ്രസിദ്ധീകരിച്ച ഏകലവ്യന്റെ പാവത്തിന്റെ ശമ്പളമാണു് ഇപ്പോഴവർ ചിത്രമാക്കി രൂപാന്തരപ്പെടുത്തുന്നതു്. ഈ ചിത്രത്തിനു് അഭിനേതാക്കളേയും സംവിധായകനേയും മറ്റു സാങ്കേതികവിദഗ്ദ്ധന്മാരെയും ഗാനരചയിതാവിനേയും ഗാനസംവിധായകനേയും തെരഞ്ഞെടുക്കാനുള്ള അവകാശം ചലച്ചിത്രപ്രേമികൾക്കു നല്കിയിരിക്കുന്നു. നിങ്ങൾക്കു് നിങ്ങളുടെ പ്രിയപ്പെട്ടവരെ നിർദ്ദേശിക്കണോ? ഇതാ വിലാസം ഗൃഹലക്ഷ്മിപ്രൊഡക്ഷൻസു്, 6 / 337 ജി. വൈ. എം. സി. റോഡു് കോഴിക്കോടു് 673001. ചിത്രം തിരശ്ശീലയിലെത്തുമ്പോൾ നിർമ്മാതാവിന്റെ ഇഷ്ടാനിഷ്ടങ്ങൾ മാത്രമായിരിക്കും പരാതിപറയാനെങ്ങനെ കഴിയും. പണം മുടക്കുന്നതു് ആ മനുഷ്യനല്ലേ?

അടുത്തവർ എത്രയകലെ?

ചലച്ചിത്രതാരങ്ങളെക്കുറിച്ചു് കേൾക്കുന്ന അപവാദങ്ങൾ പക്ഷേ യോളം സാങ്കല്പികങ്ങളാണു്. നടീനടന്മാരുമായി അടുത്തിടപഴകാത്ത ആരാധകരാണു് ഈ അപവാദങ്ങളിൽ പലതിനും ആത്മാവു നല്കുന്നതു്. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങൾക്കൊണ്ടു് പ്രശസ്തിയിലേക്കുയർന്ന ഒരു നടനെക്കുറിച്ചു് ഉദാഹരണമാക്കി ചില കാര്യങ്ങൾ പറയാം. സിനിമാനടനാവുന്നതിനുമുമ്പേയുള്ള എന്റെ സുഹൃത്താണു് കഥാപാത്രമായ നടൻ. അഭിനയത്തിനുള്ള പ്രതിഫലം അഞ്ഞൂറിൽനിന്നു് അയ്യായിരവും പതിനായിരവും ഇരുപതിനായിരവുമായി മാറിയപ്പോൾ ആളിനു് ചാൾട്ടൻഹെസ്റ്റനെക്കാൾ ഗമയായിപ്പോയിയെന്നു് അടുത്ത സുഹൃത്തുക്കളിൽ പലരും പറഞ്ഞു. ആസ്വാദകരുടെ അഭിപ്രായം നിരാകരിക്കാം. അടുത്തവരോടു് എങ്ങിനെ നിഷേധിക്കും? ആ അഹങ്കാരത്തിന്റെ കഥ ശരിയാണെന്നു് ഞാനും വിശ്വസിച്ചു രണ്ടു മൂന്നു മാസങ്ങൾക്കുമുമ്പു് കൊല്ലത്തു് ഒരു ഷൂട്ടിംഗിനു് വന്നപ്പോൾ ആ നടനെ ഞാൻ കാർത്തിക ഹോട്ടലിൽവച്ചു കണ്ടു. വർഷങ്ങൾക്കുശേഷം കാണുകയാണു്. എന്റെ സുഹൃത്തിനു് പെരുമാറ്റത്തിലോ, സ്വഭാവത്തിലോ പ്രത്യേകിച്ചൊരു മാറ്റവും കണ്ടില്ല പരാതികളുടെ, അപവാദങ്ങളുടെ ചൂട്ടു് ഞാനിറക്കിവച്ചു. അന്നുരാത്രി പന്ത്രണ്ടുമണിവരെ ഞങ്ങൾ ഒന്നിച്ചിരുന്നു സംസാരിച്ചിരുന്നു. ഒടുവിൽ പൊട്ടിക്കരഞ്ഞുകൊണ്ടു് ആ അഹങ്കാരി പറഞ്ഞു. "അണ്ണാ എല്ലാം വെട്ടിത്തുറന്നു പറയുന്ന സ്വഭാവം എനിക്കന്നേയുണ്ടെന്നറിയാമല്ലോ. അതു് ഇന്നുമുണ്ടു്. മരിക്കുവോളം എനിക്കതു മാറാനൊക്കില്ല. ജനിച്ചുവീണ്ടുമുതൽ തലയുയർത്തിനടന്നു. അച്ഛനും കുടുംബപാരമ്പര്യവും പകർന്നതന്ന അഹങ്കാരം ഇന്നുമുണ്ടു്. ആരുമെന്നെ മനസ്സിലാക്കുന്നില്ല അണ്ണൻപോലും..." ഞാൻ എന്റെ സുഹൃത്തിന്റെ മുഖത്തേക്കു് നിർന്നിമേഷനായി നോക്കിയിരുന്നു. അപവാദങ്ങൾക്കും സങ്കല്പങ്ങൾക്കും ഈ കണ്ണീരിനുമുന്നിൽ എത്രവീതം? അടുത്ത സുഹൃത്തുക്കളെപ്പോലും പറയുന്നവർപോലും എത്രയകലെ!

★

ചലച്ചിത്രനടനെന്ന നിലയിൽ പരിചയപ്പെട്ടതാണു്, അതിനുമുമ്പു് പരിചയമുണ്ടായിരുന്നില്ല ഇടയ്ക്കിടെ ഫോണിൽ വിളിക്കും. വിലപ്പെട്ടതായ പുതിയ ചിത്രത്തിലെ തന്റെ അഭിപ്രായമെങ്ങനെയെന്നു ചോദിക്കും. ഞാനത്തരം പറയും. സ്ഥലത്തു ക്യാമ്പു ചെയ്യുന്ന അവസരങ്ങളിൽ രാത്രിയും പകലും ഞങ്ങൾ കുശിച്ചുകഴിയും. വളരെ നിഷ്കളങ്കനാണോ നടൻ. അഹന്തയും തലയെടുപ്പുമുണ്ടെന്നു് ശ്രീഭോഗാളുകളും പറയുമെങ്കിലും സ്വന്തം അനുഭവത്തിൽ എനിക്കാ ചെറുപ്പക്കാരനെക്കുറിച്ചു നല്ല അഭിപ്രായമാണു്. നാലു വർഷങ്ങൾക്കുമുമ്പുള്ള കാര്യമാണതു്.

അടുത്തകാലത്തു് ആ നടനെ കുടുംബസഹിതം ഒരു ഹോട്ടൽമുറിയിൽവച്ചു് കാണുവാനിടയായി. സ്റ്റാറ്റസ്സു കിട്ടാനതുകൊണ്ടു് അദ്ദേഹത്തിനുള്ള വിഷമം പറഞ്ഞറിയിക്കാവതല്ല "സ്റ്റാറ്റസ്സു കിട്ടാനില്ലെങ്കിൽ പിന്നെ സ്റ്റാറ്റായിക്കോട്ടെ." സഹധർമ്മിണിക്കു് പതിനായിരങ്ങളുടെ കഥയേ പറയാനുള്ളു. എന്നോടൊപ്പിടുക

ജൂൺ 23 മുതൽ

കേരളത്തിലെ പ്രമുഖകേന്ദ്രങ്ങളിൽ

മധു, ജയഭാരതി, സീമ ടീമിന്റെ അതുല്യമായ അഭിനയം
കൊണ്ടു് ധന്യമായ വികാരോ"ഷമളമായ ഒരു കഥ

വിനു അവതരിപ്പിക്കുന്ന
സാരഥിയുടെ

സീമന്തിനി

സംവിധാനം
പി.ജി.വിശ്വംഭരൻ



UNICORN

രചന: **എം ആർ. മുഖേഷ്** ഗാനങ്ങൾ: **വിജു പൊന്നേത്തു്**
സംഗീതം: **ജയ-വിജയ** ഛായാഗ്രഹണം: **ആനന്ദക്കുട്ടൻ**
നിർമ്മാണം; വിജയനുണ്ണി, ശരത്"കുമാർ

ബിന്ദു & അശോക്"മൂവീസ്" റിലീസ്"

പ്രോശ്ല്യീയിൽ ഹേമാചൗധരി ജയഭാരതി

രുന്ന പാർട്ടിക്ക്" ഇപ്പോൾ വന്ന മാറ്റം" ഈ രീതിയിലുള്ള അഭിപ്രായങ്ങൾ നാം രൂപീകരിക്കരുതു്". സമ്പത്തും സ്ഥാനമാനങ്ങളും വർദ്ധിക്കുന്നതിനോടൊപ്പം ജീവിതരീതികളിലും മാറ്റങ്ങൾ വരും, ഈ മാറ്റങ്ങളിൽ കൂട്ടാത്തവർ സന്യാസിമാരായിരിക്കാം. കട്ടുംകുപ്പി ആപ്പ ർജ്ജുസാക്കും, പട്ടച്ചാരായം സ്കോച്ചുവിസ്കിയാകും, അഞ്ചുരൂപ അഞ്ചുലക്ഷമാകും. മാറ്റങ്ങളിൽ ഈ രൂപപരിണാമം സാധാരണയാണു്. ഇതിനു" ആരെയും കുറ്റം പറയേണ്ടതില്ല. പ്രത്യേകിച്ചും വർണ്ണശബളിമയും ആർഭാടവുമേറിയ ചലച്ചിത്രരംഗത്തു്". ആസ്വാദകരും ആരാധകരും കൂടി സൃഷ്ടിക്കുന്ന സ്വർണ്ണക്കൂടിനുള്ളിൽ കിടന്നുപിടയുന്ന ഇവർക്ക്" ഈ ആർഭാടമെങ്കിലും വിട്ടുകൊടുക്കൂ, അവരുടെ സ്വാതന്ത്ര്യം നിങ്ങളുണ്ണുന്നുപ്പുപ്പുത്തുന്നതു്". ഈ സ്വാതന്ത്ര്യത്തെക്കുറിച്ചു് ഒരു ചെറുസംഭവം പറഞ്ഞൊട്ടെ തൃശ്ശൂരിലെ പ്രസിദ്ധമായ ഒരു ജൗളിക്കടയിൽ ഒരു സിനിമാനടി ചില സാരികൾ വാങ്ങാനായിച്ചെന്നു. ആരാധകർ ഇരച്ചുകയറി. ഒടുവിൽ ഉടുത്തിരുന്ന സാരി നഷ്ടപ്പെടാതെ അവൾ രക്ഷപ്പെട്ടു. താരങ്ങളെ കാഴ്"ചബംഗ്"ളാവുകളിലെ മൃഗങ്ങളെപ്പോലെ നോക്കിക്കാണണ്ണ നമുക്കു" അവരുടെ ആലങ്കാരികജീവിതത്തെ നോക്കിക്കാണണമെന്നു മാത്രം.

△▽

(57-ൽനിന്നും തുടർച്ച)

യും അക്ഷമരങ്ങളേയും മോൻ മതിക്കുവോളം മറക്കരുതു്". ചാക്കോ മാപ്പിള എല്ലാം വിശദമാക്കിത്തന്നു. ഞാൻ പരമരഹസ്യങ്ങളായി സൂക്ഷിച്ച പലതും നീ നല്ലപോലെ അറിഞ്ഞിരുന്നുവെന്നു് ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. പണം ക്രമത്തിലധികം കുമിഞ്ഞുകൂടുമ്പോൾ ഈ രഹസ്യങ്ങൾ അവയുടെ ഭാഗങ്ങളാകും മോനെ. ഇതിൽ ചിലരുടെ പേരും വിലാസവും എഴുതിയിട്ടുണ്ടു് മാസംതോറും അവർക്കുള്ള തുക കൃത്യമായി അയച്ചുകൊടുക്കണം. ഈ പണം പറ്റുന്ന കുടുംബം സ്വന്തം കാലിൽ നില്ക്കുന്നുള്ള അവസ്ഥ വരുമ്പോൾ തുക അയയ്ക്കുന്നതില്ല അതൊക്കെ നീ തീരുമാനിച്ചുകൊള്ളൂ."

ആ രഹസ്യഫയലിനുള്ളിൽ കേട്ട ഒരു വീടുമ്മലിൽ ലയിച്ചിരുന്ന ശാലിനസുന്ദരിയാണു" ഞാൻ....

(തുടരും)

—•—